ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

രാമങ്കരി ഗ്രാമപഞ്ചായത്ത്

വികസനമാർഗ്ഗരേഖ

41-6

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേയ്ക്ക്

രാമങ്കരി ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

ഭാരതത്തിന്റെ ആത്മാവ് ഗ്രാമീണരിൽ കുടികൊള്ളുന്നു
ഗാന്ധിജി



MAP OF RAMANKARY PANCHAYAT

INDEX	T/ROAD	G/ROAD	FOOT PATH	MAIN RIVER	BRANCH RIVER	BRIDGE	RICE	TEMPLE	CHURCH	OFFICE	BOUNDERY LINE	LONG BREAK

(N. T. S)

Sri. N. T. KUNJUPILLAI. PRAMPUZHAKARY

അധികാരം ജനങ്ങളിലേയ്ക്ക്

പ്രസിഡണ്ട്

സി.ജെ. ജോസഫ്

വൈസ് പ്രസിഡണ്ട്



എം.എം. ആന്റണി

ആദ്യത്തെ പ്രസിഡണ്ട്

ഐ. തോമസ് ഇല്ലിക്കൽ
(1954–1964)

വാർഡ് മെമ്പേഴ്സ്



സി. കെ. രവീന്ദ്രൻ
(സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ)



ബേബി ചെറിയാൻ



തോമസ് ജോസഫ്
ഇല്ലിക്കൽ

ഗീതാകുമാരി വിജയകുമാർ

എൽസമ്മ കുഞ്ഞച്ചൻ

വനജാ വിജയൻ



ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺസ്



R. രാജേന്ദ്രകുമാർ



P.G. അശോക്കുമാർ



T.R. രാജ്മോഹൻ



പ്രേംകുമാർ
(പഞ്ചായത്ത് സെക്രട്ടറി)



N. ശ്രീകുമാർ



ജോസഫ് ചേക്കോടൻ

ആശംസ

രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വികസന സെമിനാറിന് എല്ലാ വിജയവും ആശംസിക്കുന്നു. ഒന്നാതാം പദ്ധതി ജനകീയ പദ്ധതിയായി നാം നടപ്പാക്കുകയാണല്ലോ? അധികാരവികേന്ദ്രീകരണത്തിലൂന്നുന്ന ഒരു പ്രക്രിയ കൂടിയാവും അത്. ഓരോ ഗ്രാമത്തിനും അതാതിടത്ത് വികസനകാര്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കാനും നടപ്പാക്കാനും കഴിയും. ഇതിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ നിങ്ങൾക്ക് കഴിയട്ടെ

ഇ.കെ. നായനാർ
മുഖ്യമന്ത്രി

സന്ദേശം

രാമങ്കരി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിനോടനുബന്ധിച്ച് ഒരു വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനും പ്രസിദ്ധീകരിക്കുവാനും ഇതുവഴി സാധിക്കുമെന്നുറപ്പുണ്ട്. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ രാജ്യത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴിതെളിക്കും. ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

സുശീലാ ഗോപാലൻ

രാമങ്കരി പഞ്ചായത്ത് –പൊതുചിത്രം

ഗ്രാമപഞ്ചായത്തിന്റെ പേര്	രാമങ്കരി
ഗ്രേഡ്	A
ജില്ല	ആലപ്പുഴ
താലൂക്ക്	കുട്ടനാട്
ബ്ലോക്ക്	വെളിയനാട്
പാർലമെന്റ് മണ്ഡലം	ആലപ്പുഴ
അസംബ്ലി മണ്ഡലം	കുട്ടനാട്
ആകെ വാർഡുകൾ	8
ജനസംഖ്യ	14026
സ്ത്രീകൾ–പുരുഷന്മാർ	6997–7029
വിസ്തീർണ്ണം	16.17 ച.കി.മീ.
ജനങ്ങളുടെ മുഖ്യതൊഴിൽ	കൃഷി
പ്രധാന നദി	പമ്പയാർ
പ്രധാനവിളകൾ	നെല്ല്, തെങ്ങ്, വാഴ
സാക്ഷരത	100%
പഞ്ചായത്ത് നിലവിൽവന്ന് വർഷം	1952
പ്രസിഡണ്ട്	സി.ജെ. ജോസഫ്
വൈ. പ്രസിഡണ്ട്	എം.എം. ആന്റണി
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	സി.കെ. രവീന്ദ്രൻ
ഫോൺ	0477 – 706632

ഇതുവരെയുള്ള പ്രസിഡണ്ടുമാർ

ഐ. തോമസ് ഇല്ലിക്കൽ

സി.കെ. ജോസഫ് ചാമച്ചാപറമ്പിൽ

ജോസഫ് കുഞ്ഞ്

തങ്കച്ചൻ കണ്ണമ്പള്ളി

സി. അച്ചുതൻകുട്ടി നായർ

എം.എം. ആന്റണി

ലില്ലിക്കുട്ടി ജോൺ

പ്രസാദചന്ദ്രൻപിള്ള

തോമസ് ജോസഫ് ഇല്ലിക്കൽ

സി.ജെ. ജോസഫ് ചാമച്ചാപറമ്പിൽ

ഒരു വാക്ക്.....



നമ്മുടെ രാഷ്ട്രപിതാവായ മഹാനായ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ആശയത്തിന്റെ ആവിഷ്കാരമാണ് ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുക. എന്നാൽ ഈ ആശയം പൂർണ്ണമായി നടപ്പിലാക്കുവാൻ നീണ്ട 50 സംവത്സരങ്ങൾ കാത്തിരിക്കേണ്ടി വന്നു. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും കണ്ടെത്തിയിട്ടുള്ള പോരായ്മകൾ ഫലപ്രദമായി പരിഹരിക്കുക എന്നതാണ് ജനകീയാസൂത്രണത്തിൽ മുഖ്യമായും ലക്ഷ്യമാക്കുന്നത്. ജനപങ്കാളിത്വത്തോടും സഹകരണത്തോടും കൂടി അത് കൈവരിക്കാൻ കഴിയും എന്നാണ് എന്റെ വിശ്വാസം. അതിന് അർപ്പണമനോഭാവവും സത്യസന്ധവും നീതിപൂർവ്വവുമായ സമീപനവുമാണ് നമുക്കാവശ്യം.

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ, വർദ്ധിച്ച അധികാരങ്ങളും അവകാശങ്ങളുമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇന്നു നൽകിയിരിക്കുന്നത്. ഒരു ജനാതിപത്യഭരണക്രമം അംഗീകരിച്ച് നടപ്പിലാക്കിയിരിക്കുന്ന നമ്മുടെ രാജ്യത്ത്, ഭരണമാറ്റങ്ങൾ പലതുണ്ടായിട്ടും, അധികാര വികേന്ദ്രീകരണത്തിനായി നീണ്ട കാത്തിരുപ്പ് വേണ്ടിവന്നു. എങ്കിലും ഈ മാറ്റം ജനാധിപത്യം എന്ന ഭരണക്രമം കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നു.

ഭരണഘടനാമാറ്റത്തിലൂടെ പഞ്ചായത്തിനു ലഭിച്ചിട്ടുള്ള അധികാരപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ടും നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ ആശയും ആവശ്യവും ആഗ്രഹവും അഭിലാഷങ്ങളും വിലയിരുത്തിയും, നാടിന്റെ പുരോഗതി ലക്ഷ്യമാക്കിയും ആണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പൂർണ്ണമായും കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല. കാരണം, ഒട്ടേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും നമ്മുടെ പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി, അതു പൂർത്തീകരിക്കുവാൻ നടത്തിയിട്ടുള്ള എളിയ ശ്രമത്തിന്റെ ഫലമാണ് ഈ റിപ്പോർട്ട്. വികസന സെമിനാറിൽ അത്യാവശ്യം വേണ്ട ഭേതഗതികൾ ഇനിയും നമുക്ക് വരുത്തുവാനുള്ള അവസരവും ഉണ്ട്.

ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്തു ഭരണസമിതിയെ സഹായിച്ച D.R.Pമാർ, L.R.P.മാർ വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം നന്ദിയോടും ബഹുമാനത്തോടും കൂടി സ്മരിക്കുന്നു. കൂടാതെ ശ്രീ വാസുപ്പൻ, ശ്രീ എൻ.റ്റി. കുഞ്ഞുമോൻ, ശ്രീ കിഷോർകുമാർ, കുമാരി രേഖാ ഗോവിന്ദ്, കുമാരി ബിനു, കുമാരി സുമ എന്നിവരെ സ്നേഹത്തോടെ സ്മരിക്കുന്നു. മറ്റെല്ലാ വിധത്തിലും ഇതിനോടു സഹകരിച്ച മുഴുവൻപേർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് നിർത്തട്ടെ

സ്നേഹത്തോടെ,
സി.ജെ. ജോസഫ്
(പ്രസിഡണ്ട്, രാമങ്കരി ഗ്രാമപഞ്ചായത്ത്)



താളുകൾ മറിക്കുമ്പോൾ

ആമുഖം	19
ചരിത്രം	21
കൃഷി ജലസേചനം	25
മത്സ്യബന്ധനം മൃഗസംരക്ഷണം	35
വ്യവസായം	41
ഗതാഗതം ഊർജ്ജം മാർക്കറ്റ്	45
വിദ്യാഭ്യാസം	60
സംസ്ക്കാരം	68
കുടിവെള്ളം പൊതുജനാരോഗ്യം	73
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	80
പാർപ്പിടം സാമൂഹ്യക്ഷേമം	86
വനിതാ ക്ഷേമം	96
സഹകരണം	102
വിഭവസമാഹരണം	114



ആമുഖം

നൂറ്റാണ്ടുകളുടെ അടിമത്തത്തിൽ നിന്നും കൊളോണിയൽ സംസ്ക്കാരം ബ്രിട്ടീഷ് ആധിപത്യം ഇവയിൽ നിന്നും ഇന്ത്യ സ്വതന്ത്രയായിട്ട് അഞ്ച് പതിറ്റാണ്ടുകൾ തികഞ്ഞിരിക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ശ്രീ. പണ്ഡിറ്റ് ജവർഹർലാർ നെഹ്റു രാഷ്ട്രത്തോടായി തന്റെ ആദ്യത്തെ പ്രസംഗത്തിൽ ഇങ്ങനെ സൂചിപ്പിക്കുകയുണ്ടായി. "എല്ലാവർക്കും പാർപ്പിടം, എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും വിദ്യാഭ്യാസം" ഇതിനു മുൻതൂക്കം കൊടുത്തുകൊണ്ടാണ് പഞ്ചവത്സര പദ്ധതിക്ക് രൂപം കൊടുത്തതും നടപ്പിലാക്കിയതും ഈ കാലയളവിൽ ജനാധിപത്യ ഭരണ സംവിധാനത്തിൽ കീഴിൽ സാമ്പത്തിക ആസൂത്രണത്തിൽകൂടി നമ്മുടെ സമ്പദ്ഘടന കൂടുതൽ ബലപ്പെടുത്താൻ കഴിഞ്ഞു എന്നുള്ളതും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഏറ്റവും സുപ്രധാനങ്ങളായ നേട്ടങ്ങളാണ്. എന്നാൽ 90 കോടിയിലധികം വരുന്ന ഇന്ത്യയിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തിനും അവന്റെ അടിസ്ഥാന പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാതെ ഇന്നും നിൽക്കുകയാണ്. അനുഭവത്തിന്റെ വെളിച്ചത്തിൽ കേന്ദ്രീകൃത ഡിപ്പാർട്ടുമെന്റൽ പ്ലാനിംഗിന്റെ തകരാറാവാം ഇതിനു പ്രധാന കാരണം. അതിനാൽ വികസനത്തിന് ഒരു പുത്തൻ സംസ്ക്കാരം വേണമെന്നും നിലവിലുള്ള വികസനത്തിന്റെ അപര്യാപ്തത മനസ്സിലാക്കി കൂടുതൽ ജനപങ്കാളിത്തത്തോടുകൂടിയ വികേന്ദ്രീകൃത ആസൂത്രണത്തെ സമീപിക്കണമെന്ന് ജനങ്ങൾക്ക് കൂടുതൽ ബോധ്യപ്പെട്ടുക്കൊണ്ടിരിക്കുന്നു. ഇന്ത്യ വികസിക്കണമെങ്കിൽ ഗ്രാമങ്ങൾ വികസിക്കണം. ഇതു മനസ്സിലാക്കിയാണ് നമ്മുടെ ഭരണ ഘടനയുടെ 73, 74 വകുപ്പുകൾ ഭേദഗതി ചെയ്യുന്നത്. ഇതിന്റെ ഫലമായി നിയമ പ്രാബല്യത്തോടുകൂടി പ്രാദേശിക ഭരണകൂടങ്ങൾക്ക് സ്വന്തമായി പദ്ധതി ആവിഷ്ക്കരിക്കാനും നടപ്പിലാക്കുവാനും അവസരം കൈവന്നിരിക്കുകയാണ്. ഈ അനുകൂല കാലാവസ്ഥ ജന നന്മയ്ക്കായി പ്രയോജനപ്പെടുത്തു പ്രവർത്തനമാണ് കേരളത്തിലിന്ന് നടന്നുകൊ ണ്ടിരിക്കുന്നത്. ഈ പ്രവർത്തനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. അതുകൊണ്ടുതന്നെയാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി പൂർണ്ണമായും ജനകീയമായിത്തന്നെ നടപ്പിലാ ക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേരളത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ ലോക ശ്രദ്ധ തന്നെ പിടിച്ചു പറ്റിയുട്ടുള്ളവയാണ്.. ഇതിന്റെ ഫലമായി വളരെ താഴ്ന്ന ജീവിത നിലവാരത്തിൽ നിന്നും ഉയർന്ന സാമൂഹിക ജീവിത ഗുണമേന്മ കൈവരിക്കുവാൻ സാധിച്ചു. സാമൂഹ്യ ഇടപെടലുകൾ താരതമ്യേന മെച്ചപ്പെട്ട വരുമാന വിതരണം കൈവരിച്ചതും സർവ്വോപരി നല്ല നിലയിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനങ്ങൾ ഇവയെല്ലാം ഈ നേട്ടത്തിന്റെ പിന്നിലെ ചാലകശക്തികളാണ്. എന്നാൽ യാഥാർത്ഥ്യ ബോധമില്ലാതെയുള്ള വികസന മാതൃക നമുക്കൊരു ശാപമായി മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി ഉല്പാദനത്തിലും ഉല്പാദനക്ഷമ തയിലും വേണ്ടത്ര വളർച്ചാ നിരക്ക് കൈവരിക്കാൻ നമുക്ക് കഴിയാതെപോയി. തന്മൂലം സാമൂഹിക– വികസന രംഗങ്ങളിലെ നേട്ടങ്ങൾ ഓരോന്നും തകർന്നു കൊണ്ടിരിക്കുന്നു. അതിനാൽ വികസനം എന്ന വാക്കിന്റെ അർത്ഥത്തിലും മൂല്യശോ ഷണം സംഭവിച്ചു. ഇതു പരിഹരിക്കുവാനാണ് ജനപങ്കാളിത്തത്തോടു കൂടിയ വികേന്ദ്രീകൃത ആസൂത്രണം എന്ന പുതിയ ആശയത്തിന് നമ്മൾ രൂപം കൊടുത്തതും. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പിൽ ഇതു നടപ്പിലാ ക്കുവാൻ

തീരുമാനിച്ചതും. മേലെ തട്ടിൽ നിന്നുള്ള ആസൂത്രണം പലപ്പോഴും ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ ആവശ്യങ്ങളും, അഭിലാഷ ങ്ങളും മനസ്സിലാക്കാനോ, അവ പ്രയോഗത്തിൽ വരുത്തു വാനോ നമുക്ക് കഴിയാതെ പോയി. അതിനാൽ നടപ്പിലാ ക്കിയ പദ്ധതികളുടെ ഗുണമേന്മയും ഉപഭോക്താവിന്റെ സംതൃപ്തിയും അളക്കുവാനുള്ള യാതൊരു മാനദണ്ഡവും കേന്ദ്രീകൃത ഡിപ്പാർട്ട്മെന്റ് തലത്തിലില്ലായിരുന്നു. അതിനാൽ പദ്ധതിയുടെ ഉപഭോക്താവ് തന്നെ ആവശ്യ ങ്ങൾ ഉന്നയിക്കുകയും, അവയ്ക്ക് പരിഹാരം നിർദ്ദേശി ക്കുകയും അതനുസരിച്ച് വികസന പദ്ധതികൾ രൂപപ്പെടു ത്തുന്നതിലും അവ നടപ്പിലാക്കുന്നതിൽ പങ്കാളിയാ വുകയും ചെയ്യുന്നു. ഇത് ഇന്ത്യയിലെ മറ്റൊരു സംസ്ഥാന ത്തിലും നടപ്പിലാക്കാത്തതിനാൽ ലോകം മുഴുവൻ ഇതിന്റെ നടത്തിപ്പിലേക്ക് ഉറ്റുനോക്കുന്നു.

9–ാം പദ്ധതിയുടെ അടങ്കൽ തുക എത്രതന്നെ ആയാലും അതിന്റെ 40% പ്രാദേശിക ഭരണകൂടങ്ങൾക്ക് ലഭിക്കുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഇത് ഓരോ മേഖലകൾക്കും അവകാശപ്പെട്ടതാണ്. ഇതു കൂടാതെ ഗവൺമെന്റിന്റെ കൈവശമുള്ള 60% തുക കൊണ്ട് ചില വൻകിട പദ്ധതികൾ, സ്കീമുകൾ എന്നിവയും നമ്മുടെ സംസ്ഥാനത്തിൽ നടപ്പിലാക്കുന്നു. വികസനകാര്യത്തിൽ ഇന്നലെവരെയില്ലാതിരുന്ന കക്ഷിരാഷ്ട്രീയത്തിനതീതമായ ബഹുജനപങ്കാളിത്തം വികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടകളുടെ കൂട്ടായ ശ്രമദാനം ഉദ്യോഗസ്ഥതലത്തിൽ ജനസേവനത്തെ മുൻതിർത്തിയുള്ള അഴിച്ചുപണി ഇവയെല്ലാം തന്നെ പുതിയൊരു വികസന സംസ്ക്കാരത്തിനു രൂപം നൽകും. നമ്മുടെ പഞ്ചായത്തിന് മേൽനോട്ടത്തിൽ ലോക്കൽ റിസോഴ്സ് പേഴ്സൺന്റെ ഒന്നാം ഘട്ടത്തിലുള്ള പരിശീലനം 19–11–96ൽ നടന്നു. അതിനു ശേഷം നമ്മുടെ പഞ്ചായത്തിൽ എട്ടു വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയുണ്ടായി. മുൻപെങ്ങു മില്ലാത്ത ഒരു പുതിയ അനുഭവമായിരുന്നു ഇത്. ഗ്രാമസഭകളിൽ നിന്ന് ജനങ്ങൾ നിർദ്ദേശിച്ച ആവശ്യങ്ങളുടെ ക്രോഡീകരണം പഞ്ചായത്തോ ഫീസിൽവച്ച് 7–12–96ൽ നടത്തുകയുണ്ടായി. അതിനെതുടർന്നുള്ള സെൻസസ് പ്രവർത്തനവും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടത്തിയിട്ടുള്ള പഠനപര്യടനവും തുടർന്നു നടത്തി സെക്കന്ററി ഡേറ്റാകളക്ഷനും മറ്റും സെമിനാറിന്റെ നടത്തി പ്പിന് ആക്കം കൂട്ടുകയുണ്ടായി. ഗ്രാമസഭകളിൽ ഉയർന്നു വന്ന ജനകീയ ആവശ്യങ്ങളിലൂടെ വികസന മേഖലകളെ കണ്ടെത്തി അവയെ വിശകലനം ചെയ്തുകൊണ്ടാണ് പഞ്ചായത്തിന്റെ വികസനരേഖയ്ക്ക് രൂപം കൊടുത്തി ട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റിയും വളരെയധികം ജനകീയാസൂത്രണ പ്രവർത്തകരും ഈ വികസന രേഖ തയ്യാറാക്കുവാൻ സഹായിച്ചിട്ടുണ്ട്.



ചരിത്രം

വളളങ്ങളുടെ നാട്. വെളളത്തിന്റെ നാട്. ഇതു രണ്ടുമായി വേർതിരിക്കുവാൻ നമുക്ക് ഇന്നും സാധ്യമല്ല. പരശുരാമൻ മഴുവെറിഞ്ഞ് കേരളം സൃഷ്ടിച്ചതായി ഐതീഹ്യം പറയുന്നു. എന്നാൽ രാമങ്കരിയുടെ ചരിത്രത്തിലേയ്ക്ക് എത്രദൂരംയാത്ര ചെയ്താലും ചരിത്രസത്യങ്ങൾ ഒന്നും തന്നെ ആധികാരികരേഖയായി സ്വീകരിക്കുവാൻ കഴിയുന്നതല്ല. അതിനാൽ ചിലപ്പോൾ പഴമൊഴിയിലേയ്ക്ക് തിരിയേണ്ടിവരും. എന്നാൽ വെളിച്ചം വീശുന്ന പഴമൊഴി ഒന്നും തന്നെ ആതികാരികരേകയായി സ്വീകരിക്കുവാൻ കഴിയുന്നില്ല. അതിനാൽ ചിലപ്പോൾ കേട്ടറിവിനെയും നാട്ടറിവുകളെയും ആശ്രയിക്കുകയേ നിവർത്തിയുളളു. വെളളത്താൽ ചുറ്റപ്പെട്ട കേശവൃക്ഷം സമൃദ്ധിയായി വളരുന്ന സമുദ്രനിരപ്പിനു താഴെ സ്ഥിതി ചെയ്യുന്ന ഒരു കൊചു ഗ്രാമമാണ് രാമങ്കരി.

നിരവധി സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം ഈ ഗ്രാമത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സഹായക രമായിട്ടുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുൻപ് രാമങ്കരിയും കുട്ടനാട് പ്രദേശവും മുഴുവനായും വനനിബിഡമായിരുന്നതായി പറയപ്പെടുന്നു. കടലിന്റെ പിന്മാറ്റത്തോടുകൂടിയാണ് വനപ്രദേശമായി മാറിയത്. പ്രകൃതിക്ഷോഭത്താൽ നിരവധി ജീവജാലങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പ്രകൃതി സമ്പത്തും ജലത്തിനടിയിൽ ആകുകയും ചെയ്തു. മേൽമണ്ണിനടിയിൽ കാണുന്ന കരിപുരണ്ട അവശിഷ്ടങ്ങൾ ഇതിനൊരു തെളിവായി നമുക്ക് സ്വീകരിക്കാം. കരിനിലങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള കാണ്ടാമരങ്ങളും

മണ്ണിനടിയിൽ നിന്നും ലഭിച്ചിട്ടുള്ള കടൽകക്കകളുടെ അവശിഷ്ടങ്ങളും മുൻപ് കടലായും കാടായും നിലനിന്നിരുന്നു എന്നതിന് പ്രധാനതെളിവായി മനസ്സിലാക്കാം. കരിനിലങ്ങളുമായി ബന്ധപ്പെട്ടാണ് കരിയിൽ അവസാനിക്കുന്ന പേരുകൾ കുട്ടനാട്ടിൽ പലയിടത്തും ഉണ്ടായിരുന്നത്. ഇതിന്റെ ഭാഗമായാണ് രാമങ്കരിയും ഉണ്ടായതായി കരുതപ്പെടുന്നു. ചരിത്രപ്രസിദ്ധമായ പമ്പാനദിയുടെ കൈവഴികളും അതിന്റെ ഉപശാഖകളും നാട്ടുതോടുകളും കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ പഞ്ചായത്ത്. കരിയിൽ അവസാനിക്കുന്ന ഏറ്റവും കൂടുതൽ കരയുള്ള പഞ്ചായ ത്താണ് രാമങ്കരി.

നിരവധി ഐതീഹങ്ങളും ചരിത്രസത്യ ങ്ങളും ഒക്കെചേർന്ന് നിരവധി കഥകൾ പറയുവാനുണ്ട്. ജന്മിത്വവും നാടുവാഴിത്വവും രാജഭരണകാലത്ത് നില നിന്നിരുന്നു.

പഴമയുടെ സുവർണ്ണകാലഘട്ടത്തെ ഓർമ്മിപ്പി ക്കുന്ന നിരവധി ചരിത്രപ്രാധാന്യം ഉണ്ടായിരുന്ന അനവധി കടുംബങ്ങൾ രാമങ്കരിയിൽ ഉണ്ടായിരുന്നു. എന്നാൽ ചില പ്രസിദ്ധമായ കുടുംബങ്ങളോട നുബന്ധിച്ച് നിലനിന്നിരുന്ന ആചാരങ്ങളും അനാചാരങ്ങളും അനുഷ്ടാനുങ്ങളും അക്കാലത്ത് ഉണ്ടായിരുന്നതായി കേട്ടറിവുണ്ട്. രാജഭരണം നിലനിന്നിരുന്ന കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്ന ബാലരാമവർമ്മ തമ്പുരാൻ ചില കുടുംബങ്ങൾക്ക് പ്രത്യേക അധികാരങ്ങൾ നൽകിയിരുന്നതായി പറയപ്പെടുന്നു. അക്കൂട്ടത്തിൽപ്പെടുന്ന ഒരു കുടുംബമായിരുന്നു. മാമ്പുഴക്കരിയിലെ വലിയവീട്. ഗ്രാമവാസികളുടെ പരാതികളും അവയ്ക്ക് പരിഹാരം കാണുന്നതിനോ ടൊപ്പംതന്നെ ഈ അധികാരത്തിന്റെ മറവിൽ നടത്തി കൂട്ടിയ താന്തോന്നിത്തങ്ങൾക്ക് ഇരയായിട്ടുള്ളവരും ജീവിച്ചിരുന്നു. ഇതിനെല്ലാം മൂകസാക്ഷിയായി അഞ്ചീശ്വ ക്ഷേത്രം മാത്രമാണ് ഇന്നും നിലനിൽക്കുന്നത്. വധശിക്ഷ വിധിക്കുവാൻപോലും അധികാരം ഉണ്ടായിരുന്ന മറ്റൊരു നായർ തറവാടായിരുന്നു രാമങ്കരിയിലെ കാരാഞ്ചേരിയിൽ നായർ തറവാട്.

ആയോധനകലകളും നാടൻ കളരികളും ഒരു കാലത്ത് നമ്മുടെ ഗ്രാമത്തിൽ ധാരാളം ഉണ്ടായിരുന്നു. ഇതിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമായിരുന്നു വേഴപ്ര പഴുതിയിലെ പടനിലം–അധസ്ഥിതജനവിഭാഗം നടത്തിവന്ന ഇത്. തുടക്കത്തിൽ ഒരു വിനോദോപാധി ആയിരുന്നെങ്കിലും പിന്നീട് കരക്കാർ തമ്മിലുള്ള മത്സരമായി വളർന്നു. ഈ മത്സരത്തിനിടയിൽ അധസ്ഥിതവിഭാഗങ്ങൾ പരസ്പരം വെട്ടിമരിക്കുന്നത് കണ്ട് ആസ്വദിക്കുവാൻ രാജപ്രതിനിധികൾ വന്നിരു ന്നതായി ചരിത്രസൂചനകളിൽ കാണാം. മുന്നോക്ക സമുദായങ്ങളിൽപ്പെട്ടിരുന്നവർ ഈ വഴിയുള്ള യാത്ര ഈ അവസരങ്ങളിൽ ഒഴിവാക്കിയിരുന്നു. കവണി കെട്ടിയേറും വാളും പരിചയും കൊണ്ടുള്ള യുദ്ധവും ഈ മൃഗീയ വിനോദങ്ങളിൽപ്പെട്ടിരുന്നു. ഒരുപക്ഷെ കുട്ടനാട്ടിൽ മറ്റൊരു പഞ്ചായത്തിലും ഇത്തര ത്തിലൊരു ഹീനവിനോദ ഉപാധി നടന്നിരുന്നതായി കേട്ടറിവില്ല. (ഇതിന്റെ ഓർമ്മ എന്ന നിലയിൽ എല്ലാ വർഷവും–ആയില്യം–മകം നാളുകളിൽ ഇവിടെ ഉത്സവം നടക്കാറുണ്ട്.

വിവധ സമുദായങ്ങളുടെ ആചാരാനുഷ്ടാന ങ്ങൾക്ക് പേരുകേട്ട നമ്മുടെ ഗ്രാമത്തിൽ മത സൗഹാർദ്ധം തകർക്കുന്ന അവസരം ഉണ്ടായിട്ടില്ല എന്നുള്ളത് വളരെ അഭിമാനകരമായ യാഥാർ ത്ഥ്യമാണ്.

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകങ്ങ ളായി നിരവധി ക്ഷേത്രങ്ങൾ, പള്ളികൾ നമ്മുടെ ഗ്രാമത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്നു. ക്രിസ്തീയ ദേവാലയങ്ങളായ പുതുക്കരി സെന്റ് സേവ്യേഴ്സ് ചർച്ച്, വേഴപ്ര സെന്റ് പോൾസ് ചർച്ച്, മാമ്പുഴക്കരി ലൂർദ്ദ്മാതാ ചർച്ച്, പള്ളിക്കൂടുമ്മ ഫാത്തിമാമാതാ ചർച്ച്, മണലാടി സെന്റ് മേരീസ് ചർച്ച് എന്നിവയും കൂടാതെ യാക്കോബായ സമുദായത്തിന്റെ ഏക ദേവാലയമായ സെന്റ് ജോർജ്ജ് പള്ളിയും നമ്മുടെ ഗ്രാമത്തിലുണ്ട്. സാൽവേഷൻ ആർമി, പെന്തക്കോസ്തുമിഷൻ, മാർത്തോമാ സഭ എന്നിവയുടെ പ്രവർത്തനവും ആരാധനയും നടന്നുവരുന്നു. വേഴപ്രപള്ളി സ്ഥാപിതമായത് 1899 ധനു മാസം നാലാം തീയതിയാണ്. രാമങ്കരി സെന്റ് ജോസഫ് ചർച്ചിൽ ആണ്ടുതോറും നടന്നുവരുന്ന നേർച്ചസദ്യയിൽ നാനാജാതി മതസ്ഥരായ നിരവധി ഭക്തജനങ്ങൾ പങ്കെടുത്തുവരുന്നു. പുതുക്കരി പള്ളിയാണ് ക്രിസ്തീയദേവാലയങ്ങളിൽ ഏറ്റവും പഴക്കം ചെന്നത്. ഹൈന്ദവ ക്ഷേത്രങ്ങളിൽ ഊരിക്കരി ധർമ്മശാസ്താ



ക്ഷേത്രവും വേഴപ്ര മേജർ ഭഗവതി ക്ഷേത്രവും രാമങ്കരി ധർമ്മശാസ്താക്ഷേത്രവും കുന്നങ്കരിക്കളം ഭഗവതീക്ഷേത്രവും മണലാടി ക്ഷേത്രവും അഞ്ചീശ്വര ക്ഷേത്രവും കൂടാതെ കുടുംബക്ഷേത്രങ്ങളായ മുളപ്പാമടവും വേഴപ്ര ശക്തിപറമ്പ് ക്ഷേത്രവുമാണ്. ഇതിൽ ഏറ്റവും പഴക്കമുള്ള ക്ഷേത്രം ഊരിക്കരി ധർമ്മശാസ്താ ക്ഷേത്രമാണ്. നിരവധി ആചാരങ്ങളും അനുഷ്ഠാനുങ്ങളും ക്ഷേത്രത്തോട നുബന്ധിച്ച് നടന്നിട്ടുള്ളതായി കാണാം. പണ്ടു കാലത്ത് ഉത്സവത്തോടനുബന്ധിച്ച് വില്ലുപൂട്ട് എന്നൊരു ചടങ്ങ് വളരെ പ്രസിദ്ധമായിരുന്നു. പ്രസിദ്ധമായ മറ്റൊരു ക്ഷേത്രമാണ് വേഴപ്ര ഭഗവതിക്ഷേത്രം. പണ്ടുകാലത്ത് ഊരിക്കരി ധർമ്മശാസ്താക്ഷേത്രത്തിലെ ഉത്സവത്തോട നുബന്ധിച്ചുള്ള ആറാട്ടുവേളയിൽ എഴുന്നള്ളത്തു സമയത്ത് ദേവീവിഗ്രഹം തിരികെ ക്ഷേത്രത്തിലെത്തിക്കാതെ നേരെ വേഴപ്രായിലേയക്ക് കൊണ്ടുപോരുകയും പിന്നീട് വേഴപ്രക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചതായും ഐതീഹ്യമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിയിപ്പെടുന്നവരുടെ വക ഏക ആരാധനാലയമാണ് കുന്നങ്കരിക്കളം ഭഗവതിക്ഷേത്രം. വളരെ പ്രസിദ്ധമായ ഈ ക്ഷേത്രത്തിൽ പണ്ടു ഉത്സവത്തോടനുബന്ധിച്ച് ആട്, കോഴി മുതലായവയെ ഗുരുസി കഴിക്കുന്ന പതിവുണ്ടായിരുന്നു. ഉത്സവവേളയിൽ മുടിവച്ചു തുള്ളൽ, കളമെഴുത്തും പാട്ടും മുതല്പായ ആചാരങ്ങൾ നടത്തിവന്നിരുന്നു. ഇതിന്റെ ഉപശാഖയായി വേഴപ്ര കണ്ണാട്ടുതറയിൽ മറ്റൊരു പ്രതിഷ്ഠകൂടിയുണ്ട്. അനാചാരവും അയിത്തം എന്നീ പ്രാചീന ആചാരങ്ങളും നമ്മുടെ ഗ്രാമത്തിലും പണ്ട് നിലനിന്നിരുന്നു. താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് വഴി നടക്കുന്നതിനോ വിദ്യാഭ്യാസം ലഭിക്കുന്നതിനോ അവസരം നിക്ഷേധിച്ചിരുന്നു അതിനാൽ ചില പ്രദേശങ്ങളിൽ ചില പ്രത്യേക സമുദായങ്ങൾ കേന്ദ്രീകരിക്കാൻ ഇടയാക്കി. തങ്ങളുടെ ഇഷ്ടദൈവങ്ങളെ ആരാധിക്കുവാൻ താഴ്ന്ന സമുദായത്തിൽപ്പെട്ടവർക്ക് വിലക്കു കല്പിച്ചിരുന്നു. ഇതിനെല്ലാം മാറ്റം വന്നത് ചരിത്രപ്രസിദ്ധമായ ക്ഷേത്ര പ്രവേശന വിളമ്പരത്തിലൂടെയാണ്. തൊട്ടുകൂടാത്തവരെയും തീണ്ടികൂടാത്തവരെയും അകറ്റി നിർത്തിയ സന്ധർഭത്തിൽ അവർക്ക് താങ്ങും തണലുമായി നിലകൊണ്ടത് സാമൂഹ്യ പരിഷ്കർത്താക്കളായ ശ്രീനാരായണഗുരുസ്വാമിയുടെയും ശ്രീ അയ്യങ്കാളിയുടെയും പ്രബോധനങ്ങളും പ്രവർത്തനങ്ങളുമാണ്. ഗുരുസ്വാമിയുടെ കുട്ടനാട് സന്ദർശനവേളയിൽ വേഴപ്രയിലെ ശക്തിപറമ്പ് ക്ഷേത്രത്തിലെത്തി ശിവന്റെ ഫോട്ടോ പ്രതിഷ്ഠിച്ചതായും രേഖയുണ്ട്. പ്രസ്തുത ഫോട്ടോ ഇന്നും കേടുകൂടാതെ നിലനിൽക്കുന്നു. ആ യാത്രാ വേളയിൽ രാമങ്കരിയിലെ കോന്ത്യാപറമ്പിൽ ശ്രീ എബ്രഹാമിന്റെ വീട്ടിൽ അല്പനേരം വിശ്രമിക്കുകയും ചെയ്തതായി ചരിത്രരേഖയുണ്ട്. സ്വാമി വിശ്രമിക്കാൻ ഉപയോഗിച്ച കസേര ശാരദാമഠത്തിലേയ്ക്ക് കൊണ്ടുപോയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

അധഃസ്ഥിതിവർഗ്ഗത്തിന്റെ പോരാളിയായ അയ്യൻകാളി പഴുതി പടനിലം സന്ദർശിച്ചതായി രേഖയുണ്ട്. രാമങ്കരി യിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് ഊരിക്കരിയിൽ എത്തിയ അയ്യൻകാളിക്ക് ഗാന്ധിയനും സ്വാതന്ത്ര്യസമര സേനാനിയും നമ്പൂതിരിയുമായ നാരായണൻജിയുടെ ഇല്ലത്തിൽ വിളിച്ചുവരുത്തി ഉച്ചഭക്ഷണം നല്കുകയു ണ്ടായി. അയിത്തം നിലനിന്നിരുന്ന കാലത്ത് നമ്പൂതിരി ഇല്ലത്തിൽ വിളിച്ചുവരുത്തി ഭക്ഷണം നൽകിയത് വിപ്ലവകരമായ സാമൂഹികമുന്നേറ്റമായി കണക്കാക്കാ വുന്നതാണ്.

നിരവധി മഹാന്മാർക്ക് ജന്മം നൽകിയ നമ്മുടെ ഗ്രാമത്തിന് ഇനിയും നിരവധി കഥകൾ പറയുവാനുണ്ട്. മാമ്പുഴക്കരിയിൽ ജനിച്ചുവളർന്ന് ബാല്യകാലം പിന്നിട്ടശേഷം ഗുരുദേവ ആദർശങ്ങളിൽ മുഴുകുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്ത വ്യക്തിയാണ് ശ്രീ സത്യവ്യതസ്വാമികൾ. അയ്യപ്പൻപിള്ളയുടെ സത്യനിഷ്ഠയിൽ ആകൃഷ്ടനായി ഗുരുസ്വാമി തന്നെയാണ് അദ്ദേഹത്തിന് സത്യവ്യതൻ എന്ന് നാമകരണം ചെയ്ത്. സ്വാമി സത്യവ്യതന്റെ ഓർമ്മയ്ക്കായി എ.സി. റോഡ് സൈഡിൽ സ്വാമിസത്യവ്യത സ്മാരകം നിലകൊള്ളുന്നു. ഗുരുദേവ മന്ദിരങ്ങൾ സ്മാരകങ്ങൾ ഒക്കെ തന്നെയും നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സന്ദേശങ്ങളായി നിലകൊള്ളുന്നു. നിരവധി സാംസ്കാരിക സാഹിത്യപ്രവർത്തകർക്കും ജന്മം നൽകുവാൻ നമ്മുടെ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രമുഖനാണ് നാഗവള്ളി ആർ.എസ്. കുറപ്പ്. ഈ നൂറ്റാണ്ടിലെ ആരംഭകാലത്ത് ഇവിടെ സാമുദായിക സംഘടനകളുടെ പ്രവർത്തനം വളരെ സജീവവും



മാതൃകാപരവും ആയിരുന്നു. ശ്രീ നാരായണ ഗുരുവിന്റെയും, അയ്യങ്കളായുടെയും സന്ദർശനം സാമൂഹിക മാറ്റത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ ഉദ്ദീപിപ്പിച്ചു.

1938മുതൽ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും തുടക്കം കുറിക്കുകയുണ്ടായി. തുടർന്നു നടന്ന ദേശീയ സമരത്തിനും, ക്വിറ്റ്ഇന്ത്യാസമരത്തിനു് നമിരവധി ആളുകൾ പങ്കെടുക്കുകയുണ്ടായി. അതിൽ കെ.എം. കോര, സി.കെ. ജോസഫ്, നാരായണർജി മുതലായവർ ഉൾപ്പെടുന്നു. ഇതിൽ കെ.എം.കോര പിന്നീട് മന്ത്രിയാകുകയുണ്ടായി. 1982ഓടുകൂടി കോൺ ഗ്രസിലെ സോഷ്യലിസ്റ്റ് ചിന്താഗതി ശക്തമാകുകയും ഇതേകാലയളവിൽ നമ്മുടെ ഗ്രാമത്തിൽ ട്രേഡ്യൂണിയൻ പ്രവർത്തനം ശക്തമാകുകയും ചെയ്തു. ഇതിന്റെ ഭാഗമായി കർഷകതൊഴിലാളി കളെയും കർഷകരെയും സംഘടിപ്പിക്കുന്നതിനും അടിമത്വത്തിനെതിരെ പുതിയ ചിന്താഗതികൾ രൂപപ്പെട്ടു തുടുങ്ങി. കർഷകതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവർക്ക് നേതൃത്വം നൽകുന്നതിനും മുൻപന്തിയിൽ നിന്നവരുടെ കൂട്ടത്തിൽ വി.എസ്. അച്ച്യുതാനന്ദൻ, എസ്.കെ. ദാസ്, ടി.കെ മാധവൻ, വർഗീസ് വൈദ്യൻ മുതലായവർ ഉൾപ്പെടുന്നു. ഉദയം മുതൽ അസ്തമനം വരെ പാടത്തും പറമ്പിലും പണിചെയ്താൽ അന്ന് കിട്ടുന്ന കൂലി ഒരു കൂലിയാൻ നെല്ലായിരുന്നു. കർഷകതൊഴിലാളികളുടെ ജീവിതത്തെയും അന്നത്തെ സമയനിഷ്ടയെയും കുറിച്ച് പ്രശസ്ത നോവലിസ്റ്റ് കാവാലം വിശ്വനാഥകുറുപ്പ് തന്റെ 'രാമായണം കൊത്തിയ വള' എന്ന കവിതയിൽ ഇങ്ങനെ കുറി ക്കുകയുണ്ടായി.

ആദിത്യൻ കതിരുകണ്ടേ തിന്തിനന്താരാ.....
അവളൊരു ഞാറെടുത്തേതിന്തിനന്താരാ....
ചന്ദീരൻ കതിരുകണ്ടേ തിന്തിനന്തരാ.....
അവളങ്ങു കേറിപോകും തിന്തിനന്താരാ.....

ഇതിനൊരു മാറ്റം കൈവന്നത് 1951ലെ ഭൂപരിഷ്ക രണ നിയമത്തിലൂടെയായിരുന്നു. ഇതിൻരെ ഫലമായി പിറന്നു വീണ മണ്ണിൽ മരിച്ചുവീണാൽ ധൈര്യമായി കുഴിച്ചിടാം എന്നൊരവസ്ഥയുണ്ടായി. നമ്മുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മണ്ഡലത്തിൽ വിപ്ലവകരമായ രംഗം കുറിച്ചു.

ഇന്നത്തെ ജനകീയാസൂത്രണ പ്രസ്ഥാനം തുടങ്ങുന്നതിന് 40 വർഷങ്ങൾക്കു മുൻപ് നമ്മുടെ പഞ്ചായത്തിൽ ഇതിന് തുടക്കം കുറിക്കുകയുണ്ടായി. വേഴപ്ര പരുത്തിപറമ്പിൽ ഗോപിദാസിന്റെ വീടിനു മുമ്പിലുള്ള നാട്ടുതോടുമുതൽ ഊരിക്കരിയിലെയ്ക്ക് ഒറ്റ രാത്രികൊണ്ട് ഉദ്ദേശം 600 മീറ്റർ നീളവു് 20 അടി വീതിയുമുള്ള ഒരു തോടിന്റെ നിർമ്മാണം നാട്ടുകാർ പൂർത്തീകരിച്ചു എന്നുള്ളത് ഇന്നും നാം മാതൃകയാക്കേണ്ടതാണ്.

കൃഷിയും ജലസേചനവും

കൃഷിഭൂമി ചുരുക്കം വ്യക്തികളിൽ കേന്ദ്രീകരിച്ചിരുന്ന അവസ്ഥയ്ക്ക് കാതലായ മാറ്റമുണ്ടായിട്ടുണ്ട്. കൃഷി ലാഭകരമല്ല എന്ന തരത്തിലുള്ള ശക്തമായ പ്രചരണം വ്യാപകമായി നടന്നുവരുന്നു. ഇതിൻ ഫലമായി പരമ്പരാഗത കൃഷിക്കാർ പലരും ഈ രംഗത്തുനിന്നും മറ്റു മേഖലകളിലേയ്ക്ക് കുടിയേറ്റം നടത്തിയതായി കാണുവാൻ കഴിയും.

കടലിൽ നിന്നും താഴ്ന്ന ഭൂപ്രദേശമാണ് രാമങ്കരി പഞ്ചായത്ത്. ആദ്യകാലത്ത് കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നത് കുഞ്ഞത്തിക്കിര, തിരിഞ്ഞവെളള, കൊച്ചുവിത്ത് സയാൻ, ചെമ്പാവ്, ആര്യൻ തുടങ്ങിയ വിത്തിനങ്ങളാണ്. നിലം വറ്റിക്കുന്നതിന് ചക്രമാണ് കൃഷിക്കാർ ഉപയോഗപ്പെടുത്തിയിരുന്നത്. എട്ടിലചക്രം മുതൽ ഇരുപത്തിനാലില ചക്രം വരെ ഉപയോഗിച്ചിരുന്നു. അന്ന് നാഴിക, വിനാഴിക കണക്കുകൂട്ടി തവണയ്ക്കാണ് ചക്രം ചവിട്ടിയിരുന്നത്.– പെരുമീൻ ഉദിക്കുന്നതും, ചന്ദ്രന്റെ ഭാവപകർച്ച നോക്കിയുമാണ് സമയം നിശ്ചയിച്ചിരുന്നത്. തുടർന്ന് വൈദ്യുതി എത്തിച്ചേർന്നതോടുകൂടി മോട്ടോർ ഉപയോഗിച്ചു തുടങ്ങി.

നെല്ലിൽ നിന്നും പുഴുക്കളെ നീക്കം ചെയ്യുന്നതിന് ഉണ്ടായിരുന്ന മാർഗ്ഗങ്ങൾ പുഴുകൊട്ട കൊണ്ട് പുഴുവേറ് എന്ന സംവിധാനവും കുറ്റിച്ചൂലിന് അടിച്ചുനീക്കുക എന്ന മാർഗ്ഗവുമായിരുന്നു. വിത്ത് കിളിർപ്പിക്കുന്നതിന് വിത്ത് വട്ടി എന്ന ഉപകരണം ഉപയോഗത്തിലുണ്ടായിരുന്നു. അന്ന് രണ്ടും മൂന്നും വർഷത്തിൽ ഒരിക്കൽ മാത്രമാണ് കൃഷി ചെയ്തിരുന്നത്. ഉഴവുരംഗത്ത് മരകലപ്പയ്ക്കുപകരം ഇരുമ്പു കലപ്പയും ബോസ് കലപ്പയും രംഗത്തുവന്നു. ഇതോടൊപ്പം തൈച്ചോങ്ങ്, IR8 തുടങ്ങിയ ഉല്പാദനശേഷി കൂടിയ വിത്തിനങ്ങളും നിലവിൽ വന്നു. വൈദ്യുതിയുടെ ലഭ്യത വർദ്ധിച്ചപ്പോൾ കൂടുതൽ മോട്ടോർ തറകൾ സ്ഥാപിച്ച് വേഗം വെള്ളം വറ്റിക്കുന്നതിനും ഒരുപൂവിൽനിന്നും ഇരിപ്പുകൃഷിയിലേയ്ക്ക് നീങ്ങുന്നതിനും കഴിഞ്ഞു. ഇതോടുകൂടി നിലം ഉഴുന്നതിന് ട്രില്ലർ, ട്രാക്ടർ തുടങ്ങിയവയും, മെതിയെന്ത്രവും പാറ്റുമിഷ്യനും നിലവിൽ

വന്നു. യന്ത്രവൽക്കരണവും ആധുനിക കൃഷി സംബ്രദായവും നിലവിൽ വന്നതോടുകൂടി 10–15 മേനിയിൽ നിന്നും 30–35 മേനിയിലേയ്ക്ക് വർദ്ധന ഉണ്ടായി. ഭൂപരിഷ്കാരം നടപ്പായതോടുകൂടി ഭൂഉടമാ ബന്ധങ്ങളിൽ കാതലായ മാറ്റമുണ്ടായി, ഇത് സാമ്പത്തികരംഗത്തും മാറ്റത്തിന്റെ നാന്ദി കുറിച്ചു.

പകലന്തിയോളം പണിയെടുത്തിരുന്ന മറുത്തുപറയുവാൻ അവകാശം ഇല്ലായിരുന്ന അടിയാന്മാരായിരുന്നു ആദ്യകാല തൊഴിലാളികൾ. വൻകിട ഭൂഉടമകൾക്കുവേണ്ടി സ്ഥിരമായി സ്ത്രീയും–പുരുഷനും ഉൾപ്പെട്ട ഒരുപറ്റം തൊഴിലാളികൾ ജന്മിമാരുടെ അടിമകളായി വേലയെടുത്തിരുന്നു. ദിവസം 12–14 മണിക്കൂർ വരെ തൊഴിലാളികൾ ജോലിയെടുത്തിരുന്നു. കൂലി ആകട്ടെ ഒന്നിനും തികഞ്ഞിരുന്നില്ല.

കാർഷികരംഗത്തുണ്ടായ വളർച്ചയോടൊപ്പംതന്നെ നിരവധി പ്രശ്നങ്ങളും ഈ രംഗത്ത് ഉയർന്നു വന്നു. പ്രധാനപ്പെട്ടത് കൃഷിഭൂമിയുടെ വിസ്തൃതിയിൽ നിന്നു ഗണ്യമായ കുറവ് ഇപ്പോൾ ഉണ്ടായതാണ്. കൃഷിഭൂമി നികത്തൽ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

പ്രധാനപ്പെട്ട വിളയിനങ്ങൾ

പ്രധാന കൃഷികൾ നെൽകൃഷിയും, തെങ്ങ്, വാഴ, കപ്പ, പച്ചക്കറികൾ തുടങ്ങിയവയുമാണ്. റബ്ബർ പുതുതായി നടത്തുന്ന കൃഷിയിനമാണ്. മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളുമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 42 പാടശേഖരങ്ങളിലായി 970.727 ഹെക്ടർ സ്ഥലത്താണ് നെൽ കൃഷി നടത്തുന്നത്. ഇത്രയും സ്ഥലത്തായി 1407 നെൽകൃഷിക്കാരുണ്ട്.

തെങ്ങുകൃഷി

പഴയകാലവുമായി താരതമ്യം ചെയ്താൽ ഇപ്പോൾ തെങ്ങുകൃഷി എണ്ണത്തിൽ കൂടുതലാണെന്നു കാണാം. എന്നാൽ ഉല്പാദനത്തിൽ വന്നിട്ടുള്ള കുറവ് പരിശോധനാവിധേയമാക്കേണ്ടതാണ്.

നിരന്തരമായി തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ മണ്ണിന്റെ തരം പരിശോധിച്ച് ഫലപ്രദമായ പ്രതിവിധി കാണാൻ കഴിയാതിരുന്നത്, രാസവളത്തിന്റെ അമിത ഉപയോഗം ഉവയെല്ലാം തെങ്ങിനെയും, ഉല്പാദനത്തെയും പ്രതികൂലമായി ബാധിച്ച ഘടകങ്ങളാണ്.

പുത്തൻ നാണ്യവിള എന്നു വിശേഷിപ്പിക്കാവുന്ന റബ്ബറിന്റെ വരവ് ആശാവഹമായ മാറ്റമാണ്. നമുക്ക് പരിചിതമല്ലാത്ത റബ്ബർകൃഷിയിൽ കൂടുതൽ അറിവും പ്രോത്സാഹനവും നേടേണ്ടതുണ്ട്. കുട്ടനാട്ടിൽ റബ്ബർകൃഷി ചെയ്യുന്ന രണ്ടു പഞ്ചായത്തിൽ ഒന്ന് രാമങ്കരി ആണ്. ബഹുരാഷ്ട്രകുത്തക കമ്പനികളുടെ പ്രചരണത്തിൽ കുടുങ്ങി അവർ നിർദ്ദേശിക്കുന്ന വിള കൃഷി ചെയ്യുകയും വമ്പിച്ച സാമ്പത്തിക നഷ്ടം നേരിടേണ്ടി വരികയും ചെയ്തവരാണ് നമ്മൾ (ഉദാ. കൊക്കോ). ബഹുരാഷ്ട്ര പ്രചരണത്തിൽ കുടുങ്ങാതിരിക്കുവാനും ഇവർക്കെതിരെ ചിന്തിക്കുവാനും തയ്യാറാകുന്നതിലൂടെ ഈ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. 1952ൽ മാമ്പുഴക്കരിയിൽ ചണംകൃഷി നടത്തി പരാജയം വന്നിരുന്നു.

മലഞ്ചരക്ക് ഇനങ്ങളായ ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് തുടങ്ങിയവയും എള്ളുകൃഷിയും നമ്മുടെ നാട്ടിൽ പഴയ കാലത്ത് നടത്തിയിരുന്നു. ഇന്ന് ഇവയൊന്നും തന്നെ നിലവിലില്ല. ഇതിൽ നമുക്ക് വിജയകരമായി നടത്തുവാൻ കഴിയുന്ന ഇനങ്ങൾ വീണ്ടും ചെയ്യുവാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

പച്ചക്കറി കൃഷി

പച്ചക്കറി കൃഷിയ്ക്ക് നമ്മുടെ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്. നാം നിത്യേന ഉപയോഗിച്ചു വരുന്ന പച്ചക്കറിയുടെ കാര്യത്തിൽ നാം സ്വയംപര്യാപ്തത നേടേണ്ടതുണ്ട്. ഇതിനുവേണ്ടി അടുക്കളത്തോട്ടം, കൂട്ടായ പച്ചക്കറി കൃഷി ഇവ തുടങ്ങേണ്ടതാണ്.

മണ്ണിന്റെയും ജലസ്രോതസുകളുടെയും സ്വഭാവം കണക്കിലെടുത്ത് വിവിധതരം പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും അവ വിൽക്കുവാനായി സഹകരണസംഘങ്ങൾ രൂപീകരിച്ചും ഇവയിലൂടെ നൂതനമായ പച്ചക്കറികൃഷി മേഖലയുമായി ബന്ധപ്പെടുന്നവർക്ക് വളരെയധികം സഹായകരമായിരിക്കും. പാവൽ, വെണ്ട, ചീര, പടവലം, വഴുതന എന്നിവ അതിസമൃദ്ധമായി വളരുവാനുള്ള ഭൗതിക സാഹചര്യം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം കണക്കിലെടുത്ത് നമ്മുടെ പഞ്ചായത്തിന് പച്ചക്കറികൃഷിയിൽ സ്വയം പര്യാപ്തത നേടുവാനും പുറം മാർക്കറ്റിനെ ആശ്രയിക്കാതെ മുന്നോട്ടു പോകുവാനും കഴിയും. കൂടാതെ ഈ രംഗവുമായി ബന്ധപ്പെടുന്നവർക്ക് സാമ്പത്തിക പുരോഗതിയും തൊഴിലും ഉറപ്പായും ലഭിക്കുന്നതുമാണ്. ഉദ്ദേശം വർഷം 66 ലക്ഷം രൂപയുടെ പച്ചക്കറി പഞ്ചായത്തിലെ കുടുംബങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്.

[illegible] പച്ചക്കറി നാം തന്നെ ഉല്പാദിപ്പിക്കും [illegible] മുൻഗണന കൊടുത്തുകൊണ്ട് അടുക്കളത്തോട്ടം പദ്ധതി ആരംഭിച്ചാൽ അധികം കാലം പിന്നിടാതെ പഞ്ചായത്തിൽ പച്ചക്കറി പുറത്തുനിന്നും വാങ്ങേണ്ട അവസ്ഥ അവസാനിപ്പിക്കാൻ കഴിയും. മാത്രമല്ല സാമ്പത്തിക പുരോഗതി, തൊഴിൽ ഇവയും ഉറപ്പാക്കാം.

ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വില

നാം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല. ഇത് കൃഷിയെ പിന്നോട്ടടിപ്പിക്കുവാൻ മാത്രം ഉതകുന്ന പ്രശ്നമാണ്. മുഖ്യമായും നമ്മുടെ ഉല്പന്നങ്ങൾ ഇടത്തട്ടുകാരൻ വഴിയാണ് വിറ്റഴിച്ചുകൊണ്ടിരിക്കുന്നത്. തന്മൂലം ഇടത്തട്ടുകാരന്റെ ചൂഷണം കൃഷിക്കാരൻ അനുഭവിക്കേണ്ടിവരുന്നു. ഇടത്തട്ടുകാരന്റെ ചൂഷണത്തിൽ നിന്നും കൃഷിക്കാരനെ രക്ഷിക്കുവാൻ നേരിട്ട് ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ വേണ്ട വിപണി ലഭ്യമാക്കാൻ കഴിയണം.

വളത്തിന്റെ ഉപഭോഗം

കൃഷിക്ക് വളത്തിനായി 97% രാസവളമാണ് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. രാസവളത്തിന്റെ അളവ് ഓരോവർഷവും വർദ്ധിക്കുകയാണ്. ഇതുമൂലം മണ്ണിന്റെ ഗുണനിലവാരം കുറയാൻ ഇടയാകുന്നു. രാസവളത്തിന്റെ അമിതമായ ഉപയോഗം കുറച്ച് ജൈവവളത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് ഭാവിയിൽ കൃഷിയുടെ നിലനില്പിനുതന്നെ പ്രധാനപ്പെട്ട ഘടകമാണ്. നാളീകേര കൃഷിക്കാർ സമീപകാലങ്ങളിൽ രാസവളത്തെമാത്രം ആശ്രയിച്ചതിൻഫലമായി നാളീകേര ഉല്പാദനം കുറഞ്ഞു വന്നതായി ബോദ്ധ്യപ്പെടുവാൻ കഴിയും. ഈ ഉല്പാദന രംഗത്തെ മുരടിപ്പ് സാമ്പത്തികമേഖലയെപ്പോലും ബാധിച്ചിട്ടുണ്ട്. തെങ്ങു കൃഷിക്ക് ജൈവവളം ഉപയോഗിച്ചു തുടങ്ങേണ്ടാതാണ്. രാസവളത്തിന്റെയും കീടനാശിനിയുടെയും അമിതഉപയോഗം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു.

മണ്ണ്

പഞ്ചായത്തിൽ പൊതുവേ എല്ലാ പ്രദേശങ്ങളിലും ചെളി അധികമുള്ള മണ്ണാണ്. നികത്തുഭൂമിയിലാണ് മുഴുവൻ ജനങ്ങളും താമസിക്കുന്നത്. പുതിയതായി നികത്തുവാൻ ഇപ്പോൾ ഉപയോഗിക്കുന്നത് കിഴക്കൻ പ്രദേശത്തുനിന്നും കൊണ്ടുവരുന്ന ഗ്രാവലാണ്. പല കൃഷി ഇനങ്ങൾക്കും ചെളി ഒരു നല്ല ഘടകമാണ്. എന്നാൽ പുളി കൂടുതൽ ഉള്ള പ്രദേശങ്ങളിൽ തെങ്ങ് തുടങ്ങിയ കൃഷി ഇനങ്ങളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു.

മണ്ണിന്റെ പരിശോധന കാര്യക്ഷമമാക്കുവാനും മുഴുവൻ കൃഷിക്കാരും മണ്ണ് പരിശോധിപ്പിക്കുവാനും തയ്യാറാകേണ്ടതുണ്ട്. ഏതു മണ്ണിൽ ഏതു കൃഷി എന്നത് കണ്ടുപിടിച്ച് ശാസ്ത്രീയമായ കൃഷിയിൽ ഏർപ്പെടുവാൻ കഴിയണം. രാസവളത്തിന്റെ അമിത ഉപയോഗവും മണ്ണിന്റെ ഗുണത്തെ കുറയ്ക്കുന്ന ഘടകമാണ്.

കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ

1. മണ്ണിന്റെ തരത്തെ സംബന്ധിച്ച അറിവിന്റെ അഭാവം
2. അമിതമായ തോതിലുള്ള രാസവളത്തിന്റെ ഉപയോഗം
3. ഭൂമി തരിശിടുന്ന പ്രവണത
4. പുറം ബണ്ടുകളുടെ ബലക്കുറവ്
5. ഉല്പന്നത്തിന് ന്യായമായ വില ലഭിക്കാതിരിക്കൽ
6. കൃഷിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താതിരിക്കൽ
7. കീടബാധ
8. തെങ്ങുകൃഷി കാറ്റുവീഴ്ച്ച രോഗത്തിന് ഫലപ്രദമായ ചികിത്സ ലഭിക്കുന്നില്ല.
9. പ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കുന്നില്ല.
10. കേരവികസന സമിതികളുടെ പ്രവർത്തനമാന്ദ്യം.
11. പ്രകൃതിക്ഷോഭം.

സാദ്ധ്യതകൾ, പരിഹാരങ്ങൾ

1. പഞ്ചായത്തിൽ രണ്ടാംകൃഷി നടത്തുവാൻ കഴിയുന്ന എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ട് ബലപ്പെടുത്തേണ്ടതാണ്.
2. പാടശേഖരങ്ങൾക്ക് സ്ഥിരം മോട്ടോർതറയിൽ വൈദ്യുതി കണക്ഷൻ നല്കണം.
3. വലിയ പാടശേഖരങ്ങൾക്കു നടുവിലൂടെ തോടു കീറേണ്ടതാണ്. (ഉദാ. 900)
4. പാടശേഖരങ്ങൾക്ക് കല്ലുകെട്ടിയ പൊതുമട.
5. കുട്ടനാടൻ പാടശേഖരങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള കൊയ്ത്ത് യന്ത്രം ലഭ്യമാക്കണം.
6. മെതിയന്ത്രം കൂടുതൽ ഫലപ്രദമാക്കുക.
7. പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഫാം ഷെഡ്ഡുകൾ നിർമ്മിക്കുക.
8. അത്യുല്പാദനശേഷിയുള്ള വിത്തുകൾ പഞ്ചായത്തു നേതൃത്വത്തിൽ വിതരണം ചെയ്യുക.
9. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക.

10. പ്രതിരോധശേഷിയുള്ള തെങ്ങിൻതൈ ലഭ്യമാക്കുക.
11. കേടുവന്ന തെങ്ങ് വെട്ടിമാറ്റുക, തെങ്ങ് ഒന്നിന് 500 രൂപ സഹായധനം നല്കുക.
12 വെട്ടിമാറ്റുന്ന തെങ്ങിനു പകരമായി രോഗപ്രതിരോധ ശേഷിയും അത്യുല്പാദനശേഷിയുമുള്ള തെങ്ങിൻതൈ നല്കുക.
13. കേരവികസന സമിതി, കാർഷിക വികസന സമിതി ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
14. പഞ്ചായത്തിൽ ഒരു ജൈവവളനിർമ്മാണകേന്ദ്രം സ്ഥാപിക്കുക.
15. പാടശേഖരങ്ങൾക്ക് സ്ഥിരം മോട്ടോർതറയും വൈദ്യുതി കണക്ഷനും ലഭ്യമാക്കുക.
16. പൊള്ള നിലങ്ങൾ സംരക്ഷിക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അനവധി പൊള്ള നിലങ്ങൾ ഉണ്ട്. കൃഷിയോഗ്യമല്ലാത്ത പൊള്ളകൾ സംരക്ഷിച്ച് മത്സ്യകൃഷി നടത്താവുന്നതാണ്. സഹകരണ അടിസ്ഥാനത്തിൽ മത്സ്യകൃഷി ചെയ്യുന്നതിനു വേണ്ട സഹായം നൽകാൻ കഴിഞ്ഞാൽ ഇതിലൂടെ തൊഴിലും, സാമ്പത്തിക അഭിവൃദ്ധിയും നേടാൻ കഴിയും. നിലവിലുള്ള പാടശേഖരങ്ങളുടെ 5% സ്ഥലത്ത് കൊഞ്ചുകൃഷി നടത്തുവാൻ കഴിയണം.

മത്സ്യകൃഷിയിലൂടെ നമ്മുടെ പഞ്ചായത്തിന് സാമ്പത്തിക പുരോഗതി കൈവരിക്കുവാൻ കഴിയും എന്നത് നാം ഗൗരവത്തോടെ ചിന്തിക്കുവാനും ആ വഴിക്ക് നീങ്ങുവാനും കഴിയണം.

രാസവള–കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993–94			1994–95			1995–96		
		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി. ഗ്രാം	കീടനാശിനി		രാസവളം കി. ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
	സഹകരണം	2,93,925	410	247	2,95,235	390	260	3,77,795	370	306
	സ്വകാര്യം	25,975	520	315	26,120	565	207	24,210	420	225

നടീൽ വസ്തു വിവരണം

ഇനം	എണ്ണം		
	1993–94	1994–95	1995–96
തെങ്ങ്	625	870	1290
കശുമാവ്			150
കുരുമാവ്	750	2000	2000
കമുങ്ങ്	200	300	
ഫലവൃക്ഷങ്ങൾ	65	302	
കൊക്കോ			105

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ്കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	വൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റോട്ട്	സ്റ്റെം ബ്ലീഡിംങ്ങ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
1	20.4	2040	3060	5100	1020	765	510		280	2575
2	20.0	2000	3000	5000	1000	750	500		265	2515
3	22.00	2200	3300	5500	1100	825	550		310	2785
4	18.40	1840	2760	4600	920	690	460		365	2435
5	19.60	1960	2940	4900	980	735	490		400	2605
6	20.40	2040	3060	5100	1020	765	510		395	2690
7	19.20	1920	2880	4800	960	720	480		405	2565
8	18.80	1880	2820	4700	940	705	470		390	2505

കർഷകസഹായി

മാസം	നെല്ല്	തെങ്ങ്	വാഴ	കപ്പ
ജനുവരി	വിത്തുകണ്ടങ്ങളിലെ കളളക്കതിർ നീക്കുക ചാഴെക്കെതിരെ കാർബറിൽ/ മാലത്തിയോൺ ഇവ തളിക്കുക	നന തുടരാം തീരദേശങ്ങളിൽ ഓലപ്പുഴുവിനെതിരെ മരുന്ന് തെളിക്കാം	നന തുടരുക പാളയംകോടൻ നടാൻ പറ്റിയ സമയം	ഇടവത്തിൽ നട്ട മൂപ്പു കുറഞ്ഞ മരച്ചീനി പറിച്ചു തുടാങ്ങാം
ഫെബ്രുവരി	വിത്ത് വിളവെടുപ്പിന് പാകമായി വരുന്നു	വിത്തു തേങ്ങ കുലയോടെ കയറുകെട്ടി താഴെയിറക്കി ശേഖരിക്കണം	നനയോടൊപ്പം ഒരു ഗഡു രാസവളം കൂടി നൽകുക	കാലവർഷത്തോടെ കൃഷി തുടങ്ങിയ പ്രധാനവിള പറിക്കുന്ന സമയം
മാർച്ച്	വിളവെടുക്കാം	നനയുള്ള തോട്ടങ്ങളിൽ രാസവളമിശ്രിതത്തിന്റെ നാലിലൊന്ന് തടത്തിൽ ചേർക്കാം	ഏത്തവാഴ നന തുടരുക പാളയൻകോടന് ഒരു ഗഡു വളം	നനയ്ക്കാൻ പറ്റുമെങ്കിൽ കുംഭകപ്പ നടാം
ഏപ്രിൽ	വിതയ്ക്കുവേണ്ട മുന്നൊരുക്കങ്ങൾ	ഇടമഴ കിട്ടിയാൽ തൈ നടാൻ കുഴികൾ എടുക്കാം	പഴത്തിനുവേണ്ടി പൂവൻ, ഞാലിപ്പൂവൻ, കൂമ്പില്ലാകണ്ണൻ, കദളി കറിയ്ക്ക് നേന്ത്രപ്പടറ്റിയും കൃഷി ചെയ്യാം	പ്രധാന വിളയുടെ കൃഷി തുടങ്ങാം ഒരു മൂടിന് ഒരു കിലോ ചാണകപ്പൊടിയും ചാരവും ചേർക്കുക
മെയ്	പൊടിവിളയ്ക്ക് നിലമൊരുക്കി അടിവളമിടുക	വിത്തുതേങ്ങാ പാകാം	നടീൽ തുടരാം, പച്ചില വളത്തിന് സെസ്ബ ചണമ്പ് മുതലായവയുടെ വിത്തു പാകാം	ഇടവിളയായി പയർ നിലക്കടല, ഉഴുന്ന്, ഇവ നടാം
ജൂൺ	ചേറ്റു ഞാറ്റടികളുടെ പണി തുടങ്ങാം	തൈ നടനാൻ പറ്റിയ കാലം. ഒരു വർഷം പ്രായമുളള കണ്ണാടി കനമുളള തൈ നടാം	വാഴകളുടെ ഇലകവിളുകളിൽ 10% ഫോറേറ്റ് 10 ഗ്രാം വീതം ഇട്ട് കുറിനാമ്പ് രോഗം തടയുക	മഴ കനക്കാൻ താമസം ഉണ്ടെങ്കിൽ ഇക്കാലത്തും മരച്ചീനി നടാം
ജൂലൈ	നട്ട പാടങ്ങളിൽ മൂന്നാഴ്ച ചെന്നാൽ ഒന്നാം മേൽവള പ്രയോഗം	നനയുള്ള തോട്ടങ്ങളിൽ ഒരു ഗഡു വളം ചേർക്കാം. വിത്തു തേങ്ങാ പാകാം	നേന്ത്രകുലകൾക്ക് തെങ്ങോലകൊണ്ട് വല്ലം കെട്ടാം	പുല്ലെടുത്ത് വളം ചെയ്യാം
ഓഗസ്റ്റ്	മുഞ്ഞ, ഗാളീച്ചശല്യം ഇക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യത ഉളളതിനാൽ മരുന്ന തളിക്കുക	കൂമ്പു ചീയലിനെതിരെ മരുന്നു തളിക്കാം	നേന്ത്രക്കുലകൾ വെട്ടാൻ പാകം ആകുന്നു.	കളയെടുത്ത് മേൽവളം ചെയ്യാം
സെപ്റ്റംബർ	പോളരോഗം കുലവാട്ടം ചാഴി ഇവയ്ക്കെതിരെ മരുന്നു തളിക്കുക	പച്ചിലവളം തടത്തിലിട്ട് തടം മൂടുക	നേന്ത്രവാഴയുടെ പുതുവൽ കൃഷി	തുലാ കപ്പയ്ക്ക് പ്രാരംഭം
ഒക്ടോബർ	അടിവളം ചേർത്ത് പാകമാക്കിയ നിലത്തിൽ ഒരു സെ.മീ. വെളള നിർത്തി ഞാറുനടാം	നേരത്തേ പാകിയ വിത്തു തേങ്ങയിൽ മുള പൊട്ടിയില്ലെങ്കിൽ നീക്കം ചെയ്യുക	നേന്ത്രൻ നനയ്ക്കാൻ തടമെടുത്ത് ചാലുകീറാം	തുലാക്കപ്പ നടീൽ തുടരാം
നവംബർ	രോഗങ്ങളും പുഴുക്കേടും തുടർന്നാൽ മരുന്നടിക്കണം	തൈകൾക്കും തെങ്ങകൾക്കു മിടയിൽഓല കൊണ്ട് പുതയിട്ട് മണ്ണിൽ നിന്ന് ജലം നഷ്ടപ്പെടാതെ സൂക്ഷിക്കുക.	നേന്ത്രവാഴ നന തുടരാം	കളയെടുത്ത് മേൽവളം ചെയ്യുക. മണ്ണ് വെട്ടിക്കൂട്ടുക
ഡിസംബർ	രണ്ടാംവളപ്രയോഗം ചാഴി, ഗാളീച്ച, ഇവയ്ക്കെതിരെ മരുന്നു തളിക്കുക	നന തുടരാം. നനയുള്ള തെങ്ങുകൾക്ക് അവസാനഗഡു വളം.	നേന്ത്രവാഴ നന തുടരാം	തടമെടുത്ത് വളം ചെയ്യണം

WEATHER REPORT OF KUTTANADU

MONTH	MIN. 0o	MAXI oC	DRY	WET	RAIN HUMIDITY	RAIN FALL mm	SUNSHINE HES	WIND SPEED	WIND DIRECTION
JAN. 96	22.05	32.05	24.2	23.5	85		7.9	2.5	SE
FEB	22.05	33.00			84	NIL	9.5	2.7	SE
MAR 96	25.00	34.05			80	NIL	9.5	3.3	ENE
APRIL 96	26.00	34.05			82	4.47	10.00	3.8	N
MAY 96	27.00	33.00			83	3.00	9.02	3.6	NE
JUNE 96	25.05	30.00			84	18.04	9.01	3.2	WNE
JULY 96	24.00	29.00			92	18.00	–	3.5	NW
AUGUST 96	24.02	29.02			89	16.00	1.07	3.5	NNW
SEPT 96	24.00	30.5			89	9.72	3.09	3.4	ENE
OCT 96	24.02	32.00			86	9.14	5.00	3.5	NNE
NOV 96	24.00	31.00			90	7.05	6.05	3.1	NNE
DEC 96	23.61	30.62			95	1.75	6.8	–	–

നെൽകൃഷി സംബന്ധിച്ച്

വാർഡ് നമ്പർ	പാടശേഖരം	വിസ്തീർണ്ണം (ഹെക്ടർ)	കൃഷിക്കാരുടെ എണ്ണം	ഉല്പാദനം ടൺ കണക്കിൽ
1	ആഞ്ഞുമനയ്ക്കൽ ആശാരിപറമ്പ്	24.208	0055	121.040
2	ചെറിയാച്ചേരി കുട്ടൻപാക്കാ	33.188	61	165.940
3	ചേപ്പിലാക്ക ശങ്കരമംഗലം	17.668	24	88.340
4	ചമ്പടി	25.200	32	126
5	ദേവസ്വം 60	8.642	19	43.460
6	ഇല്ലിമുറി തെക്കേ തൊള്ളായിരം	169.830	208	849.180
7	എഴുമാങ്കേരി 340	51.340	78	257.700
8	ഇടപ്പുറക്കരി	49.780	64	248.900
9	ഇന്ത്രങ്കരി തച്ചാണിക്കരി	50.492	41	252.460
10	കരുടാകരി കോതേരിക്കാട്	37.600	52	188
11	കൊച്ചുഗരുഡാകരി	10.976	12	54.880
12	കാഞ്ഞിക്കൽ	34.400	49	172
13	കിഴക്കേമുണ്ടുവേലിപ്പറമ്പ്	11.226	22	56.106
14	കരു	10.050	22	56.25
16	കോവിൽ വട്ടത്തുശ്ശേരി കിഴക്കേബ്ലോക്ക്	24	56	120
17	കോവിൽ വെട്ടത്തുശ്ശേരി പടിഞ്ഞാറേ ബ്ലോക്ക്	12.100	12	60.500
18	കീച്ചേരിൽ 400	16.400	29	82
19	കൊല്ലേ 51	5.200	7	8200
20	മൂലംകുന്ന് ചെറുവളളിക്കാവ്	30.800	.64	174
21	മുക്കം നോർത്ത് ബ്ലോക്ക്	4	4	20
22	മൂലംകുന്നം (റോഡിനു തെക്കുവശം)	12.100	29	60
23	മായക്കാട്ട്	8	9	40
24	നെല്ലുവേലി പുതുക്കരി	8.920	17	44
25	നൂറ്റിയിരുപതും പാടം	3.700	5	18.50
26	ഊരിക്കരി ഇടംപാടി	26400	51	132
27	പെരുമാനിക്കരി	31.980	53	159.900
		728.154	1082	3673.12

P.T.O

വാർഡ് നമ്പർ	പാടശേഖരം	വിസ്തീർണ്ണം (ഹെക്ടർ)	കൃഷിക്കാരുടെ എണ്ണം	ഉല്പാദനം ടൺ കണക്കിൽ
B/F		728.154	1082.00	3673.12
28	പറക്കുടി കിളിരുപാക്ക	8.072	12	40.360
29	ഊരിക്കരി 240	21.945	38	109.725
30	പനയപ്പള്ളി 700 കിഴക്കേബ്ലോക്ക്	14.060	9	70.300
31	പുതിയകരി	24.990	33	144.950
32	പടിഞ്ഞാറേ മുണ്ടുവേലിപ്പറമ്പ്	13.200	7	66
33	പനയപ്പളലി 700 പടിഞ്ഞാറേ ബ്ലോക്ക്	14	7	70
34	പനയാറ്റിൽ താഴ്ച	27.600	61	138
35	പടിഞ്ഞാറെ 40 താഴത്തെ 40	7.520	15	37.600
36	പുതുക്കരി 900	20.480	18	102.400
37	പാണ്ടളം റോഡിനു വടക്ക്	16.800	17	84
38	പാണ്ടളം റോഡിനു കിഴക്ക് തേനാംപാക്ക	12.800	14	64
39	പറക്കുടി കിളിരുപാക്ക പടിഞ്ഞാറേ ബ്ലോക്ക്	4.400	11	22
40	ശങ്കരമംഗലം 65	10.020	9	50.100
41	തെക്കുംപുറം റോഡിനു തെക്ക്	10	14	50
42	തെക്കുംപുറം റോഡിനു വടക്ക്	27.236	43	136.180
43	വെങ്ങാംതറ	5.400	8	22
44	ഐക്കര 40	4	7	20
45	ഇരുനൂറ്റിൽ പടവ്	4	7	20
		974.677	1412.00	4920.635

ജലസേചനം

ജലസേചനത്തിനുവേണ്ടി നാം ഉപയോഗിക്കുന്നത് ആറുകളും തോടുകളുമാണ്. മുൻകാലത്തെ അപേഅക്ഷിച്ച് തോടുകളുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവി ച്ചിട്ടുണ്ട്. തോടുകൾ നികത്തുന്ന പ്രവണത ഏറിവന്നതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ഈ പ്രവണത നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന തിലേയ്ക്ക് വഴി വച്ചതായി മനസ്സിലാക്കുവാൻ കഴിയും. കുട്ടനാട്ടിലെ ജലസ്രോതസ്സിൽ മുഖ്യഘടകമായ തോടുകളുടെ എണ്ണത്തിൽ വന്ന കുറവ് കൃഷി, ആരോഗ്യം, പരിസ്ഥിതി തുടങ്ങി പല ഘടകങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആറുകളിലും തോടുകളിലും നീരൊഴുക്കിന്റെ കുറവ് പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. നമുക്ക് ആശ്രയിക്കുവാൻ കവിയുന്ന ഏക മാർഗ്ഗം തോടുകൾ, ആറുകൾ തുടങ്ങിയവയാണ്. ഇവയുടെ സംരക്ഷണവും ഇവയെ കൃഷിക്കുവേണ്ടി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തലും ഇനിയും നാം പഠിക്കേണ്ട പ്രശ്നമായി നിലനിൽക്കുന്നു. ഇവയെ മനസ്സിലാക്കി ഗുണകരമായ ഉപയോഗം നടത്താൻ കഴിയേണ്ടതുണ്ട്. കർഷകകുടുംബങ്ങളിൽ 100%വും ആറുകളിലെയും തോടുകളിലെയും ജലമാണ് ഉപയോഗിക്കുന്നത്.



പ്രശ്നങ്ങൾ

1. തോടുകൾ തടഞ്ഞുള്ള റോഡു നിർമ്മാണം.
2. തോടുകൾ നികത്തപ്പെടുന്നു.
3. തോടുകളും ആറുകളും മലിനപ്പെടുത്തുന്നു.

പരിഹാരം

1. തടയപ്പെട്ട തോടുകൾ തുറക്കുക.
2. തോടുകളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക.
3. തോടുകളുടെ ശ്രദ്ധാപൂർവ്വമുള്ള സംരക്ഷണം.
4. തോടുകൾ നികത്തുന്നതു തടയുക.
5. പുറം ബണ്ട് കെട്ടി തോടുകൾ സംരക്ഷിക്കുക.
6. മലിനീകരണം തടയുക.
7. തോടുകൾ തടഞ്ഞുള്ള റോഡുനിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുക. തെക്കുവടക്ക് റോഡ് പണിയുമ്പോൾ 150 മീറ്റർ ഇടവിട്ട് കലുങ്കുകൾ പണിയുക.

1–1 ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതുജലസേചന കിണർ	കുഴൽകിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5	6
1		3	27		
2		3	31		
3		2	22		
4		3	25		
5		5	29		
6		2	30		
7		4	26		
8		3	27		



മൃഗപരിപാലനം, മത്സ്യബന്ധനം

8 വാർഡുകൾ ഉൾക്കൊള്ളുന്ന രാമങ്കരി പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.17sqkm. ആണ് പഞ്ചായത്തിൽ കൂടുതലും ചെറുകിട കൃഷി ക്കാരാണ്. ജനങ്ങ ളുടെ പ്രതിശീർഷ വരുമാന ത്തിൽ ഗണ്യമായ വർദ്ധന വുണ്ടാക്കുവാനും ഉപതൊഴിലിനുളള സാധ്യത വർദ്ധിപ്പിക്കുവാനും, ആരോഗ്യ പരിപാലനം പുഷ്ടിപ്പെടുത്തുവാൻ• സഹായകമായ പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ വിജയകരമായി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. കേരളത്തിന്റെ ആളോഹരി വരുമാനത്തിൽ 10.58%വും ലഭിക്കുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. ഇതിനു വേണ്ട ചിലവാകട്ടെ മൊത്തം ചിലവിന്റെ 1.33%ത്തിൽ താഴെമാത്രമാണ്. ഈ കണക്ക് നമ്മെ ബോദ്ധ്യപ്പെടുത്തുമ്പോൾ മറ്റേതു മേഖലകളെ അപേ ക്ഷിച്ചും കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ വരുമാനം ഉണ്ടാക്കുവാനും തൊഴിൽ അവസരം സൃ,ഷ്ടിക്കുവാനും കഴിയുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല എന്നും കാണാം.

കാർഷിക ഉപമേഖല എന്ന നിലയിൽ കാർഷിക രംഗത്തുണ്ടാകുന്ന പ്രശ്നങ്ങളുടെ പ്രതിഫലനം ഈ രംഗത്തും ഉണ്ടാകും എന്നത് യാഥാർത്ഥ്യമാണ്. പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് മുതലായവയാണ്. കൂടാതെ കോഴിവളർത്തലും കണ്ടുവരുന്നു. ഇവയിൽനിന്നു ലഭിക്കുന്ന ഉല്പന്നങ്ങളും മറ്റും സാമ്പത്തിക രംഗത്ത് ഗണ്യമായ സംഭാവന നൽകുന്നു.. വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ട ഉല്പന്നങ്ങൾ മൃഗങ്ങളുടെ സംഭാവനയാൽ ലഭിക്കുന്നു. ഔഷധരംഗത്തെ ആവശ്യത്തിനും ഈ മേഖലകൊണ്ട് പ്രയോജനം ഉണ്ട്. ശാസ്ത്രപരീക്ഷണം, കൃഷിമേഖലയിലെ ഉഴവ് തുടങ്ങിയ കാര്യങ്ങൾക്ക് ഈ മേഖല നൽകുന്ന സംഭാവന വിസ്മരിക്കപ്പെട്ടുകൂടാ.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ, പക്ഷികൾ

പഞ്ചായത്തിൽ അപ്കോസിന്റെ രണ്ട് (രാമങ്കരിയിൽ ഒന്നും ഊരുക്കരിയിൽ ഒന്നും) പാൽസംഭരണകേന്ദ്രങ്ങളുണ്ട്. ഈ രണ്ടു കേന്ദ്രങ്ങൾ ക്ഷീരവ്യവസായ സഹകരണസംഘമായാണ് പ്രവർത്തിക്കുന്നത്. രാമങ്കരിയിൽ സ്വകാര്യവ്യക്തി നടത്തുന്ന ഒരു പാൽസംഭരണ കേന്ദ്രവുമുണ്ട്. ക്ഷീരവ്യവസായ രംഗത്ത് 775 പേർ പാൽ വിറ്റ് ഉപജീവനം നടത്തുന്നു. പഞ്ചായത്തിലെ എല്ലാ

സംഭരണകേന്ദ്രങ്ങളിലും കൂടി ഒരു ദിവസം ഏകദേശം 651 ലിറ്റർ സംഭരിക്കുന്നു. ഇതിൽ 164 ലിറ്റർ കയറ്റി അയക്കുന്നു. ബാക്കിയുള്ള പാൽ പഞ്ചായത്തിൽ തന്നെ ചിലവഴിക്കുന്നു. പുന്നപ്രയിലുള്ള മിൽമയുടെ ഫാക്ടറിയിലേയ്ക്കാണ് പാൽ കയറ്റി അയയ്ക്കുന്നത്. പാൽ സൊസൈറ്റികളിൽ കൊടുക്കാതെ, വീടുകളിലും, ചായകടയിലും മറ്റും വില്പന നടത്തുന്നവരുണ്ട്. ഇക്കൂട്ടർക്ക് പൊതുവെ സൊസൈറ്റികളിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ വില ലഭിക്കുന്നു.

രാമങ്കരി ക്ഷീരവ്യവസായ സഹകരണ സംഘം

ഈ സൊസൈറ്റി .... വർഷത്തിൽ സ്ഥാപിച്ചു. ഇത് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. രാവിലെയും വൈകിട്ടുമായി ഏകദേശം 150 ലിറ്റർ പാൽ ഈ സംഘത്തിൽ സംഭരിക്കുന്നു. അതിൽ 90 ലിറ്റർ പാൽ കയറ്റി അയയ്ക്കുന്നു. 60 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ വിൽക്കുന്നു. 540 ഓളം പേർ ഈ സഹകരണ സംഘത്തിൽ അംഗത്വമെടുത്തിട്ടുണ്ട്. സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടമില്ല.

ഊരുക്കരി ക്ഷീരവ്യവസായ സംഘം

കഴിഞ്ഞ കുറേ വർഷങ്ങളായി ഈ സഹകരണ സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇവിടെ പാൽകൊണ്ടുവരുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. ക്ഷീര കർഷകർ സൊസൈറ്റിയിൽ അംഗങ്ങളാണ്. ദിവസേന ശരാശരി 90 ലിറ്റർ പാൽ സംഭരിക്കുന്നു. 51 ലിറ്റർ നാട്ടിൽ തന്നെ ഉപയോഗിക്കുന്നു. ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ കാലതീറ്റകളും വിറ്റമിൻ പായ്ക്കുകളും ഇവിടെ നിന്നും വിതരണം ചെയ്യുന്നു.

പാൽ സംഭരണകേന്ദ്രം രാമങ്കരി (സ്വകാര്യം)

ഒരു സ്വകാര്യ പാൽ സംഭരണകേന്ദ്രവും രാമങ്കരിയിൽ പ്രവർത്തിക്കുന്നു. മാമ്പുഴക്കരിയിലും ഇതിനൊരു കളക്ഷൻ സെന്റർ ഉണ്ട്.

മൃഗസംരക്ഷണ കേന്ദ്രങ്ങൾ

പഞ്ചായത്തിലെ ഏഴാം വാർഡിൽപെട്ട ഊരുക്കരിയിൽ ഒരു സർക്കാർ വെറ്റിനറി ക്ലിനിക് 1996 മാർച്ചിൽ തുടങ്ങി. ഒരു ഡോക്ടറടക്കം മൂന്നു സ്റ്റാഫ് ഇവിടെ ജോലി ചെയ്യുന്നു. കന്നുകാലികൾക്കും വളർത്തു മൃഗങ്ങൾക്കും ആവശ്യമായ ചികിത്സ ഇവിടെ നിന്നും ലഭിക്കുന്നു. ഈ സ്ഥാപനത്തിന് വളരെയേറെ പോരായ്മകൾ ഉണ്ട്. സ്വന്തമായ കെട്ടിടത്തിലല്ല സ്ഥാപനം പ്രവർത്തിക്കുന്നത്. ഇവിടേയ്ക്കുള്ള ഗതാഗത സൗകര്യവും പരിമിതമാണ്. തന്മൂലം ആളുകൾക്ക് വളർത്തു മൃഗങ്ങളെ ക്ലിനിക്കിൽ എത്തിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

ഗോ രക്ഷാ ക്യാമ്പ്

കന്നുകാലി വന്ധ്യതാ നിവാരണം, മറ്റ് അസുഖങ്ങൾ ഇവ പരിശോധിക്കുവാൻ രണ്ടു തവണ ഗോ രക്ഷാ ക്യാമ്പ് നടത്തി. മുപ്പതോളം കന്നുകാലികളെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി. കുളമ്പുരോഗത്തിനെതിരെ വാർഡുതോറും ക്യാമ്പ് നടത്തിയിട്ടുണ്ട്. അഞ്ഞൂറോളം പശുക്കൾക്ക് കുത്തിവയ്പ് നടത്തി.

പേവിഷ നിർമാർജ്ജന പരിപാടി

25 നായ്ക്കളെ കുത്തിവയ്പ് നടത്തി.

മൃഗസംരക്ഷണ കേന്ദ്രം (സ്വകാര്യം)

സ്വകാര്യ മേഖലയിൽ ഒരു ഗോ സംവർദ്ധന ഉപകേന്ദ്രമുണ്ട്. ഇത് പഞ്ചായത്താഫീസിന് കിഴക്കുവശം പ്രവർത്തിക്കുന്നു. കന്നുകാലി കൃഷിക്കാർക്ക് ഈ കേന്ദ്രം സഹായകമാണ്.

കന്നുകാലി രോഗങ്ങൾ

അകിടുവീക്കം, കുളമ്പുപനി, വയറിളക്കം, വിരശല്യം, ദഹനക്കേട് തുടങ്ങിയവയാണ് പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ.

മാംസ വില്പനരംഗത്തെ അപാകതകൾ

1. ചത്ത മൃഗങ്ങളെ അറക്കുന്നു..
2. രോഗമുള്ളതും, ക്ഷീണിച്ച് അവശരായതും ആയ മൃഗങ്ങളെ അറക്കുന്നു.
3. കൊടുക്കുന്ന മാംസം ശുചിത്വമില്ലാത്തത്.
4. വഴിയോരവില്പന.
5. മാംസ പരിശോധനയുടെ അഭാവം.
6. അശാസ്ത്രീയമായ അറക്കൽ രീതി.

പരിഹാരങ്ങൾ

1. വഴിയോര വില്പന ഇല്ലാതാക്കൽ
2. ലൈസൻസുള്ളവർ മാത്രം വില്പന നടത്തുക.
3. മാംസ പരിശോധന നിർബന്ധമാക്കുക.
4. ചത്തതും, രോഗമുള്ളതുമായ മൃഗത്തെ അറക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.



5. അറവുശാലകളിലെ അവശിഷ്ടങ്ങളും മറ്റും ആറ്റിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കാതിരിക്കുക.

മൃഗസംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
2. പാലിന് മതിയായ വില ലഭിക്കാത്തത്.
3. മൃഗസംരക്ഷണ മേഖലയിൽ നിന്നും ലഭിക്കേണ്ട വിവരങ്ങളെപ്പറ്റിയുള്ള അറിവു കുറവ്.
4. പ്രതിരോധ കുത്തിവയ്പ്പിന്റെ അഭാവം.
5. മൃഗസംരക്ഷണത്തിലുണ്ടാകുന്ന പാളിച്ചകൾ.
6. അശാസ്ത്രീയമായ ചികിത്സാ രീതികൾ.
7. നല്ല ഇനം പക്ഷി മൃഗാദികളെ ലഭിക്കുന്നില്ല.
8. ചികിത്സാചിലവിൽ വരുന്ന വർദ്ധനവ്.
9. മൃഗസംരക്ഷണത്തെക്കുറിച്ചുള്ള അജ്ഞത.

പരിഹാരങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ നിയന്ത്രിക്കുക.
2. കൂടുതൽ ഇറച്ചിക്കോഴികളെ വളർത്തുക.
3. ശാസ്ത്രീയമായ ആടുവളർത്തൽ സംവിധാനം.
4. തീറ്റയ്ക്കുവേണ്ട വൃക്ഷങ്ങൾ അതിരുകളിലും മറ്റും നട്ടുപിടിപ്പിക്കുക.

പന്നി വളർത്തൽ

പന്നിവളർത്തൽ പഞ്ചായത്തിൽ പരീക്ഷിക്കാവുന്നതാണ്. ഇതിനുവേണ്ട പന്നി കുഞ്ഞുങ്ങൾ ലഭ്യമാകണം.ശാസ്ത്രീയമായ വളർത്തൽ രീതി കർഷകനെ പഠിപ്പിക്കേണ്ടതുണ്ട്. ഇതിലൂടെ സാമ്പത്തിക നേട്ടവും തൊഴിൽ സാധ്യത വർദ്ധനയും ഉണ്ടാക്കുവാൻ കഴിയും.

നിർദ്ദേശങ്ങൾ

1. കാലിത്തൊഴുത്ത് നിർമ്മാണം.
2. പശുക്കളുടെ ഗർഭകാല പോഷകാഹാര പരിപാലനം.
3. മിനറൽ മിക്സ്ചർ, വൈറ്റമിൻ സപ്ലിമെന്റ്, ക്ലീൻ മിൽക്ക്, പ്രൊഡക്ഷൻ കിറ്റ് ഇവകളുടെ വിതരണം.
4. ബ്ലോക്കുതല കന്നുകാലി പ്രദർശനം ഇവയെക്കെല്ലാം ഗുണഭോക്താവിന്റെ വിഹിതത്തോടൊപ്പം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാൻ വേണ്ട നടപടി.
5. ഒമ്പതാം പദ്ധതി കാലത്ത് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾക്ക് പഞ്ചായത്തിന്റെ എല്ലാ പിന്തുണയും ഉറപ്പാക്കുന്നതോടൊപ്പം വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായകവും നല്കുക.

എട്ടാം പദ്ധതിക്കാലത്ത് ക്ഷീരകർഷകർക്കുവേണ്ടി നടപ്പാക്കിയ പദ്ധതികൾ

പരിശീലനപരിപാടികൾ

പരിശീലനപരിപാടിയുടെ പേര്	പ്രയോജനം ലഭിച്ച കർഷകർ	ചിലവായ തുക
കർഷകസമ്പർക്ക പരിപാടി	30	8000.00
ക്ഷീരോല്പാദന നിർമ്മാണ പരിശീലനപരിപാടി	40	4000.00

പട്ടിക 2:1

അവലംബം–ഡയറി എക്സ്റ്റൻഷൻ ഓഫീസ് രേഖകൾ

പുൽകൃഷി പദ്ധതി–വിവരങ്ങൾ

ഉപയോഗിച്ചവിത്തിനം	വിസ്തീർണ്ണം	സബ്സിഡി അനുവദിച്ച തുക
ഗ്രാസ്‌ലഹ്യൂംമിസ്ചർ	2Ha	1000.00
കോംഗോസിക്നൽ	2Ha	1000.00
പുൽകടകൃഷി	3Ha	3000.00
ചോളം	2Ha	1400.00
വൻപയർ	3Ha	900.00

പട്ടിക 2:2

ക്ഷീരകർഷകർക്കായി നടപ്പാക്കിയ ക്ഷേമപദ്ധതികൾ

നടപ്പാക്കിയ ക്ഷേമപദ്ധതികൾ	ഗുണഭോക്താക്കളുടെ എണ്ണം	ചിലവാക്കിയ തുക
മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം	30	20800.00
ഹേ നിർമ്മാണം	12	2400.00
വൈക്കോൽ സമ്പുഷ്ടീകരണപദ്ധതി	20	10000.00
മിനറൽ മിക്സ്ചർ വിതരണം	200.00	1 Kg./Head
വൈറ്റമിൻ എ. സപ്ലിമെന്റ്		150 കുപ്പി
ക്ലീൻമിൽക്ക് പ്രൊഡക്ഷൻ കിറ്റ്	25	25 കിറ്റ്
പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടകപദ്ധതി	10	5555/Head

പട്ടിക 2:3

വളർത്തു പക്ഷി സംഖ്യ

കോഴി	താറാവ്
20247	3100

പേവിഷബാധ–പ്രതിരോധ ചികിത്സ

നമ്പർ	വിവരം	പട്ടി
1	പ്രതിരോധകുത്തിവയ്പ് നൽകിയത്	24

വളർത്തുമൃഗ സംഖ്യ

ക്രമനമ്പർ	മൃഗം	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്
1	കാള നാടൻ	51			
2	കാള സങ്കരം	76			
3	പശു നാടൻ			358	
4	പശു സങ്കരം			1224	
5	എരുമ			35	
6	പോത്ത്		63		
7	ആട്		591		
8	പട്ടി		436		

പട്ടിക 2:1
അവലംബം സെൻസസ് റിപ്പോർട്ട്

രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്
1	ദഹനസംബന്ധമായ	79	8	28
2	ശ്വാസകോശസംബന്ധം	1		7
3	ഉപാപചയ സംബന്ധം	7		
4	ത്വക്രോഗങ്ങൾ	18		
5	ധാതുലവണങ്ങളുടെ അഭാവം	24		
6	പരാദരോഗങ്ങൾ	143	3	6
7	പ്രത്യുല്പാദനവ്യവസ്ഥയുമായിബന്ധപ്പെട്ടത്	47		
8	വന്ധ്യത	47		
9	അകിടുവീക്കം	17		2
10	പകർച്ചവ്യാധികൾ	16		

പട്ടിക 2:3

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

നമ്പ.	വളർത്തു മൃഗം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	രണ്ടിലധികം ബീജ സങ്കലനം നടത്തിയവ
1	പശു, എരുമ	313	291	22

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. പണ്ട് മത്സ്യസമ്പത്തുകൊണ്ട് അനുഗ്രഹീതമായിരുന്നു ഈ പ്രദേശം. അന്ന് ആളുകൾ മത്സ്യം പിടിക്കുന്നതിന് ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങൾ ചൂണ്ടയിടീൽ, ഒറ്റാൽ, കൂട്, പുല്ലടി, മുപ്പല്ലി, തെറ്റാലി, ഉറിവല, വെള്ളവല, തപ്പിയെടുക്കൽ തുടങ്ങിയവ യായിരുന്നു. ഇന്ന് കാര്യമായ നിലയിൽ ലഭ്യമല്ലാത്ത കൊഞ്ച് പണ്ടുകാലത്ത് കണ്ടം പറ്റുന്ന സന്ദർഭങ്ങളിലെല്ലാം ആളുകൾ കൊട്ടക്കണക്കിന് പെറുക്കിയെടുത്തിരുന്നു. അക്കാലത്ത് മത്സ്യബന്ധനം തൊഴിലാക്കിയവരുടെ എണ്ണം കുറവായിരുന്നു. ഇവരുടെ ജീവിതരീതി കർഷക തൊഴിലാളികളിടേതിൽ നിന്നും കാര്യമായ വ്യത്യാസം ഉണ്ടായിരുന്നില്ല.

ഇന്ന് മത്സ്യസമ്പത്ത് വളരെയധികം കുറഞ്ഞതായി കാണാൻ കഴിയും. ഇതിന്റെ പ്രധാനകാരണം ജലമലി നീകരണവുമായി ബന്ധപ്പെട്ടതാണ്. അമിതമായ രാസവള ത്തിന്റെയും, കള, കീടനാശിനിവിഷത്തിന്റെയും ഉപയോഗം മത്സ്യസമ്പത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധി ച്ചിട്ടുണ്ട്. തോട്ട പൊട്ടിച്ച് മീൻ പിടിക്കുക, നഞ്ച് കലക്കുക, കരണ്ടടിച്ച് മത്സ്യം പിടികകുക, പെരുവല വെച്ചുള്ള മത്സ്യബന്ധനം ഇവയെല്ലാം മത്സ്യത്തിന്റെ വംശനാശത്തിന് ഇടവരുത്തുന്ന മാരകമായ പ്രശ്നമായി കരുതുന്നു.

മത്സ്യബന്ധനം തൊഴിലാക്കിയിട്ടുള്ള ഇരുന്നൂറിലധികം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നൂറ്റിയറുപ ത്തെട്ടു പേർ ക്ഷേമനിധി പദ്ധതിയിൽ ചേർന്നിട്ടുള്ള വരാണ്.

പഞ്ചായത്തിൽ അഞ്ചോളം സ്ഥലത്ത് മത്സ്യകൃഷി നടക്കുന്നുണ്ട്. മീൻ വളർത്തലിനെ പ്രോത്സാഹിപ്പി ക്കേണ്ടതുണ്ട്. വളർത്തു കൊഞ്ചിനു പുറത്തുനിന്നു ലഭിക്കുന്ന കൊഞ്ചിനോടൊപ്പം തൂക്കം ഉണ്ടാകുന്നില്ല. ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തുവാൻ പരിശ്രമിക്കേ ണ്ടതാണ്. കൊഞ്ചുകൃഷിയിലൂടെ പഞ്ചായത്തിന് സാമ്പത്തിക പുരോഗതി നേടിയെടുക്കുവാൻ കഴിയും. മത്സ്യബന്ധനം വളരെയധികം ശ്രദ്ധയോടുകൂടി പ്രോത്സാ ഹിപ്പിക്കേണ്ട രംഗമാണ്. മത്സ്യസമ്പത്തുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക്വരെ പരിഹാരം കാണുവാൻ കഴിയും.

ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘം

അടുത്ത കാലത്താണ് സംഘം രൂപീകരിക്ക പ്പെട്ടിട്ടു ള്ളത്. 32 പേർ സംഘത്തിൽ അംഗങ്ങളാണ്. സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ മത്സ്യതൊഴിലാളികൾക്ക് നിരവധിയായ നേട്ടങ്ങൾ ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാകും. കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യതൊഴിലാളികളെ രക്ഷിക്കാൻ സംഘത്തിന് കഴിയും.

പ്രശ്നങ്ങൾ

1. തണ്ണീർമുക്കം ബണ്ട്.
2. രാസവളത്തിന്റെയും വിഷത്തിന്റെയും അമിതമായ ഉപയോഗം.
3. നഞ്ചുകലക്കി മീൻ പിടിക്കുന്ന രീതി.
4. കറണ്ടടിച്ച് മീൻ പിടിക്കുന്ന രീതി.
5. പെരുവല, ഉടക്കുവല, ചെറിയകണ്ണി ഉപയോഗിച്ചുള്ള മത്സ്യബന്ധനം.

പരിഹാരങ്ങൾ

1. തണ്ണീർമുക്കം ബണ്ട് തുറക്കുന്നതിനും അതിലൂടെ വെള്ള് കയറി ഇറങ്ങുന്നതിനും ഓരുവെള്ളം ലഭിക്കുന്നിതിനും ആവശ്യമായ നടപടി ഉണ്ടാകണം.
2. പെരുവല ഉപയോഗച്ചും, കറണ്ടടിച്ചും നഞ്ചു കലക്കിയുമുള്ള മീൻപിടുത്തം അവസാനിപ്പിക്കാൻ വേണ്ട നടപടി എടുക്കുക.
3. രാസവളത്തിന്റെയും, വിഷത്തിന്റെയും അമിതമായ ഉപയോഗം കുറയ്ക്കുക.



വ്യവസായം

ഏതൊരു നാടിന്റെയും സമ്പദ്‌വ്യവസ്ഥയുടെ മുഖ്യഘടകം വ്യവസായത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും വ്യാവസായിക മേഖല മുന്നിൽതന്നെ നിൽക്കുന്നു. കേരളം വ്യാവസായികമായി പൊതുവെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ്. കേരളത്തിന്റെ പൊതു സ്ഥിതിയിൽ നിന്നും ഒട്ടും പിന്നിലല്ല നമ്മുടെ പഞ്ചായത്തും. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നോക്കിയാൽ പൊതുവെ വ്യവസായസംരംഭങ്ങൾ കുറവാണ് രാമങ്കരി പഞ്ചായത്തിന്.

ആധുനിക വ്യവസായ സ്ഥാപനങ്ങൾ ഇവിടെ തുലോം തുച്ഛമാണ്. പരമ്പരാഗത വ്യവസായത്തിന്റെ കാര്യവും അതു തന്നെയാണ്. പരമ്പരാഗത വ്യവസായത്തിൽ തന്നെ ചെറുകിട വ്യവസായമാണ് കൂടുതൽ. കൂടാതെ വളരെ കുറച്ച് ചെറുകിട വ്യവസായ യൂണിറ്റുകളുമുണ്ട്.

പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ നിലവിൽ യൂണിറ്റുകളൊന്നുമില്ല. മുമ്പ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു കൈത്തറി നൂൽനൂൽപ്പ് വ്യവസായ യൂണിറ്റ് ഉണ്ടായിരുന്നു. ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ വേഴപ്രായിലാണ് പ്രവർത്തിച്ചിരുന്നത്. ഫാക്ടറി അടിസ്ഥാനത്തിൽ പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. ചില പരമ്പരാഗത ചെറുകിട യൂണിറ്റുകൾ ഉണ്ട്.

ആധുനിക വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതി പരിശോധിക്കാം. നമ്മുടെ പഞ്ചായത്തിൽ വൻകിട ഫാക്ടറികൾ ഒന്നുംതന്നെയില്ല. 64ഓളം ചെറുകിട വ്യവസായയൂണിറ്റുകൾ ഇവിടെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഇവയിൽ 30 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളിൽ

ഭൂരിഭാഗവും വ്യക്തികൾ നടത്തുന്നവയാണ്. സഹകരണാടിസ്ഥാനത്തിൽ 5 ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വനിതകൾ മാത്രമായി നടത്തുന്ന ഒരു യൂണിറ്റും ഉണ്ട്. രണ്ട് ചെറുകിട ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് മണലാടിയിലുള്ള അലൂമിനിയം ഫാക്ടറിയും മറ്റൊന്ന് രാമങ്കരിയിലുള്ള കയർ പ്രൊഡക്ട് ഫാക്ടറിയുമാണ്. അലൂമിനിയം ഫാക്ടറി നല്ല രീതിയിൽ പ്രവർത്തിച്ചുവരവെ ഇടയ്ക്കു വച്ച് പ്രവർത്തനം നിൽക്കുകയും ഈയിടെ വീണ്ടും അത് പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും അതിന്റെ പ്രവർത്തനം നിലച്ചു.

ചെറുകിട വ്യവസായ യൂണിറ്റുകൾ

നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുറെ ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഉണ്ട്. അവയിലൊന്നാണ്

പരമ്പരാഗതം			
വാർഡ് നമ്പർ	കുടിൽ	ചെറുകിട	ഫാക്ടറി
I		12	
II		12	
III		22	
III		12	
IV		07	
V		09	
VI		04	01
VII	01	06	
VIII	01	06	

മാമ്പുഴക്കരിയിൽ പ്രവർത്തിക്കുന്ന ഐശ്വര്യ സോപ്പു ഫാക്ടറി. ഐശ്വര്യ എന്ന പേരിൽ ബാർസോപ്പു നിർമ്മിച്ച് ഇവർ വിതരണം ചെയ്യുന്നു. സംയുക്ത മേഖലയിൽ ആണ് ഈ ഫാക്ടറി പ്രവർത്തിക്കുന്നത്. ഊരിക്കരി കേന്ദ്രമായി പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനമുണ്ട്. അടുത്ത കാലത്ത് പ്രവർത്തനമാരംഭിച്ചതാണ്. മണലാടിയിൽ വനിതകൾ ചേർന്ന് വനിതാവ്യവസായ യൂണിറ്റുണ്ട്. അരിപ്പൊടികൾ, കറിപ്പൊടികൾ തുടങ്ങിയവ അവിടെ നിർമ്മിച്ച് വിപണനം നടത്തുന്നു. അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവും യഥാസമയത്ത് ലഭിക്കാത്തതും വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. മാമ്പുഴക്കരിയിലും വേഴപ്രയിലും ഓരോ സോമിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ റൈസ്മിൽ, ഫ്ലോർമിൽ, ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ, ഫർണ്ണിച്ചർ വ്യവസായ യൂണിറ്റുകൾ, റെഡിമെയ്ഡ് നിർമ്മാണയൂണിറ്റ്, ബോർമ്മകൾ തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകളും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായിട്ടുള്ള അവസ്ഥ പരശോധിച്ചാൽ വ്യാവസായിക സ്ഥാപനങ്ങളുടെ എണ്ണത്തിൽ കാര്യമായ വളർച്ച ഇല്ല എന്നു കാണാം. നല്ല രീതിയിൽ പ്രവർത്തിച്ച ചില ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തനം നിർത്തിയതായി നമുക്ക് കാണുവാൻ കഴിയും. രാമങ്കരിയിൽ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു റബ്ബർ ചെരുപ്പ് നിർമ്മാണ യൂണിറ്റ് ഉണ്ടായിരുന്നു. അടുത്തകാലത്താണ് അതിന്റെ പ്രവർത്തനം നിലച്ചത്.

ആധുനികം				
വാർഡ് നമ്പർ	ചെറുകിട	ഫാക്ടറി	സ്വകാര്യം	സഹകരണം
I	04	16	01	
II	25	03	49	03
III	14	02	29	
IV	04	01	12	
V	09		18	
VI	02	02	09	
VII	04		11	01
VIII	02	01	10	

വ്യവസായരംഗത്ത സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുവരികയാണ്. ഇതു പരിഹരിക്കുവാനുള്ള നടപടികൾ ഉണ്ടായേതീരൂ.

വ്യവസായിക കാർഷിക മേഖലകളിൽ സ്ത്രീ–പുരുഷ തൊഴിലാളികളുടെ വേതനത്തിലുള്ള അന്തരം പ്രകടമാണ്. കൂലിയിലുള്ള ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തുന്ന ചാർട്ട് കൃഷിയും ജലസേചനവും എന്ന അദ്ധ്യായത്തിൽ ചാർട്ട് 1:5ൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിച്ചുവല്ലോ?

സഹകരണസംഘമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണസംഘം ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചു നടത്തുന്ന

വ്യവസായ യൂണിറ്റുകൾ തീരെ ഇല്ല എന്നു പറയാം. പഞ്ചായത്തിൽ നിന്നും ധാരാളം ലഭിക്കുന്ന അസംസ്കൃത വസ്തുവായ നാളീകേരം ഉപയോഗിച്ച് സഹകരണ മേഖലയിൽ ഒരു കൊപ്രാ സംസ്കരണ വ്യവസായ സ്ഥാപനം ഉണ്ടാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

പഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന മുഖ്യപ്രശ്നങ്ങളിലേയ്ക്ക് നമുക്കൊന്നെത്തിനോക്കാം.

1. വൈദ്യുതിപ്രശ്നം

വ്യവസായരംഗത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് വൈദ്യുതിയുടേത്. പ്രഖ്യാപിത ലോഡ്ഷെഡിംഗിനുപുറമേയായി അപ്രതീക്ഷതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അപ്രഖ്യാപിത പവ്വർകട്ടുകളും സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. കൂടാതെ കണക്ഷൻ ലഭിക്കുന്നതിന് കാലതാമസവും നേരിടുന്നു.

2. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട്.

3. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം

4. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്.

5. അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ്.

6. ഗതാഗത സൗകര്യങ്ങളുടെ കുറവ്.

7. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം.

8. വായ്പ സബ്സിഡി മറ്റുതരത്തിലുള്ള ധനസഹായങ്ങൾ എന്നിവ കിട്ടുവാനുള്ള കാലതാമസം.

9. വ്യവസായ സബ്സിഡി യഥാ സമയവും കിട്ടുന്നില്ല.

സാധ്യതകൾ

1. വ്യവസായത്തിനാവശ്യമായ വൈദ്യുതി തടസ്സം കൂടാതെ എത്തിക്കണം. വ്യവസായ കണക്ഷനുകൾക്ക് മുൻതൂക്കം കൊടുക്കുക. അപ്രഖ്യാപിത ലോഡ്ഷെഡിംഗ് നിർത്തലാക്കണം.

2. വ്യവസായ സംരഭങ്ങൾക്ക് പരിശീലനം ലഭ്യമാക്കുകയും അവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.

3. വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക. നിലവിൽ പഞ്ചായത്തിൽ ഇത്തരം സ്ഥാപനങ്ങൾ കുറവാണ്

4. വ്യവസായത്തിന് മുതൽ മുടക്കുവാൻ തയാറുള്ളവർ അനവധി പേർ പഞ്ചായത്തിലുണ്ട്. അവർക്ക് ധാനസഹായവും മറ്റ് അത്യാവശ്യഘടകങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സഹായസഹകരണങ്ങൾ നൽകുക.

5. തദ്ദേശഅസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം തുടങ്ങുന്നതിന് മുൻഗണന നൽകുക.

6. കൂടുതൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

7. പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുവാനുള്ള ധനസഹായങ്ങൾ ചെയ്തുകൊടുക്കുക.

വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണത്തിന്റെ കാര്യത്തിൽ കാര്യമായ ദൂഷ്യഫലങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. കാരണം പഞ്ചായത്തിൽ വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

കുട്ടനാടൻ പരിതസ്ഥിതിയ്ക്ക് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ തുടങ്ങാൻ കഴിയുന്ന വ്യവസായത്തെ സംബന്ധിച്ച അറിവിന്റെ കുറവ് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമെ വ്യവസായ സംരംഭം വിജയിക്കുകയുള്ളു. ഗ്രാമസഭകളിൽ നിന്നും ചെറുതും വലുതുമായ നിരവധി വ്യവസായ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അലൂമിനിയം നിർമ്മാണശാല, വസ്ത്രനിർമ്മാണം ആന്റ് എംബ്രോയിഡറി, ഹോളോബ്രിക്സ്, ഫർണിച്ചർ വർക്ക്സ്, പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, പ്രിന്റിംഗ്പ്രസ്സ്, ബുക്ക്നിർമ്മാണം, പവ്വർലൂം സൊസൈറ്റി, ഫ്ലവർമിൽ, റൈസ്മിൽ, എക്സ് പെല്ലർ, കയർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായം തുടങ്ങിയവയാണവ.



വ്യവസായ വളർച്ചാനിരക്ക്



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പ്രാചീന കാലഘട്ടത്തിൽ അലഞ്ഞുതിരിഞ്ഞ മനുഷ്യൻ സാഹചര്യങ്ങൾക്കനുസൃതമായി പലസ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് താമസമാക്കിയതോടുകൂടി ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധിയായി ഗതാഗതം നിലവിൽ വന്നു. ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുവാനും രാഷ്ട്രത്തിന്റെ കാർഷിക വ്യാവസായിക ഉല്പന്നങ്ങളുടെ കൈമാറ്റത്തിലും ഗതാഗതം സുപ്രധാന പങ്കുവഹിക്കുന്നു. പണ്ട് ജലഗതാഗതത്തെ ആശ്രയിച്ചിരുന്ന നമ്മുടെ പഞ്ചായത്ത് എ.സി. റോഡിന്റെ വരവോടുകൂടി കരമാർഗ്ഗം ഗതാഗതത്തിലേയ്ക്കു മാറി. എ.സി. റോഡ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നു. കുട്ടനാടിന്റെ ഗതാഗത ചരിത്രത്തിന് ഒരു നാഴികകല്ലാണ് എ.സി. റോഡ്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ 118 റോഡുകൾ ഉണ്ട്. ഇവയെല്ലാംകൂടെ 87.010 കി.മീ. നീളം വരും. ഇനിയും നിരവധി റോഡുകൾ പൂർത്തിയാക്കാനുണ്ട്. ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടിയ റോഡുകളുടെ നിർമ്മാണമാണ് ഇന്ന് നമുക്കാവശ്യം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് I

(A) റോഡുകൾ

1. സ്രാമ്പിക്കൽ മുട്ടു മുതൽ കുന്നങ്കരികളം വഴി എ.സി. റോഡ് വരെ 4 മീറ്റർ വീതിയിൽ 700 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.
2. ശങ്കരമംഗലം മുതൽ ആറ്റുതീരം വരെ ട്രാക്ടർ റോഡ് നിർമ്മിക്കുക.
3. ലക്ഷംവീട് കോളനിയിൽനിന്നും 150 മീറ്റർ റോഡ് കിഴക്കോട്ട് നിർമ്മിക്കുക.
4. പത്തിച്ചിറ ജംഗ്ഷനിലേയ്ക്ക് 2 മീറ്റർ വീതിയിൽ 350 മീറ്റർ നീളത്തിൽ നിർമ്മിക്കുക.
5. മുട്ടക്കുളം ജംഗ്ഷൻ മുതൽ എൻ.എസ്.എസ്. കരയോഗം വഴി കേശവസദനം വരെ റോഡ് നിർമ്മിക്കുക.
6. പുതുശേരി ജംഗ്ഷനിൽ നിന്നും എ.സി. റോഡിലേയ്ക്ക് നാലു മീറ്റർ വീതിയിൽ 1.5 കി.മി. നീളത്തിൽ റോഡ് നിർമ്മിക്കുക.
7. മിൽപ്പടി പാലം മുതൽ പടിഞ്ഞാട്ട് പൂഴിക്കൽ വരെ 75 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.
8. തോട്ടു കടവിൽ ജംഗ്ഷനിൽ നിന്ന് രണ്ട് മീറ്റർ വീതിയിൽ ചിറത്തറയിലേയ്ക്കുള്ള നടപ്പാത സഞ്ചാര യോഗ്യമാക്കുക.
9. വലിയവീട് ജംഗ്ഷനിൽ നിന്നും പറുവപറമ്പുവരെ 150 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.
10. തോണികടവിൽ നിന്നും ഉണ്ണാച്ചിയിലേയ്ക്കുള്ള നടപ്പാത രണ്ടു മീറ്റർ വീതിയിൽ സഞ്ചാര യോഗ്യമാക്കുക.
11. പളളിക്കൂട്ടുമ്മ ജംഗ്ഷനിൽ നിന്നും തോട്ടരികിലൂടെ മണലാടിപളളിവരെ 3 മീറ്റർ വീതിയിൽ തോട് നിർമ്മിക്കുക.
12. പളളിമുക്ക് മുതൽ റേഷൻകടവരെ 150 മീറ്റർ നീളത്തിൽ റോഡ് പണിയുക.
13. തോണിക്കടവുപാലം മുതൽ പടിഞ്ഞാറോട്ട് മൂലയിൽ വരെ റോഡ് നിർമ്മിക്കുക.
14. മൂലയിൽ നിന്നും തെക്കോട്ട് ചക്കളത്ത്മുട്ടു വരെ റോഡ് നിർമ്മിക്കുക.
15. മണലാടിപളളിമുതൽ ചൂളവഴി ആറ്റുതീരം വഴി തെക്കോട്ട് ചെറുവളളിക്കാവ് ക്ഷേത്രം വരെ റോഡ് നിർമ്മിക്കുക.

(B) പാലം

1. കേശവസദനം കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കുക.
2. മിൽപടി ജംഗ്ഷനിൽ കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കുക.
3. മണലാടി പളളിക്കു മുൻവശത്ത് കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കുക.
4. മണലാടി തോട്ടിൽ കാപ്പുവടിയിൽ പാലം നിർമ്മിക്കുക.
5. കുന്നംകരികളം ക്ഷേത്രത്തിനു മുൻവശത്ത് പാലം നിർമ്മിക്കുക.
6. പറക്കുടി ചിറയിൽ നിന്നും തെക്കോട്ട് ഒരു കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കുക.

(C) കല്ലുകെട്ട്

1. പളളിക്കുട്ടമ്മ ജംഗ്ഷനിൽ നിന്നും മണലാടി പളളിവരെയുളള തോടിന്റെ ഇരുകരയും കല്ലു കെട്ടി സംരക്ഷിക്കുക.
2. തോണികടവു മുതൽ മൂലയിൽ വരെയുളള ഭാഗത്ത് കല്ലുകെട്ടുക.
3. മണലാടി ആറ്റുതീരം മുതൽ രാമങ്കരി എൻ.എസ്.എസ്. വരെയുളള ഭാഗത്തുളള കരവശം കല്ലുകെട്ടി സംരക്ഷിക്കുക.

വാർഡ് II

റോഡുകൾ

1. രാമങ്കരി ജെട്ടിയിൽ നിന്നും പഞ്ചായത്താഫീസ് വരെയുളള മെയിൻ റോഡിൽ നിന്നും രാമങ്കരി എൽ.പി.സ്കൂളിന്റെ വടക്കു വശത്തുനിന്ന് കിഴക്കോട്ടുളള വഴി ഉയർത്തണം.
2. നവജീവൻ മഹിളാസമാജത്തിലേയ്ക്ക് ഇപ്പോൾ നിലവിലുളള വഴി സഞ്ചാരയോഗ്യമാക്കണം.
3. പളളിറോഡും സ്രാമ്പിക്കൽ റോഡുമായി ബന്ധിപ്പിച്ച് റേഷൻകട വരെ സഞ്ചാരയോഗ്യമാക്കണം.
4. റേഷൻ കടയിലേയ്ക്കു പോകുന്ന റോഡിൽ നിന്നും പുതിയൊരു വഴി തെക്കോട്ട് ഉണ്ടാക്കണം.
5. പനക്കളം റോഡിൽനിന്നും കഞ്ഞിക്കര സണ്ണിയുടെ വീടിനടുത്തുനിന്നും പടിഞ്ഞാറോട്ട് ചെറുവളളിക്കാവ് വരെ റോഡ്.

6. എ.സി. റോഡ് മുതൽ സെന്റ് ജോസഫ് പള്ളിയുടെ സമീപത്തുകൂടി ആറ്റുതീരം വരെ റോഡ്.

7. എ.സി. റോഡ് മുതൽ 4041 ബാങ്കിന്റെ മുൻവശത്തുകൂടി എൽ.പി.സ്കൂളിന്റെ മുൻവശത്തുകൂടി ആറ്റുതീരംവരെ റോഡ്.

8. എൽ.പി.സ്കൂളിന് കിഴക്കോട്ട് മയിലക്കോട്ട്വഴി കമ്പക്കളം വരെ റോഡ്.

9. ആറ്റുകടവ് പാലം മുതൽ പടിഞ്ഞാറോട്ട് മുക്കത്തുവീടു വരെ.

10. 4041 സൊസൈറ്റി പാലം മുതൽ പടിഞ്ഞാറോട്ട് അടിയിൽ പുരയിടം വരെ.

11. എ.സി. റോഡു മുതൽ നവജീവൻ സമാജം വരെ.

12. എ.സി. റോഡ് മുതൽ സ്രാമ്പിക്കൽ വരെ.

13. ഇളംകുറ്റിശ്ശേരി മുതൽ മുട്ടശ്ശേരി വരെ.

14. രാമങ്കരി ക്ഷേത്രം മുതൽ കിഴക്കോട്ട് പോലീസ്സ്റ്റേഷൻ വഴി തെക്കോട്ട് ബ്ലോക്കിന്റെ റോഡുമായി ബന്ധിപ്പിക്കുക.

15. വൈക്കത്തുശ്ശേരി മുതൽ പടിഞ്ഞാറോട്ട് എൽ.പി. സ്കൂളുവരെ.

16 മുട്ടശ്ശേരി പാലം മുതൽ രാമങ്കരി പള്ളിവരെയുള്ള നടപ്പാത ഗതാഗതയോഗ്യമാക്കുക.

വാർഡ് III

1. റോഡുകൾ

1. ബ്ലോക്ക് ജംഗ്ഷനിൽ നിന്നും ആറ്റുചിറ അറുപതിൽ ചിറവരെ റോഡു നിർമ്മിക്കുക.

2. കുരിശടി മുതൽ സ്കൂൾ വഴി അട്ടിജെട്ടി വരെ റോഡ് നിർമ്മിക്കുക.

3. തൊഴുവത്താം വേലി മുതൽ ലൂർദ്ദ്മാതാ ചർച്ച് വരെ റോഡ് നിർമ്മിക്കുക.

4. കൈലാത്ത് ജംഗ്ഷൻ മുതൽ പോലീസ്സ്റ്റേഷൻ വരെ റോഡ് നിർമ്മിക്കുക.

5. കൂനംപറമ്പ് പാലം മുതൽ പഴയ വായനശാല വഴി റോഡ് നിർമ്മിക്കുക.

6. ഉതുന്തറ ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് കാരിപ്പറമ്പ് വഴി ഇഞ്ചൻതുരുത്ത് വരെ 350 മീറ്ററർ നീളം അര അടി പൊക്കത്തിലും റോഡ് നിർമ്മിക്കുക.

7. നീണ്ടിശ്ശേരി എൻ.എ. ജോർജ്ജിന്റെ വസതിക്ക് എതിർവശം ആരംഭിക്കുന്ന വഴി വേലംപറമ്പുവഴി എസ്.എൻ.ഡി.പി.വരെയും എസ്.എൻ.ഡി.പി. മുതൽ പടിഞ്ഞാട്ട് നീണ്ടിശ്ശേരി അട്ടിവരെയും റോഡ് നിർമ്മിക്കുക.

8. ലക്ഷംവീട് കിണർ മുതൽ കൈലാത്ത് റേഷൻകടവരെ റോഡ് പണിയുക.

9. ഉതുന്തറ മുക്കു മുതൽ ഈഴാംപാക്കൽ വരെയും നീണ്ടിശ്ശേരി പാലം മുതൽ തെക്കോട്ട് വൈക്കത്തുശ്ശേരി പാലം വരെ റോഡ് നിർമ്മിക്കുക.

10. അറുപറയിൽ ശ്രീധരന്റെ വീടുമുതൽ വേലംപറമ്പുവരെയും പാലമ്പറമ്പു പാലം മുതൽ കിഴക്കോട്ട് കൊണ്ടകശ്ശേരി പാലം വരെയും റോഡ് പണിയുക.

11. എസ്.എച്ച്. കോൺവെന്റ് മുതൽ പടിഞ്ഞാട്ട് പത്തിൽ ചിറ രാമകൃഷ്ണന്റെ വസതി വരെ റോഡു പണിയുക.

12. കൂനം പറമ്പിൽ പാലം മുതൽ തെക്കോട്ട് മാലത്ത് വീടുവരെയും തെവേരിൽചിറ മുതൽ ഇടയാടിചിറ വരെ റോഡ് നിർമ്മിക്കുക.

13. പൊക്കശ്ശേരി തങ്കപ്പന്റെ വസതി മുതൽ കിഴക്കോട്ട് കൂനംപറമ്പിൽ മൈക്കിളിന്റെ വസതി വരെയും എ.സി. റോഡ് മുതൽ ആശാരിപറമ്പ് വരെയും റോഡ് നിർമ്മിക്കുക.

14. എ.സി. റോഡു മുതൽ അഞ്ചടി വരെയും എ.സി. റോഡു മുതൽ പാണ്ടളം ചിറ വഴി കിഴക്കോട്ട് മോട്ടോർതറ വരെയും റോഡു നിർമ്മിക്കുക.

2. പാലം

1. ലക്ഷംവീട് പാലം (കാർട്ടബിൾ ബ്രിഡ്ജ്)

2. പത്തിൽ പാലം (കാർട്ടബിൾ ബ്രിഡ്ജ്)

3. കോയിക്കൽ പാലം (കാർട്ടബിൾ പാലം)

4. നീണ്ടിശ്ശേരി പാലം (സ്ലാബ്)

5. പുത്തൻപറമ്പിൽ പാലം (സ്ലാബ്)

6. പാലപ്പറമ്പിൽ പാലം (സ്ലാബ്)

7. പഴയ വായനശാല പാലം (സ്ലാബ്)

8. അഞ്ചങ്ങാടി നാൽപതിൽചിറ പാലം (സ്ലാബ്)
9. ലക്ഷംവീട് പാലം (സ്ലാബ്)
10. ലക്ഷം വീട്ടിൽ തടിപാലം
11. ചന്ദ്രതാങ്കൽ പാലം (തടിപാലം)
12. പോത്തശ്ശേരി പാലം (തടിപാലം)
13. നീണ്ടിശ്ശേരി പാലങ്ങൾ 2 (തടിപാലം)
14. ഏഴരയിൽ കുട്ടപ്പന്റെ പാലം (തടിപാലം)
15. പോത്തശ്ശേരി വീടിനു മുൻപിലുള്ള പാലം (തടിപാലം)

3. കല്ലുകെട്ടുക

1. അട്ടിജെട്ടി മുതൽ പാലപ്പറമ്പ്പാലം വരെയും ഏഴരയിൽ അവറാന്റെ വീടുമുതൽ ആറ്റു തീരം വരെയും കൃഷി സംരക്ഷണത്തിനായി കല്ലു കെട്ടുക.
2. അട്ടിജെട്ടിമുതൽ കിഴക്കോട്ട് ലൂർദ്ദ്മാതാ ചർച്ച് വരെ കൃഷി സംരക്ഷണത്തിനായി കല്ലു കെട്ടുക.

വാർഡ് IV

(A) റോഡുകൾ

1. കാഞ്ഞിക്കൽ പാലം മുതൽ തെക്കോട്ട് 2.5 കിലോമീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.
2. മാമ്പുഴക്കരിയിൽ അഞ്ചിൽകടവു മുതൽ അഞ്ചീശ്വര ക്ഷേത്രം വരെ രണ്ടു മീറ്റർ വീതിയിൽ റോഡു നിർമ്മിക്കുക.
3. പെരുമ്പ്രവീടു മുതൽ പഞ്ചായത്തു പാലം വരെയുള്ള 500 മീറ്റർ റോഡ് നിർമ്മിക്കുക.
4. എ.സി. കോളനിയിൽ നിന്നും ഊരിക്കരിക്കുള്ള റോഡിന്റെ വടക്കേ അരികിൽ കൂടി നടപ്പാത നിർ മ്മിക്കുക.
5. കീരിക്കൽ വരെ കൈതക്കളം കുഞ്ഞച്ചന്റെ വീടിന്റെ മുൻവശം വഴി മിത്രക്കരി മാമ്പുഴക്കരി റോഡുമായി ബന്ധിപ്പിക്കുന്ന 750 മീറ്റർ നീളവും 1 മീറ്റർ വീതിയുമുള്ള റോഡ് നിർമ്മിക്കുക.
6. രാമങ്കരി പുതുക്കരി റോഡിൽ നിന്നും മുരിങ്ങക്കാട്ടു ചിറയിലേയ്ക്ക് നടപ്പാത പണിയുക.

(B) പാലങ്ങൾ

1. എ.സി.കോളനിയിൽ നിന്നും മംഗലശ്ശേരി ചിറയിലെയ്ക്ക് പാലം നിർമ്മിക്കുക.
2. അഞ്ചീശ്വരക്ഷേത്രത്തിന്റെ തെക്കുവശത്തുള്ള ഭക്തജന ങ്ങളുടെ സൗകര്യാർത്ഥം ക്ഷേത്രത്തിന്റെ തെക്കു ഭാഗത്ത് ഒരു പാലം നിർമ്മിക്കുക.
3. മാമ്പുഴക്കരി നാലാം വാർഡിൽ 112-ാം കോളനി മുതൽ അതിർത്തിയായ കിടങ്ങറ വരെ ഗ്രാവൽ റോഡ് നിർമ്മിക്കുക. കാർട്ടബിൾക്ക് ബ്രിഡ്ജ് നിർമ്മിക്കുക.
4. മാമ്പുഴക്കരി കോളനിക്ക് മദ്ധ്യഭാഗത്തുള്ള തകർന്ന പാലങ്ങൾ മാറ്റി വാഹനസഞ്ചാരയോഗ്യമായി നിർമ്മിക്കുക.

(C) കൽകെട്ട്

1. കാഞ്ഞിക്കൽ പാലം മുതൽ തെക്കോട്ട് 2.5 കി.മി. നീളത്തിൽ കല്ലുകെട്ടുക.

വാർഡ് V

റോഡുകൾ

1. വേഴപ്ര പളളി മുതൽ വടക്കോട്ട് വേഴപ്രയ്ക്കക ത്തുകൂടിയുള്ള വഴി 4.5 മീറ്റർ വീതിയിൽ നിർമ്മിക്കുക.
2. കുഴികാല കോളനിയുടെ പടിഞ്ഞാറുവശത്തുപാലം കാർട്ടബിൾ ബ്രിഡ്ജ് ആക്കി സഞ്ചാരയോഗ്യമാക്കുക.
3. കുഴിക്കാലകോളനിയിലെ 10' വീതിയുള്ള മൂന്നു വഴികളും ഉയർത്തി സഞ്ചാരയോഗ്യമാക്കുക.
4. വേഴപ്ര കൊടുപ്പുന്ന P.W.D. റോഡിൽ നിന്നും കുഴിക്കാലയിലേയ്ക്കുള്ള റോഡ്.
5. ഉമ്മാച്ചേരി ബാലവാടി മുതൽ ശ്മശാനം വരെ 3 മീറ്റർ വീതിയിൽ റോഡ്.
6. P.W.D റോഡിൽ നിന്നും കാപ്പിച്ചേരി വരെയുള്ള റോഡും പളളി റോഡുമായി ബന്ധിപ്പിക്കുക.
7. ഉമ്മാച്ചേരി മുതൽ പാക്കളളിക്കടവുവരെയുള്ള റോഡ്.
8. കോളനി N0.. 137 മുതൽ 138 വരെയുള്ള വഴി 1.5 മീറ്റർ വീതിയിൽ പണിയുക.
9. പാക്കളളിക്കടവുമുതൽ പുത്തൻകളം ഐക്കരകളം വഴി വായനശാലയ്ക്കുള്ള നടപ്പാത മൂന്നടി വീതിയിൽ നിർമ്മിക്കുക.

10. എം.പി. റോഡിൽ നിന്നും പടിഞ്ഞാറോട്ട് കാക്കാരി പറമ്പിൽ ലക്ഷംവീട് കോളനിയിലേയ്ക്കുള്ള മൂന്നടി നടപ്പാത.
11. പളളിറോഡിന്റെ മദ്ധ്യഭാഗത്തുളള പാലത്തിന്റെ അപ്രോച്ച് ശരിയാക്കുക.
12. തൈപ്പറമ്പ് ലക്ഷംവീട്ടിലേക്കുള്ള വഴി.
13. ഒൻപതിൽ പാലം മുതൽ പടിഞ്ഞാറോട്ട് കുഴിക്കാല കോളനിയിലോട്ടുള്ള നടപ്പാത പുതുക്കി മൂന്നടിഅ വീതിയിൽ നിർമ്മിക്കുക.
14. ബാലവാടി മുതൽ മാവേലിക്കളം ലക്ഷംവീടുവരെയുള്ള റോഡ് മൂന്നടി വീതിയിൽ നിർമ്മിക്കുക

(B) പാലം

1. ആലഞ്ചേരിയിൽ നിന്നും പടിഞ്ഞാറോട്ട് പാലം നിർമ്മിക്കുക.
2. ആലഞ്ചേരി കിഴക്കു വശത്ത് കലുങ്ക് പണിയുക.
3. പളളിറോഡിന്റെ അവസാനഭാഗത്ത് കലുങ്ക് പണിയുക.
4. P.W.D. റോഡിൽ നിന്ന് കുഴിക്കാല കോളനിയിൽ നിന്ന് കാർട്ടബിൾ ബ്രിഡ്ജ്.
5. നെല്ലുവേലി ഭാഗത്ത് പാലം പണിയുക.

(C) കല്ലുകെട്ട്

1. കുഴികാലകോളനിയിൽ പണി പൂർത്തിയാക്കാത്ത കല്ല്കെട്ട് പൂർത്തീകരിക്കുക.
2. കോളനി No. 138 മുതൽ കിഴക്കോട്ട് കോളനി No. 113 വരെയുള്ള ആറ്റുതീരത്തിന്റെ കര കല്ലുകെട്ടി സംരക്ഷിക്കുക.
3. കുഴിക്കാല കോളനിയിൽ നിന്നും സെന്റ് ആന്റണീസ് പ്രസ്സ് വരെയുള്ള തോടിന്റെ ഇരുവശവും കല്ലുകെട്ടുക.

വാർഡ് VI

(A) റോഡുകൾ

1. പളളിച്ചിറ ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് മെതിക്കളം വഴി കോട്ടയിൽ കൂടി നെല്ലുവേലിചിറവരെ ട്രാക്ടർറോഡ് നിർമ്മിക്കുക.
2. നാരകത്തറ മുതൽ രാമങ്കരി എടത്വ മുതൽ എട്ടുമീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുക.
3. മുട്ടക്കളം മുതൽ തെക്കോട്ട് വാഴത്തറ വഴി ചന്ദ്രത്തിലൂടെ ഇരുനൂറ്റിനാപ്പത് വരെ ട്രാക്ടർ റോഡ് നിർമ്മിക്കുക.
4. ചിറയിൽ നിന്നും ആഞ്ഞിലിപ്പറമ്പ് വഴി കൊച്ചുപറമ്പ് വരെ റോഡ് നിർമ്മിക്കുക.
5. ആഞ്ഞിലിപറമ്പിൽ നിന്നും വടക്കോട്ട് വാഴപ്പറമ്പ് വരെ.
6. ഇടത്തിൽ നിന്നും മഞ്ഞിപ്പുഴവരെ.
7. ജി.എൽ.പി.എസ്. വരെ പാനിക്കാട വരെ.
8. കല്ലുവേൽ ലക്ഷംവീടു കോളനിയിൽ നിന്നു തെക്കോട്ട് മുട്ടത്തിൽ വരെ.
9. രാമങ്കരി എടത്വാ റോഡിൽ നിന്നും കോട്ടയിലേയ്ക്ക്.
10. കോട്ടയിൽ നിന്നും ഹരിഹരാലയം വഴി ചിറയിൽ വരെ.
11. വടക്കേമാമ്പളളിയിൽ നിന്ന് അകത്തോട്ട് ചിറവഴി ഹരിഹരാലയ് വരെ.
12. കോട്ടയിൽ നിന്നും പാൽപതാം കളത്തിലേയ്ക്ക്.
13. പളളിച്ചിറ ജംഗ്ഷൻ മുതൽ വരിക്കളം വരെ.
14. മാമ്പുഴക്കരി എടത്വാ റോഡിൽ നിന്നും കാട്ടടി വഴി രാമങ്കരി പുതുക്കരി റോഡുമായി ബന്ധിപ്പിക്കുക.(എട്ടു മീറ്റർ വീതിയിൽ)
15. രാമങ്കരി പുതുക്കരി റോഡ് പൂർത്തീകരിക്കുക.
16. രാമങ്കരി പുതുക്കരി റോഡും എടത്വാ രാമങ്കരി റോഡുമായി ബന്ധിപ്പിക്കുക.
17. രാമങ്കരി പുതുക്കരി റോഡിൽ നിന്നും കൈതക്കളം തോട്ടു കടവുവരെയും അവിടെനിന്നും ശക്തിപറമ്പ് ക്ഷേത്രത്തിലേയ്ക്ക്.
18. ജോളി സ്റ്റോഴ്സ് മുതൽ കിഴക്കോട്ട് രാമങ്കരി പുതുക്കരി റോഡുമായി ബന്ധിപ്പിക്കുക.
19. പളളിച്ചിറ മുതൽ ശ്മശാനം വരെ.
20. പതിനഞ്ചിൽ മുതൽ കിഴക്കോട്ട് ദേവസ്വം ചിറ വരെ.

(B) പാലം

1. മെതിക്കളം പാലം (കാർട്ടബിൾ ബ്രിഡ്ജ്)
2. വെളളിക്കര പാലം (കാർട്ടബിൾ ബ്രിഡ്ജ്)
3. പനിക്കാട പാലം (കാർട്ടബിൾ ബ്രിഡ്ജ്)

4. ആശാരുപറമ്പ് പാലം (കാർട്ടബിൾ ബ്രിഡ്ജ്)
5. നാരകത്തറ പാലം (കാർട്ടബിൾ ബ്രിഡ്ജ്)
6. കൊച്ചിച്ചേരി തോടിനു (കലുങ്ക്)
7. വരമ്പിൽ (കലുങ്ക്)
8. കിഴക്കേക്കര ജംഗ്ഷനിൽ (കലുങ്ക്)
9. പടിഞ്ഞാറേ വാടയിൽ (കാർട്ടബിൾ ബ്രിഡ്ജ്)
10. ശ്രാമ്പിക്കൽ പാലം
11. ചന്ദ്രത്തിൽ നിന്തം കിഴക്കോട്ടുപാലം
12. പാട്ടത്തിൽ പാലം
13. ഇല്ലിക്കലിൽ നിന്ന് മാമ്പളളിയിലേയ്ക്ക് (കാർട്ടബിൾ ബ്രിഡ്ജ്)
14. മുട്ടക്കുളത്തുനിന്ന് അകത്തോട്ടു ചിറയിലേയ്ക്ക്. (കാർട്ടബിൾ ബ്രിഡ്ജ്)
15. വളഞ്ചേരിൽ നിന്നും ജി.എൽ.പി.സ്കൂളിലേയ്ക്ക് (കാർട്ടബിൾ ബ്രിഡ്ജ്)

(C) കല്ലുകെട്ട്

1. സെന്റ് പോൾ ചർച്ച് മുതൽ വേഴപ്ര കടത്തുകടവുവരെ ഇരുകരകളും കല്ലു കെട്ടി സംരക്ഷിക്കുക.
2. മുട്ടക്കുളം മുതൽ അഞ്ചു മതസ്ഥർ വരെ ഇരു കരകളും.
3. ഇല്ലിക്കൽ മുതൽ നെല്ലുവേലിചിറവരെ ഇരുകരകളും
4. അകത്തോട്ടു ചിറയിൽ നിന്നും മമ്പളിവരെ ഇരുകരകളിലും
5. ഖാദി തോടിന്റെ തെക്കോട്ടു നാരകത്തറവരെ ഇരുകരളും.
6. മുട്ടകുളത്തുനിന്നും കിഴക്കോട്ടു മുണ്ടുവേലി പറമ്പുവരെ ഇരുവശവും.

വാർഡ് VII

(1) റോഡുകൾ

1. വളളപ്പുരയിൽ നിന്ന് പടിഞ്ഞാറോട്ട് പേരിശ്ശേരി പാലം വരെയും തുടർന്ന് നടുവേലിച്ചിറയിലേയ്ക്കും റോഡ്.
2. കമ്മദ് കളത്തിൽ പാലത്തിൽ നിന്ന് 35ൽ ചിറവരെ റോഡ്.
3. കറുകയിൽ നിന്ന് നെല്ലാർകുന്നു വഴി കുന്നയിൽ വരെ തുടർന്ന് കമ്മദ് കളത്തിൽ പാലം വരെ റോഡ്.
4. അഞ്ചിൽ കടവിൽ നിന്ന് കടവു പുരയ്ക്കൽ വരെ റോഡ്.
5. മുണ്ടുകാട്ടിൽ നിന്നും തുണ്ടിയിൽ വരെ റോഡ്.
6. ഊരുക്കരി അമ്പലപ്പാലത്തിൽ ഇവിടെ നിന്ന് മങ്കുഴിവരെയും തുടർന്ന് അഞ്ചുമനയ്ക്കൽ വരെ റോഡ്.
7. വളളപ്പുരയിൽ നിന്നും വടക്കോട്ട് ക്ഷേത്രം വഴി തിരുമനശ്ശേരി പീടിക വരെ റോഡ്.
8. അഞ്ചുമനയ്ക്കൽ പാടത്തിനുളളിലെ ദ്വീപസമൂഹത്തിനെ ഒന്നിപ്പിക്കുന്നതിന് കൊച്ചുപറമ്പിലേയ്ക്കും നാല്പതാം കളത്തിലേയ്ക്കും മെയിൻറോഡിലേയ്ക്ക് റോഡ് വേണം.
9. രാമങ്കരിയിൽ നിന്നും തുടങ്ങി വേഴപ്ര പളളിച്ചിറയിൽ നിർത്തിയിരിക്കുന്ന റോഡ് പുതുക്കരി വരെ പണി തീർക്കണം.
10. ഊരുക്കരി മിൽമ സെന്റർ മുതൽ പോസ്റ്റോഫീസ് വരെ .
12. 240തിൽ ചിറയിൽ നിന്നും കിഴക്കോട്ടുളള വഴി.

(B) പാലങ്ങൾ

1. വളളപ്പുര പടിഞ്ഞാറു പാലം
2. ചെമ്പകപാലം
3. പീടികചിറയിൽ പാലം
4. പുത്തൻപറമ്പിൽ പാലം
5. തിരുമനശ്ശേരി പീടിക സംഘം
6. 240ൽ ചിറയിൽ നിന്നും കിഴക്കേചിറയ്ക്കുളള പാലം
7. 240ൽ ചിറയിൽ നിന്നും അഞ്ചുമനയ്ക്കൽ പാലം
8. കാഞ്ഞഞ്ചിറക്കാട്ടുപാലം
9. ഊരുക്കരി അമ്പലപാലം
10. 68ൽ പാലം

(C) കൽക്കെട്ട്

1. ഊരുക്കരി മിൽമ മുതൽ തിരുമനശ്ശേരി പീടികവരെ.

2. നുച്ചുവീടുമുതൽ മുരുത്തി ക്ഷേത്രം വരെ.
3. ഊരുക്കരി അമ്പലപാലം മുതൽ അഞ്ചുമനയ്ക്കൽചിറ തുടർന്നു വടക്കോട്ട്.
4. 47ൽ ചിറമുതൽ 35ൽ ചിറവരെയും തുടർന്നു വടക്കോട്ടു നെല്ലാക്കുന്നിൽ വരെയും തുടർന്നു കിഴക്കോട്ട് ചിറ്റേഴത്തു കരവരെ ഇരു കരകളും.
5. പത്തിൽചിറ, കുന്നേൽ, നാല്പതിൽചിറ എന്നീ ഭാഗങ്ങൾ.

വാർഡ് VIII

പാലങ്ങൾ – കലിങ്കുകൾ

1. മങ്കോട്ട പുത്തൻചിറപാലം
2. കൈമതുകളം പാലം
3. പുറക്കരി–നാനൂറു പാലം
4. വേണാട്ടുമുക്കു പാലം
5. കോയിപ്പുറം പാലം
6. 10ൽ കലുങ്ക്
7. തര്യൻപറമ്പുപാലം
8. ജീമംഗലം കലുങ്ക്
9. നാനൂറ് മോട്ടോർതറ കലുങ്ക്
10. കൊക്കിരിക്കൽ പാലം
11. പളളിജെട്ടിപാലം
12. തെളളിയിൽ പാലം
13. അഞ്ചിൽകടവ് കളത്തിൽകടവ് ഓട്ടോപാലം
14. തോണികടവ്പാലം

റോഡുകൾ

1. മാടത്താനി മുതൽ എഴുറ്റിൽ ചിറ പുതുവൽ
2. കളത്തിൽകടവു മുതൽ വേണാട്ടുവഴി തര്യൻപറമ്പ്
3. കൊക്കിരിക്കൽ മുതൽ മങ്കോട്ട വഴി തുണ്ടുപറമ്പ്.
4. മങ്കോട്ട പാല് മുതൽ 5ൽ കടവ് റോഡ്
5. ബ്ലോക്ക് ജെട്ടി മുതൽ ചെമ്പിലാഴി വഴി കോയിപ്പുറം
6. മങ്ങാടി മുതൽ എഴുന്നൂറ്റിൽ ചിറവഴി തോണികടവ്
7. കോയിപ്പുറം മുതൽ ദ്വീപു വഴി തോണികടവ്.
8. തോണികടവു മുതൽ നാഗവളളി വഴി ഇരുനൂറ്റിൽചിറ
9. പളളിക്കടവു മുതൽ 88ൽ ചിറ വഴി തോണിക്കടവ്
10. പളളജെട്ടി പളളിപാലം വഴി കവലയ്ക്ക്
11. പളളി ജെട്ടി മുതൽ പയറ്റുതറ
12. പയറ്റുതറ തോണിക്കടവ്
13. 24ൽ കലുങ്ക്–വെട്ടത്തുവഴി കുളത്തിൽകടവ്
14. ചെമ്പിലാഴിയിൽ കടവുമുതൽ കൊച്ചുകളം വഴി കൊച്ചുപുരയ്ക്കൽ.
15. അഞ്ചിൽ കടവു മുതൽ ആശാൻപറമ്പ് തെക്ക്
16. തുരുത്തിപ്പിടി കച്ചേരി വഴി മാങ്ങായി.
17. കോയിപ്പുറം മുതൽ ചിറയിൽക്കടവ്.
18. അമ്പലംന്തറ മുതൽ പുത്തൻചിറ വരെ
19. ഒറ്റക്കുട മുതൽ മണലിത്തറ വരെ
20. ആശാംപറമ്പ് മുതൽ പുതുക്കരിത്തറ വരെ.

മുട്ടുകൾ

1. കളത്തിൽമുട്ട്
2. തുരുത്തിപീടിക മുട്ട്
3. പനക്കശ്ശേരി മുട്ട്
4. തുരുത്തിൽ മുട്ട്

രാമങ്കരി പഞ്ചായത്ത്

നിലവിലുള്ള റോഡുകൾ

വാർഡ് നംബർ	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	എർത്തേൻ റോഡ്	ട്രാവൽ റോഡ്	ടാർ	മൊത്തം നീളം
I	1	A.C റോഡ് to മണലാടി ആറുതീരംവരെ	1300 M		✓		
	2	കിഴക്കേക്കുറ്റു ജംഗ്ഷൻ മുതൽ N.S.S. കരയോഗം വരെ	2000M		✓		
	3	N.S.S. കരയോഗം മുതൽ കേശവദാസ നാടൻ വരെ	300M		✓		
	4	മിൽപടി മുതൽ പടിഞ്ഞാറേട്ട്	200M		✓		
	5	തോട്ടുകടവുപീടിക മുതൽ പടിഞ്ഞാറോട്ട്	300M		✓		
	6	വല്ല്യവീട്ടൽ മുതൽ കൊച്ചുപറമ്പ് വരെ	200M		✓		
	7	മണലാടിജെട്ടി മുതൽ താഴ്തക്കളം വരെ	150M		✓		
	8	പളളിപാലം മുതൽ മുക്കാപാലം വരെ	500M		✓		
	9	പളളിപാലം മുതൽ കളത്തിൽപടി	900		✓		
	10	അടിപ്പാലം മുതൽറേഷൻകടവഴി മുളവരെ	350M		✓		
	11	മുക്കപാലം മുതൽ 1515 സൊസൈറ്റി വരെ	500M		✓		
	12	പുതുശ്ശേരി മുതൽ കുന്നങ്കരികുളം അമ്പലം വരെ	500M		✓		
	13	A.C. കനമാലിന് സമാന്തരമായി പറകുടി പാടശേഖരം	2500M	✓			
							9.40Km
II	1	രാമങ്കരി എ.സി. റോഡു മുതൽ ചെറുവളളികാവു വരെ	2000M		✓		
	2	കവലയ്ക്കൽ മുതൽ രാമങ്കരി പളളി വരെ	500M		✓		
	3	കോറ്റുവാക്കൽ മുതൽ രാമങ്കരി നഴ്സറിവരെ	500M		✓		
	4	എ.സി. റോഡു മുതൽ 4041 സോസൈറ്റി വഴി ജെട്ടി വരെ	1500M		✓		
	5	എ.സി. റോഡു മുതൽ ആറ്റുതീരം വരെ	1500M			✓	
	6	രാമങ്കരിക്ഷേത്രം മുതൽ മാമ്പുഴക്കരി Bld വരെ	2000	✓			

വാർഡ് നംബർ	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	എർത്തേൻ റോഡ്	ട്രാവൽ റോഡ്	ടാർ	മൊത്തം നീളം
	7	കോന്ത്യാംപറമ്പ് മുതൽ 4041 ബാങ്കുവരെ	500	✓			
	8	പഞ്ചായത്ത് കിണർ മുതൽ കൊച്ചു പുര വരെ	500		✓		
	9	കൊച്ചുപുത്തൻപറമ്പ് മുതൽ വരമ്പിനാത്ര	500		✓		
	10	രാമങ്കരി എൽ.പി.എസ്. മുതൽ നീണ്ടിശ്ശേരി	1000	✓			
	11	വെട്ടത്തുവടക്ക് മുതൽ വേലിക്കെട്ട് വരെ	1000		✓		
	12	ചേന്നാട്ടുശ്ശേരി മുതൽ ആറ്റുതീരം വരെ	1000		✓		
	13	രാമങ്കരി ബോട്ടുജെട്ടി മുതൽ മുക്കം വരെ	1500		✓		
	14	നീണ്ടിശ്ശേരി മുതൽ മയിലക്കോട് വരെ	1000		✓		15 Km
III	1	മാമ്പുഴക്കരി ബ്ലോക്ക് മുതൽ പളളി വരെ	1000		✓		
	2	ബ്ലോക്ക്ജംഗ്ഷൻ മുതൽ അട്ടിജെട്ടി വരെ	1250		✓		
	3	ബ്ലോക്ക്ജംഗ്ഷൻ മുതൽ S.N.D.P.വഴി ആറ്റുതീരം വരെ	1500		✓		
	4	ബ്ലോക്ക് ജംഗ്ഷൻ മുതൽ പോലീസ് സ്റ്റേഷൻ വരെ	2500		✓		
	5	ഉരുത്തറ മുതൽ കരിപ്പറമ്പുവരെ	200		✓		
	6	കയ്യത്തറ മുതൽ കാരിപ്പറമ്പ് പാലം വരെ	100		✓		
	7	കുരിശും തൊട്ടി മുതൽവായനശാല വരെ	300		✓		
	8	പുത്തൻചിറ മുതൽ മാലത്ത് വരെ	100		✓		
	9	വായനശാല പാലം മുതൽ കോയിക്കൽ വരെ	300		✓		
	10	കീരിക്കൽ മുതൽ വലയാട്ട് വരെ	250		✓		
	11	എ.സി. റോഡു മുതൽ പളളിപാലം വരെ	1000		✓		
	12	മാമ്പുഴക്കരി പാലത്തിനു പടിഞ്ഞാറു മുതൽ വടക്കോട്ട്	150		✓		
	13	എസ്.എൻ.ഡി.പി. മുതൽ 18ൽ പാലം വരെ	250		✓		
	14	വാഴക്കൂട്ടം മുതൽ എസ്.എൽ.ഡി.പി. വരെ	400		✓		
	15	വേലംപറമ്പു മുതൽ ആറുപറവരെ	150		✓		
	16	നീണ്ടിശ്ശേരി മുതൽ വൈക്കത്തുശ്ശേരി വരെ	250		✓		
	17	പാലപ്പറമ്പിൽ പാലം മുതൽ അട്ടിജെട്ടി	600		✓		

വാർഡ് നംബർ	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	എർത്തേൺ റോഡ്	ട്രാവൽ റോഡ്	ടാർ	മൊത്തം നീളം
	18	എൽ.പി.എസ്സിനു വടക്ക് ലക്ഷംവീട് വരെ	300		✓		
	19	എ.സി. റോഡു മുതൽ പാണ്ഡളം വരെ	750		✓		
	20	കൈലാത്ത് മുതൽ ലക്ഷം വീടു വരെ	250		✓		
	21	മഠം മുതൽ പത്തിൽ വരെ	400		✓		
	22	ഇല്ലിക്കൽ മുതൽ പതിനഞ്ചു വരെ	100		✓		
	23	കാരിപ്പറമ്പ് മുതൽ ആറ്റു തീരം വരെ	300		✓		
	24	അട്ടിജെട്ടി മുതൽ പളളിവരെ	400		✓		
							12.860 Km
IV	1	ഒന്നാംകോളനി മുതൽ 112 വരെ	3500		✓		
	2	മുട്ടാർ സെന്റർ റോഡ് മുതൽ ഗരുഡാകരി വരെ	100		✓		
	3	കോതേരി മുതൽ തെക്കോട്ട്	250		✓		
	4	കോളനി 24 മുതൽ തെക്കോട്ട് നടപ്പാത	500		✓		
	5	കോളനി 25 മുതൽ തെക്കോട്ട് നടപ്പാത	250		✓		
	6	മംഗലശ്ശേരിചിറ മുതൽ ചെമ്പടിപുതുവൽ	200				
	7	കാഞ്ഞിക്കപ്പാലം മുതൽ ചീരംവേലി വരെ	600				
	8	68കോളനി മുതൽ പെരുമ്പ വരെ	500				
	9	കളത്തിൽ മുതൽ തെക്കോട്ട് അഞ്ചീശ്വര ക്ഷേത്രം	200				
	10	അഞ്ചിൽകടവു മുതൽ മുരിങ്ങകാട് വരെ	600				
							6.650 Km
V	1	വേഴപ്ര കടത്തു കടവു മുതൽ പളളിക്കൂട്ടുമ്മ വരെ	2100				
	2	വേഴപ്രജംഗ്ഷൻ മുതൽ സെന്റ് പോൾ പളളി വരെ	850				
	3	വേഴപ്ര മുതൽ കൊടുപ്പുന്ന വരെ	2000				
	4	കാപ്പിശ്ശേരി മുതൽ പാക്കളളി വരെ	1000				
	5	കാപ്പിശ്ശേരി മുതൽ കുഴിക്കാല വരെ	750				
	6	വേഴപ്രകടത്തു മുതൽ വായനശാല വഴി സെന്റ് പോൾസ് ചർച്ച് വരെ	2000				
							8.700Km

വാർഡ് നംബർ	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	എർത്തേൺ റോഡ്	ട്രാവൽ റോഡ്	ടാർ	മൊത്തം നീളം
VI	1	രാമങ്കരി മുതൽ പുതുക്കരി വരെ	1000				
	2	ജോളിസ്റ്റോർ മുതൽ പുതുക്കരി വരെ	500				
	3	മുട്ടക്കുളം മുതൽ 240ൽ വരെ	1000				
	4	വെള്ളക്കര മുതൽ പള്ളിച്ചിറ വരെ	500				
	5	നാല്യപറ മുതൽ വഴിക്കളം വരെ	400				
	6	കളരിപ്പറമ്പു മുതൽ കാട്ടടി വരെ	300				
	7	അഞ്ചുമനയ്ക്കൽ മുതൽ പള്ളി വരെ	300				
	8	വെള്ളിക്കര മുതൽ നാട്ടകം വരെ	750				
	9	ആശാരുപറമ്പു മുതൽ നെല്ലുവേലി വരെ	600				
	10	വനയതുകുളം മുതൽ സെന്റ് പോൾപള്ളി	150				
	11	ചിറയിൽ മുതൽ നാട്ടകം വരെ	350				
	12	ഗവ. എൽ.പി.എസ്. മുതൽ പനിക്കാട വരെ	100				
	13	ചിറയിൽ മുതൽ ആഞ്ഞിലിപറമ്പ് വരെ	150				
	14	ചക്കുളത്തുമുട്ടു മുതൽ മൂലംകുന്നം വരെ	2500				9.150 Km
VII	1	കമ്മതുകളം നെല്ലാൽകുന്നേൽ	1500				
	2	കമ്മതുകളം പട്ടവുപുരയ്ക്കൽ	750				
	3	68ൽ പാലം മുതൽ 47ൽ ചിറ വരെ	500				
	4	47ൽ മുതൽ 35ൽ ചിറ വരെ	800				
	5	മുണ്ടുകാടു മുതൽ കുന്നേൽ വരെ	200				
	6	കുന്നേൽ മുതൽ കോയിപ്പുരം	300				
	7	കറുകയിൽ മുതൽ നെല്ലാകുന്നേൽ വരെ	900				
	8	വള്ളപ്പുര മുതൽ പേരിശ്ശേരി വരെ	1500				
	9	പേരിശ്ശേരി മുതൽ നെല്ലുവേലി വരെ	300				
	10	നെല്ലുവേലി മുതൽ നടുവിലേച്ചിറ വരെ	200				
	11	പീടികചിറ മുതൽ അമ്പലം വരെ	200				
	12	വള്ളപ്പുര മുതൽ ഊരിക്കരി കൊടുപ്പുന്ന തോടു വരെ	1750				

വാർഡ് നംമ്പർ	ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	എർത്തേൻ റോഡ്	ട്രാവൽ റോഡ്	ടാർ	മൊത്തം നീളം
	13	ഊരിക്കരി മുതൽ 17ൽ വരെ	350				
	14	തിരുമനശ്ശേരി മുതൽ ഏഴാം വാർഡിന്റെ അതിർത്തിവരെ	1000				
	15	കാഞ്ഞിരക്കാട് മുതൽ അഞ്ചുമനയ്ക്കൽ ചിറ വരെ	800				
	16	മങ്കുഴി മുതൽ കാട്ടടി വരെ	250				
	17	അമ്പലം മുതൽ കട്ടത്തറ വരെ	250				
	18	240ൽചിറ മുതൽ വടക്കുവരെ	150				
	19	നടുവിലേച്ചിറ മുതൽ കിഴക്കോട്ടുള്ള വഴി	150				
	20	വേലംപറമ്പു മുതൽ പണ്ടാരശ്ശേരി വരെ	150				
	21	പതാരശ്ശേരി മുതൽ വടക്കോട്ടുള്ള വഴി	50				
	22	രാമങ്കരി മുതൽ പുതുക്കരി	2500				14.550 Km
VIII	1	മങ്കോട്ടപാലം മുതൽ അഞ്ചിൽകടവുവരെ	600				
	2	കൊക്കിരിക്ക മുതൽ മങ്കോട്ട പടിഞ്ഞാറു വരെ	700				
	3	കൊക്കിരിക്ക മുതൽ പുതുക്കരി എടത്വ	150				
	4	കളത്തിൽപാലം മുതൽ ചെമ്പിലമൂല വരെ	900				
	5	മാടത്താനിപാലം മുതൽ തര്യൻപറമ്പ് വരെ	700				
	6	24ൽ പാലം മുതൽ വെട്ടത്തുമൂല വരെ	500				
	7	ചെമ്പിലകടവുമുതൽ കൊച്ചുപുരയ്ക്കൽ വരെ	400				
	8	ജി. മംഗലം പാലം മുതൽ മഠത്തിൽപറമ്പ് വരെ	1500				
	9	മാടത്താനിപാലം മുതൽ പുറക്കരി പടിഞ്ഞാറ് വരെ	600				
	10	കോയിപ്പുറം മുതൽ ദ്വീപു വരെ	300				
	11	തോണിക്കടവു മുതൽ ഇരുനൂറ്റിൽചിറവരെ	1000				
	12	തോണിക്കടവു മുതൽ എഴുനൂറ്റിൽചിറ നാഗവളളി വരെ	600				
	13	പുതുക്കരി പളളക്കടവു മുതൽ 88ൽ ചിറവരെ	1500				
	14	പയറ്റുതറ മുതൽ തെക്കു നാഗവളളി വരെ	750				10.200 Km

5. കൊച്ചുതെളളിയിൽ മുട്ട്
6. ചിറയിൽ മുട്ട്
7. പനയപ്പളളി മുട്ട്

ഊർജ്ജം

മനുഷ്യന്റെ ജീവിതാവശ്യങ്ങൾ നിറവേറ്റുവാനുളള നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി അവന്റെ ആക്രമണത്തിന് വിദേയമായ ആദ്യ ഇര കാടാണ്. എന്തിനാണവൻ ഇതിന് തയ്യാറയത്? ഊർജ്ജവും, ഊർജ്ജം തേടിയുളള അവന്റെ അന്വേഷണത്തിന്റെ ആദ്യവിജയവും ഒരുപക്ഷെ ഇതായിരിക്കാം.

മനുഷ്യൻ അന്നും ഇന്നും ഈ പ്രവണതയെത്തുടർന്നു കൊണ്ടിരിക്കുന്നു ഊർജ്ജം തേടിയുളള അവന്റെ യാത്രയിൽ പ്രകൃതിവിഭവങ്ങളോടുളള അവന്റെ സമീപനത്തിന് മാറ്റം വന്നു. പുതിയ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തപ്പെട്ടു. എങ്കിലും നാമിന്ന് ഗുരുതരമായ ഊർജ്ജപ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ പഞ്ചായത്തിൽ മുഖ്യമായ ഊർജ്ജ സ്രോതസ്സുകളായി നാം ഉപയോഗിക്കുന്നത് വിറകും വൈദ്യുതിയുമാണ്. ബഹുഭൂരിപക്ഷം വീടുകളിലും പ്രാചീരീതിയിലുളള അടുപ്പുകളാണ് ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഊർജ്ജക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയ്ക്ക് അല്പപരിഹാരം സ്വന്തമായി ചെയ്യുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശം 25% വീടുകളിലും കന്നുകാലി വളർത്തുന്നുണ്ട്. ഇവയുടെ ചാണകം ഉപയോഗിച്ച് 'വരളി'യുണ്ടാക്കി പചകത്തിന് ഉപയോഗിക്കാം. ഊർജ്ജക്ഷാമത്തിന് തെല്ലൊരു പരിഹാര് നേടാൻ കഴിയും കേരളത്തിന്റെ പല ഭാഗത്തും വരളി ഉപയോഗിക്കുന്നുണ്ട്.

പാചകത്തിന് അവലമ്പിക്കുന്ന മാർഗ്ഗങ്ങൾ

പ്രശ്നങ്ങൾ

1. തീ കത്തിക്കാൻ നാട്ടിൻപുറത്തുനിന്നും സ്വീകരിക്കുന്ന വസ്തുക്കളുടെ അഭാവം.
2. നിരന്തരമായി വനനശീകരണത്തിന്റെ ഫലമായി അനുഭവപ്പെടുന്ന വിറകിന്റെ ക്ഷാമം.
3. വാങ്ങുന്ന വിറകിന്റെ വിലവർദ്ധന.
4. സാധാരണ അടുപ്പ് സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ.

പരിഹാരങ്ങൾ

1. ഉമിയും അറക്കപ്പൊടിയും പരമാവധി പാചകത്തിനായി ഉപയോഗപ്പെടുത്തുക.
2. വിറക് കൂടുതൽ ലഭിക്കുന്നതിനാൽ തെങ്ങ് മുതലായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.
3. കന്നുകാലികളുളള വീടുകളിൽ ഗോമൂത്രവും ചാണകവും ഉപയോഗിച്ച് മൈനർ ഗോവർ ഗ്യാസ് പ്ലാന്റ് നിർമ്മിക്കാവുന്നതാണ്.
4. പുറംപോക്കിലും പൊതുസ്ഥലങ്ങളിലും വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.
5. പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കുക.
6. ഊർജ്ജം ലഭിക്കുവാനുളള പ്രചരണം.

വൈദ്യുതി

പഞ്ചായത്തിൽ – വീടുകളിൽ വൈദ്യുതി ഉപയോഗിക്കുന്നു. ഇതിനാവശ്യമായ വൈദ്യുതി മങ്കൊമ്പ് 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലഭിക്കുന്നു. പഞ്ചായത്തിലെ വൈദ്യുത ഉപഭോഗകത്തിന്റെ ഉദ്ദേശം 85% ആണ്. കാർഷിക ആവശ്യത്തിന് – വ്യാവസായകാവശ്യത്തിന്.പഞ്ചായത്തിലെ ഇലക്ട്രിക് ലൈനുകളുടെ സ്ഥിതി ഇപ്രകാരമാണ്.

പഞ്ചായത്തിൽ നിലവിലുളള ട്രാൻസ്ഫോർമറുകളുടെ വിശദാംശങ്ങൾ പട്ടികയായി ചേർക്കുന്നു.

പഞ്ചായത്തിലെ തെരുവിളക്കുകളുടെ എണ്ണം ഇപ്രകാരമാണ്.

ഉകരണങ്ങളുടെ എണ്ണം കൃത്യമായി വെളിപ്പെടുത്തുവാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ കൃത്യത അവകാശപ്പെനാവില്ല.

പ്രശ്നങ്ങൾ

1. കാര്യക്ഷമയില്ലാത്ത ഉപകരണങ്ങൾ
2. വോൾട്ടേജ് ക്ഷാമം

3. ടച്ചിംഗ് വെട്ടിമാറ്റുന്നതിൽ കാലതാമസം കൊണ്ട് നഷ്ടപ്പെടുന്ന വൈദ്യുതി.
4. കാര്യക്ഷമത നോക്കാതെയുള്ള പുതിയ കണക്ഷൻ നൽകൽ
5. വൈദ്യുതിയുടെ അമിത ഉപയോഗം
6. വൈദ്യുതിയുടെ അനാവശ്യമായ ഉപയോഗം
7. പുതിയ പദ്ധതികളുടെ അഭാവം

പരിഹാരങ്ങൾ

1. കാര്യക്ഷമതയില്ലാത്ത ഉപകരണങ്ങൾ മാറ്റി പുതിയത് സ്ഥാപിക്കുക.
2. ടച്ചിംഗ് മൂന്നു മാസത്തിലൊരിക്കൽ വെട്ടുക.
3. പുതിയ കണക്ഷനുകൾ നൽകുന്നതോടൊപ്പം ലൈനിന്റെ കാര്യക്ഷമതകൂടി കണക്കിലെടുക്കുക.
4. ഹീറ്ററുകൾ ഉപയോഗിക്കാതിരിക്കുക.
5. അനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ

ഊർജ്ജ ഉപഭോഗ വിവരങ്ങൾ

സ്ത്രോതസ്സ്	കുടുംബങ്ങളുടെ എണ്ണം
L.P.G.	
മണ്ണെണ്ണ	
വിറക്	
മറ്റു ജൈവ വസ്തുക്കൾ	

അടുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ

അടുപ്പിന്റെ സ്വഭാവം	കുടുംബങ്ങളുടെ എണ്ണം
കല്ലടുപ്പ് (മൂന്നുകല്ല്)	10%ന് താഴെ
വശങ്ങൾ അടച്ച അടുപ്പ്	
പരിഷത്ത് അടുപ്പുകൾ	

രാമങ്കരി വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം

ഫാൻ	1840
മിക്സി	300
ഫ്രിഡ്ജ്	72
വാഷിംഗ്മെഷീൻ	5
ഹീറ്റർ	97
ടെലിവിഷൻ	788
പമ്പുസെറ്റ്	763
ബൾബ്	5610
ട്യൂബ്	1091

ഉപയോഗം നിരുത്സാഹപ്പെടുത്തുക.

6. പുതിയ പദ്ധതികൾ ഉടൻ ആരംഭിക്കുക
7. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കഴിവതും ട്യൂബുകളും വൈദ്യുതി ലാഭത്തിനായി അനർട്ടിന്റ് C.F.L. ബൾബുകൾ ഉപയോഗിക്കുക.

മാർക്കറ്റ്

പഞ്ചായത്തിൽ ഇത്രയും നാളായിട്ട് ഒരു ചെറു മാർക്കറ്റ് പോലുമില്ല ഈ പ്രദേശത്തെ ജനങ്ങൾ പ്രധാനമായും സ്വകാര്യ മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്. ഇതിന്റെ ഫലമായി പരോക്ഷമായ ചൂഷണത്തിന് പലപ്പോഴും വിധേയമാകാറുണ്ട്. പഞ്ചായത്തിലെ പ്രധാന ഉല്പന്നങ്ങളായ നാളീകേരവും നെല്ല്, കപ്പ, വാഴക്കുല, പയർവർഗ്ഗങ്ങൾ, മത്സ്യം, മാംസം മുതലായവയുടെ വിപണനവും സ്വകാര്യമാർക്കറ്റുകളെ ആശ്രയിക്കുന്നതിന്റെ ഫലമായി ഈ പ്രദേശത്തെ ജനങ്ങൾക്ക് ഒരു ഉല്പന്നത്തിനുതന്നെ വിലകൊടുക്കേണ്ടി വരുന്നു.

പഞ്ചായത്തിന്റെ ഒരു പൊതു മാർക്കറ്റ് നിർമ്മിക്കുന്നതുവഴി ഇത്തരത്തിലുള്ള ചൂഷണത്തിന് ഒരു പരിധിവരെ പരിഹാര് കണ്ടെത്താവുന്നതും സ്വതന്ത്രമായ വിപണനത്തിന് സാധ്യമാകുന്നതുമാണ്.

പ്രസ്നങ്ങൾ

1. പൊതുമാർക്കറ്റിന്റെ അഭാവം
2. ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിന് പൊതുമാർക്കറ്റിന്റെ അഭാവം മൂലം ബുദ്ധിമുട്ടുകളും ചൂഷണങ്ങളും ഉണ്ടാകുന്നു.
3. പൊതു മാർക്കറ്റിന്റെ അഭാവംമൂലം ഒരു ഉല്പന്നത്തിനു തന്നെ കൊടുക്കുന്ന പല വില
4. സ്വതന്ത്രമായി തെരഞ്ഞെടുക്കാനുള്ള അവകാശം നഷ്ടപ്പെടൽ.

പരിഹാരം

1. പൊതുമാർക്കറ്റ് നിർമ്മിക്കുക.



വിദ്യാഭ്യാസം

സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എന്ന ചിരപുരാതനമായ ആശയം വെല്ലുവിളി നേരിടുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. പൂർണ്ണമായും സർക്കാരുടമസ്ഥതയിലായിരുന്നു നമ്മുടെ പ്രാഥമിക വിദ്യാഭ്യാസരംഗം നിലനിന്നുപോന്നിരുന്നത്. എന്നാൽ "സേവനതുറ" എന്ന കാഴ്ചപ്പാട് വിദ്യാഭ്യാസകച്ചവടത്തിനു വഴിമാറിയതോടെ തർക്കാരിന് ഈ മേഖലയിലുണ്ടായിരുന്ന കുത്തക നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തു. ഈ സ്ഥാനത്തേക്ക് അൺഎയ്ഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ഇരച്ചുകയറ്റം കൂടിയായതോടെ സർക്കാർമേഖല പൂർണ്ണമായും പിന്തള്ളപ്പെട്ടു. ഗ്രാമഗ്രാമാന്തരങ്ങളിൽ പോലും നമുക്ക് ഇത്തരം ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ കാണാൻ കഴിയും. കുട്ടികളെ വീടിനു സമീപത്തുള്ള സർക്കാർ മലയാളം മീഡിയം സ്കൂളുകളിൽ അയക്കാതെ വിദൂരസ്ഥമായ ഇംഗ്ലീഷ്മീഡിയം ബോർഡിംഗ് സ്കൂളിൽ ചേർക്കുന്ന രക്ഷകർത്താക്കൾ ഇന്ന് വളരെ സാധാരണമായിരിക്കുന്നു. എന്തിനേറെ നമ്മുടെ ഗ്രാമങ്ങളുടെ തനിമയായിരിക്കുന്ന "കളരി വിദ്യാഭ്യാസം" (പ്രീ പ്രൈമറി) പോലും ഈ ആംഗലേയതക്ക് മുൻപിൽ ഓച്ഛാനിച്ചു നിൽക്കേണ്ടിവന്നിരിക്കുന്നു. നമ്മുക്ക് ചുറ്റും വളർന്നു വരുന്ന പൊങ്ങച്ച സംസ്ക്കാരത്തിന്റെ ഭാഗമായ ഈ പുതിയ ശൈലി മാറ്റിമറിക്കപ്പെടണം. പ്രീ പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മലയാളത്തിലാക്കണം.

രാമങ്കരി പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസ രംഗം ഒരു ഹൈസ്ക്കൂളും, ഒരു യു.പി.സ്ക്കൂളും, അഞ്ച് എൽ.പി. സ്ക്കൂളും കൊണ്ട് സമ്പുഷ്ടമാണ്. 1898 ൽ ശ്രീചിത്തിതത്തിരുനാൾ ബാലരാമവർമ്മ തമ്പുരാൻ സ്ഥാപിച്ച

വേഴപ്രാ U. P. S. ഉം L. P. S. ഉം ഇതിലുൾപ്പെടുന്നു. പഞ്ചായത്തിൽ പൊതുവിലുള്ള പഠനനിലവാരം ഉയർത്താൻ പഞ്ചായത്ത് തലത്തിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും, അദ്ധ്യാപകരുടെ ആത്മാർത്ഥത വർദ്ധിപ്പിക്കുകയും വേണം.

ഗവ. യു.പി.എസ്, വേഴപ്രാ

ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ഈ വിദ്യാലയം പ്രസിദ്ധികൊണ്ടും പ്രൗഢികൊണ്ടും ഒന്നാംസ്ഥാനത്ത് നിൽക്കുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് ഒരു സ്കൂൾ സ്ഥാപിക്കുക എന്നത് വളരെ വിഷമകരമായ ഒരു ദൗത്യമായിരുന്നു. പഠനം തുടങ്ങുന്ന കാലത്ത് സ്കൂളിനു ചുറ്റും കൃഷി യോഗ്യമല്ലാത്ത പുഞ്ചനിലങ്ങളായിരുന്നു. യാത്രാ സൗകര്യം വളരെ കുറവായതിനാൽ പ്രാപ്തിയുള്ളവർ വള്ളങ്ങളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ നീന്തിയും സ്കൂളിൽ എത്തിയിരുന്നു. 1940 വരെ ഈ സ്ഥിതി നിലനിന്നു. ഈ പ്രദേശത്ത് അന്ന് ധാരാളം ചീങ്കണ്ണികൾ വിഹരിച്ചിരുന്നു. പഠിതാക്കളിൽ പലർക്കും ചീങ്കണ്ണിയുടെ ആക്രമണം നേരിടേണ്ടിയും വന്നിട്ടുണ്ട്. 1950 ൽ A. C. റോഡ് വന്നതിനുശേഷമാണ് ഗതാഗത സൗകര്യങ്ങൾ വികസിച്ചത്.

കലാ കായിക മത്സരങ്ങളിൽ ഈ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ സംസ്ഥാന ദേശീയ തലത്തിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പക്ഷേ കുട്ടനാട്ടിൽ ഏറ്റവുമധികം SC/ST വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂൾ വേഴപ്രാ U.P.S ആയിരിക്കാം. ഈ സ്ക്കൂളിന്റെ ഭാഗമായി മുൻപ് ഒരു ഹരിജൻ വെൽഫയർ ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.

സ്ക്കൂൾ രണ്ട് കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. പ്രധാന കെട്ടിടത്തിന് ബലക്ഷയം നേരിട്ടതിനാൽ അവിടെ പഠനം തുടരാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. ഇവിടെ ലൈബ്രറിയുടെ അഭാവമുണ്ട്.
2. പഠനോപകരണങ്ങളുടെ അപര്യാപ്തത, ഡസ്ക്ക്, മേശ മുതലായ ഫർണിച്ചറുകൾ എന്നിവ പരിഹരിക്കപ്പെടണം.
3. ഇവിടുത്തെ വിദ്യാർത്ഥികൾ ബഹുഭൂരിപക്ഷവും സാധാരണ കർഷകതൊഴിലാളികളുടെ മക്കളാണ്. കുറഞ്ഞു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം ഒരു പ്രധാന പ്രശ്നമാണ്.
4. കുട്ടികളുടെ കായികാരോഗ്യനിലവാരം ഉയർത്താൻ ഒരു ഗ്രൗണ്ടും, പരിശീലകനും അത്യന്താപേക്ഷിതമാണ്.
5. U.P.S ന്റെ കെട്ടിടം പുതുക്കി പണിയണം., കക്കൂസ്, മൂത്രപ്പുര എന്നിവ പുനർനിർമ്മിക്കണം.
6. ഉച്ചക്കഞ്ഞി പാകം ചെയ്യാൻ സ്ഥിരം കെട്ടിടം നിർമ്മിക്കണം.
7. താരതമ്യേന വിദ്യാഭ്യാസ നിലവാരം ഉയർന്ന ഈ സ്ക്കൂളിൽ P.T.A. പ്രവർത്തിക്കുന്നു. മാതൃസംഗമം സജീവമല്ല.
8. സ്ക്കൂൾ തുറക്കുന്ന സമയത്തുതന്നെ പുസ്തകങ്ങൾ ലഭ്യമാക്കണം.

എൻ.എസ്സ്.എസ്സ്.എച്ച്.എസ്സ്. രാമങ്കരി

സ്വകാര്യ മാനേജ്മെന്റിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂൾ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ്. അയൽ പഞ്ചായത്തുകളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ വന്നു പഠിക്കുന്നു.

ആകെ അഞ്ച് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന ഇവിടെ മൂത്രപ്പുര, കക്കൂസ് എന്നിവ ഉപയോഗയോഗ്യമാണ്. ശുദ്ധജലം ലഭ്യമാണ്. ലൈബ്രറി, ലാബറട്ടറി എന്നിവ ശരിയായി പ്രവർത്തിക്കുന്നു. സ്ക്കൂളിന് നല്ലൊരു ഗ്രൗണ്ട് ഉണ്ട്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. പഠന നിലവാരം "പൊതുവേ തൃപ്തികരം" എന്നു മാത്രം വിവക്ഷിക്കാവുന്ന ഇവിടുത്തെ അക്കാദമിക് നിലവാരം ഉയർത്താൻ സ്ക്കൂൾ P.T.A. കൾ സജീവമാക്കണം. അദ്ധ്യാപകർ ശുഷ്കാന്തി കാണിക്കണം.
2. സ്ക്കൂളിലെ കായികദ്ധ്യാപനം മെച്ചപ്പെടുത്തണം.
3. സ്ക്കൂളിൽ നിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നത് ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കപ്പെടണം.
4. സ്ക്കൂൾ ഫർണിച്ചറുകളുടെ അപര്യാപ്തത പരിഹരിക്കപ്പെടണം.
5. സ്ക്കൂളിൽ 2 വർഷം മുൻപ് വരെയുണ്ടായിരുന്ന N.C.C യൂണിറ്റ് നഷ്ടപ്പെട്ടു. അത് പുനസ്ഥാപിക്കണം.
6. ലൈബ്രറിയിൽ മാപ്പുകൾ, ചാർട്ടുകൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവ അപര്യാപ്തമാണ്.
7. ഒരു കക്കൂസും, മൂത്രപ്പുരയും പുതുതായി നിർമ്മിക്കപ്പെടണം.

സെന്റ്. മേരീസ് എൽ.പി.സ്ക്കൂൾ, മണലാടി

രാമങ്കരി പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്നു. കത്തോലിക്ക സഭയുടെ ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ വരുന്ന ഒരു അംഗീകൃത വിദ്യാഭ്യാസ സ്ഥാപനമാണിത്.

പ്രധാനമായും ഓരു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇവിടെ ഫർണിച്ചറുകൾ അത്യാവശ്യം ഉണ്ട്. പഠനത്തിന് യോജിച്ച പ്രശാന്ത സുന്ദരമായ കാലാവസ്ഥയാണ് ഇവിടത്തേത്. P.T.A ശരിയായി പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ, സാധ്യതകൾ

1. ഇവിടെ അത്യാവശ്യമായും ഒരു കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കണം.
2. ശുദ്ധജലം ലഭ്യമല്ല, ഉച്ചക്കഞ്ഞി വയ്ക്കാൻ സ്ഥിരം കെട്ടിടമില്ല. ഇവ പരിഹരിക്കപ്പെടണം.
3. പഠനോപകരണങ്ങൾ, ഗ്രൗണ്ട് എന്നിവ ലഭ്യമല്ല.
4. കുട്ടികൾക്ക് കലാ കായിക പരിശീലനകൊടുക്കണം.
5. എഫ്. പി. എം. എൽ. പി. സ്ക്കൂൾ, മാമ്പുഴക്കരി

ഈ സ്ക്കൂൾ രാമങ്കരി പഞ്ചായത്തിൽ മാമ്പുഴക്കരി മൂന്നാം വാർഡിൽ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിലെ ഈ സ്ക്കൂളിന് സർക്കാർ അംഗീകാരമുണ്ട്. സാമാന്യേന ഉയർന്ന വിദ്യാഭ്യാസം നിലവാരം ഇവിടുത്തെ പ്രത്യേകതയാണ്.

രണ്ടു കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന സ്ക്കൂളിന് അത്യാവശ്യം ഒരു മുറികൂടി വേണം. ശുദ്ധജലം സ്ക്കൂൾ ക്യാമ്പസിൽ തന്നെ ലഭ്യമാണ്. ലൈബ്രറി, ലാബറട്ടറി എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ, സാധ്യതകൾ

1. സ്ക്കൂളിന് ഒരു മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കണം.
2. ഫർണിച്ചറുകൾ അപര്യാപ്തമായതിനാൽ കൂടുതൽ വാങ്ങണം.
3. ഉച്ചക്കഞ്ഞി വിതരണത്തിന് സ്ഥിരം സാമ്പത്തിക സഹായം ചെയ്യണം.
4. സ്ക്കൂളിലെ പഠനോപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കപ്പെടണം.
5. കലാ കായിക വികസനലക്ഷ്യം വെച്ച് കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനവും, പരിശീലനവും കൊടുക്കണം.

ഗവ. എൽ. പി. സ്ക്കൂൾ, രാമങ്കരി.

ഏകദേശം അൻപത് വർഷത്തോളം പഴക്കമുള്ള സ്ക്കൂളിലാണ് ഇപ്പോൾ വെളിയനാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പ്രവർത്തിക്കുന്നത്. മുൻപ് ഇവിടെ 1 മുതൽ 5 വരെ ക്ലാസ്സുകൾ പഠിപ്പിച്ചിരുന്നു.

സ്ക്കൂൾ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂത്രപ്പുര, കക്കൂസ് എന്നിവ നാമമാത്രമായുണ്ട്. നല്ലനിലയിൽ പ്രവർത്തിക്കുന്ന ലാബറട്ടറി, ലൈബ്രറി എന്നിവയുടെ സ്ക്കൂൾ P.T.A. ശരിയായി പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ, സാധ്യതകൾ

1. അദ്ധ്യാപകരുടെ എണ്ണത്തിലുണ്ടായ കുറവ് ഈ സ്ക്കൂളിന്റെ പഠന നിലവാരത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഇത് പരിഹരിക്കപ്പെടണം.
2. മൂത്രപ്പുരയും, കക്കൂസും പുനരുദ്ധരിക്കണം.
3. ഫർണിച്ചറുകളുടെ അഭാവം ശരിയായി അനുഭവപ്പെടുന്നു.
4. കുട്ടികളുടെ കായിക വികസനത്തിന് വേണ്ടി ശരിയായ പരിശീലനം നൽകണം.
5. സ്ക്കൂൾ തുറക്കുന്ന സമയത്ത് തന്നെ പാഠപുസ്തകങ്ങൾ കൃത്യമായും എത്തിക്കണം.

ഗവ. എൽ. പി. ജി. സ്ക്കൂൾ, വേഴപ്ര

രാമങ്കരി പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഏറ്റവും പഴക്കം ചെന്ന ഇതിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ഇടക്കാലത്ത് പെൺകുട്ടികൾക്ക് മാത്രമേ ഇവിടെ പ്രവേശനം കൊടുത്തിരുന്നുള്ളു. അതിനാൽ ഇതിനെ പെൺപള്ളിക്കൂടം എന്ന് വിളിച്ചു പോരുന്നു.

ആകെ ഒരു കെട്ടിടമാണു ഉള്ളത്. കക്കൂസ്, മൂത്രപ്പുര എന്നീ സൗകര്യങ്ങളുണ്ട്. ലൈബ്രറി നല്ല നിലയിൽ പ്രവർത്തിക്കുന്നു. P.T.A., മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ, സാധ്യതകൾ

1. ഉച്ചക്കഞ്ഞി പാകം ചെയ്യാൻ ഒരു സ്ഥിരം കെട്ടിടം വേണം. സ്ക്കൂളിന് ഒരു മുറികൂടി വേണം.
2. ലാബറട്ടറി സൗകര്യം ലഭ്യമല്ല.
3. ആവശ്യത്തിന് ഫർണിച്ചറുകൾ വേണം.

പി. കെ. ഇ. റ്റി. എൽ. പി. എസ്സ്. പുതുക്കരി.

പുതുക്കരി കുളങ്ങര എഡ്യൂക്കേഷൻ ട്രസ്റ്റ് എന്നു പേരുള്ള ഈ സ്ക്കൂൾ ഗവൺമെന്റ് അംഗീകാരത്തോ

ടുകൂടി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ VIII- ാം വാർഡിൽ പ്രവർത്തിക്കുന്നു.

ആകെ രണ്ടു കെട്ടിടങ്ങളിലായി സ്ക്കൂൾ പ്രവർത്തിക്കുന്നു. കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഉണ്ട്. കുട്ടികളുടെ വിജ്ഞാനത്തിനു വേണ്ടി സയൻസ് കോർണർ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ, സാധ്യതകൾ

1. സ്ക്കൂളിൽ ശുദ്ധജല ദൗർലഭ്യം ഉണ്ട്. അത് പരിഹരിക്കപ്പെടണം.
2. സ്ക്കൂൾ ലൈബ്രറി സ്ഥാപിക്കണം.
3. വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ എത്താനുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.
4. സ്ക്കൂളിൽ ബഞ്ച്, ഡസ്ക്ക് തുടങ്ങിയ ഫർണിച്ചറുകളുടെ അഭാവമുണ്ട്. പഠനോപകരണങ്ങൾക്ക് ദുർലഭമാണ്. ഇവ പരിഹരിക്കപ്പെടണം.
5. P.T.A, മാതൃസംഗമം എന്നീ പരിപാടികൾ മെച്ചപ്പെടുത്തി പഠന നിലവാരം ഉയർത്തണം.
6. വിദ്യാർത്ഥികൾക്ക് ശരിയായ കലാ കായിക പരിശീലനം നല്കണം.

രാമങ്കരി NSS ഹൈസ്ക്കൂൾ
SSLC വിജയശതമാനം - കഴിഞ്ഞ 5 വർഷങ്ങളിൽ



പട്ടിക 1A _വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ		
			ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1.	എൻ.എസ്.എസ്. എച്ച്.എസ്. രാമങ്കരി	എയ്ഡ്സ്	240	208	448
2.	ഗവ. U.P.S.വേഴപ്രാ	സർക്കാർ	75	76	151
3.	സെന്റ്. മേരീസ് U.P.S. മണലാടി	എയ്ഡ്സ്	53	50	103
4.	ഗവ. L.P.S. രാമങ്കരി	സർക്കാർ	46	56	102
5.	F.P.M.L.P. സ്ക്കൂൾ, മാമ്പുഴക്കരി	എയ്ഡ്സ്	123	99	222
6.	ഗവ. L.P.S. വേഴപ്രാ	സർക്കാർ	54	49	103
7.	P.K.E.T.L.P.S.പുതുക്കരി	എയ്ഡ്സ്	71	68	139
	ആകെ		662	606	**1268**

അവലംബം : സ്ക്കൂൾ രേഖകൾ

പട്ടിക 1B വിദ്യാർത്ഥികളുടെ വിവരങ്ങൾ

ആകെ വിദ്യാർത്ഥികൾ	എൽ.പി		യു.പി.		ഹൈസ്ക്കൂൾ	
	ആൺകുട്ടി.	പെൺകുട്ടി	ആൺകുട്ടി.	പെൺകുട്ടി.	ആൺകുട്ടി.	പെൺകുട്ടി.
1268	374	351	137	118	151	137

അവലംബം : സ്ക്കൂൾ രേഖകൾ

പട്ടിക 1C. _പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

എൽ.പി			യുപി.			ഹൈസ്ക്കൂൾ		
ആകെ വിദ്യാർത്ഥികൾ	SC/ST വിദ്യാർത്ഥി	SC/ST ശതമാനം	ആകെ വിദ്യാ.	SC/ST വിദ്യാ	SC/ST ശതമാനം	ആകെ വിദ്യാ	SC/ST വിദ്യാ	SC/ST ശതമാനം
725	89	12.28	255	66	25.88	288	76	26.39

അവലംബം : സ്ക്കൂൾ രേഖകൾ

പട്ടിക 1 D തോറ്റു പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ.	പെൺ.	ആകെ	ആൺ.	പെൺ.	ആകെ
22	7	29	20	15	35

അവലംബം : സ്ക്കൂൾ രേഖകൾ

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയൊരു ശതമാനം . കുട്ടികൾ കൊഴിഞ്ഞുപോകുന്നു. 1995-96 ൽ കൊഴിഞ്ഞുപോയവരുടെ എണ്ണം 17 ആണ്. അതിൽ SC/ ST വിഭാഗക്കാർ 5 ആണ്.

പട്ടിക - II ഭൗതിക, സാഹചര്യങ്ങൾ

No.	സ്ക്കൂൾ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	N.S.S.H.S.Ramankary	3	1	ഉണ്ട്	ഉണ്ട്
2.	Govt. U.P.S. Vezhapra	2	1	ഉണ്ട്	ഉണ്ട്
3.	St. Mary's L.P.S. Manalady	2	ഇല്ല	ഇല്ല	ഉണ്ട്
4.	Govt. L.P.S. Ramankary	1	1	ഇല്ല	ഉണ്ട്
5.	F.P.M.L.P.S Mampuzhakkary	2	ഇല്ല	ഉണ്ട്	ഉണ്ട്
6.	Govt. L.P.G. School, Vezhapra	2	1	ഇല്ല	ഉണ്ട്
7.	P.K.E.T. L.P.S. Puthukkary	2	ഇല്ല	ഇല്ല	ഇല്ല

സാധ്യതകൾ

1. രാമങ്കരി പഞ്ചായത്തിൽ ഒരു ടെക്നിക്ക് സ്ക്കൂളിന്റെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾ കുറച്ചു മാത്രമുള്ള ഗവ. L.P.S. വേഴപ്രയും ഗവ. U.P.S. വേളപ്രയും സംയോജിച്ചുകൊണ്ടു ഗവ. U.P.S. വേഴപ്ര ഒരു ടെക്നിക്കൽ സ്ക്കൂളായി മാറ്റുന്നതിനുള്ള നട പടി ഉണ്ടാകണം.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

S.No.	സ്ഥാപനത്തിന്റെ പേര്
1.	ബ്രില്ല്യന്റ് കോളേജ്, രാമങ്കരി
2.	നാഷണൽ കോളേജ്, രാമങ്കരി
3.	യൂണിവേഴ്സൽ കോളേജ്, രാമങ്കരി.

പട്ടിക 3. 2.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	കോഴ്സിന്റെ ഗവൺമെന്റ് അംഗീകാരം	നടത്തുന്ന കോഴ്സ്
		സർക്കാർ സ്വകാര്യം		
1.	നേതാജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ	x	ഉണ്ട്	ടൈപ്പ്റൈറ്റിംഗ് ഷോർട്ട്ഹാൻഡ്
2.	J.J. ടൈപ്പ് റൈറ്റിംഗ് സെന്റർ	x	ഉണ്ട്	"
3.	P.C. ടെക്. കംപ്യൂട്ടർ സെന്റർ	x	ഇല്ല	കംപ്യൂട്ടർ കോഴ്സുകൾ

സാങ്കേതികേതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	കോഴ്സിന്റെ ഗവൺമെന്റ് അംഗീകാരം	നടത്തുന്ന കോഴ്സ്
		സർക്കാർ സ്വകാര്യം		
1.	യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസ്	x	ഇല്ല	നേഴ്സിംഗ് & ലാബ് ടെക്നിഷ്യൻ
2.	നാഷണൽ പ്രീ.പ്രൈമറി ടീച്ചേഴ്സ് ട്രയിനിംഗ് സ്ക്കൂൾ	x	ഇല്ല	പ്രീ.പ്രൈമറി ടീച്ചേഴസ് ട്രെയിനിംഗ്.

പട്ടിക 3.3

രാമങ്കരി പഞ്ചായത്ത് - വിദ്യാഭ്യാസസ്ഥാപനങ്ങൾ

No.	Schools			Nursery/ Balavadies	Technical Institutions	Parallel Colleges	Paramedical Institution	Training Institute
	LP	UP	HS					
1.	1							
2.	1		1	1	3	3	1	1
3.	1			1	1			
4.								
5.								
6.		1	1					
7.								
8.	1							
ആകെ	5	1	1	4	4	3	1	1

പട്ടിക 3. 1.

രാമങ്കങ്കരി പഞ്ചായത്തിലെ ഓരോ സ്കൂളിലെയും വിദ്യാർത്ഥികളുടെ എണ്ണം.





സംസ്കാരം

കുട്ടനാടിന്റെ സാംസ്കാരിക പൈതൃകത്തിന്റെ പാരമ്പര്യം അവകാശപ്പെടാവുന്ന പഞ്ചായത്താണ് രാമങ്കരി. കുട്ടനാടെന്നു കേൾക്കുമ്പോൾതന്നെ നമ്മുടെ മനസ്സിൽ ഓടിയെത്തുന്ന ചിത്രം ജലോൽസവങ്ങളും ജലാശയങ്ങളുമൊക്കെയാണ്. രാമങ്കരിയിലും, ആയില്യം മകം ആഘോഷത്തോടനുബന്ധിച്ച് പ്രശസ്തമായ വള്ളംകളി അടുത്തകാലം വരെ നടന്നിരുന്നു. കുട്ടനാട്ടിലെ പ്രമുഖമായ വള്ളംകളികളിൽ ഒന്നായിരുന്നു ഇതെന്നാണ് പഴമക്കാർ പറയുന്നുത്. കൂടാതെ പരമ്പരാഗത നാടൻ കലാരൂപങ്ങൾ അതിന്റെ എല്ലാവിധ പ്രൗഢിയോടും കൂടി നിറഞ്ഞുനിന്നിരുന്നകാലവും പഞ്ചായത്തിനുണ്ടായിരുന്നു. പ്രശസ്തരായ കലാകാരന്മാരെയും സാംസ്കാരിക നായകന്മാരെയും കായിക താരങ്ങളെയും സൃഷ്ടിക്കുന്നതിനും ഇവിടുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്.

വിവിധ മത വിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ പൂർവ്വികന്മാർ കാട്ടിയ മാതൃക നിലനിർത്തിക്കൊണ്ടു പോരുന്നതിൽ പുതിയ തലമുറയും ശ്രദ്ധ വയ്ക്കുന്നുണ്ടെന്നുള്ളത്

അഭിമാനിക്കത്തക്ക സംഗതിയാണ്. ജാതീയപരമായ ഉച്ചനീചത്വങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നിലനിന്നിരുന്നുവെങ്കിലും മതസൗഹാർദ്ദത്തെ തകർക്കുന്ന രീതിയിലുള്ള വർഗ്ഗീയ സംഘട്ടനങ്ങൾ ഒന്നും തന്നെ നടന്നതായി അറിവൊന്നുമില്ല. ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുന്നതിലും, അവശജനവിഭാഗങ്ങളെ സമൂഹത്തിൻറെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കാരണഭൂതമായത് ഇവിടുത്തെ പുരോഗമനപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന ത്യാഗോജ്ജ്വല സമരങ്ങളായിരുന്നു. അയ്യങ്കാളിയും ശ്രീനാരായണഗുരുവും ഇവിടം സന്ദർശിച്ചിരുന്നു.

ഹിന്ദുക്കളും ക്രിസ്ത്യാനികളും ആണ് ഇവിടുത്തെ ജനസംഖ്യയിൽ കൂടുതൽ. മുസ്ലീം ജനവിഭാഗത്തിന്റെ എണ്ണം തുലോം കുറവാണ്. മൂന്ന് മുസ്ലീം കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും അനവധി ആരാധനാലയങ്ങൾ പഞ്ചായത്തിലുണ്ട്. മുസ്ലീം ദേവാലയങ്ങൾ ഒന്നും ഇല്ല. ഇവിടുത്തെ ആരാധനാലയങ്ങളിൽ ഏറ്റവും പഴക്കമുള്ളത് ഊരുക്കരി ശ്രീധർമ്മശാസ്താ ക്ഷേത്രമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രത്തിന് സമ്പന്നമായ ചരിത്രപാരമ്പര്യവും ഉണ്ട്. വിവിധ ആചാരാനുഷ്ഠാനങ്ങൾ ക്ഷേത്രത്തിനോടനുബന്ധിച്ച് നടന്നിരുന്നു. അവയിൽ പ്രമുഖമായിരുന്നു വർഷംതോറും നടന്നുവന്നിരുന്ന വില്ലുപൂട്ട് എന്ന ചടങ്ങ്. ഇതിന്റെ ഐതീഹവും മറ്റും ചരിത്രം എന്ന അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള സാംസ്ക്കാരിക ശ്രോതസ്സുകൾ

സാംസ്ക്കാരിക പുരോഗതിയുടെ ആണിക്കല്ലുകളാണ് ഗ്രന്ഥശാലകൾ. അറിവിന്റെ ലോകത്തിലേയ്ക്ക് വാതിൽ തുറക്കുന്ന ഗ്രന്ഥ ശാലകൾ നാടിന്റെ സാംസ്ക്കാരിക പുരോഗതിയുടെ അഭിഭാജ്യ ഘടകങ്ങളാണ്. ലൈബ്രറികളുടെ എണ്ണത്തിൽ സമ്പന്നമല്ലെങ്കിലും ഉള്ളവ മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ മൂന്നു ഗ്രന്ഥശാലകൾ ആണ് പ്രവർത്തി ക്കുന്നത്. ഊരുക്കരി പബ്ലിക് ലൈബ്രറി, വേഴപ്ര പബ്ലിക് ലൈബ്രറി, മാമ്പുഴക്കരി പബ്ലിക്ലൈബ്രറി എന്നിവയാണ് ആ സ്ഥാപനങ്ങൾ.

ഗ്രന്ഥശാലകളുടെ പ്രവർത്തനം പൊതുവെ മെച്ചപ്പെട്ടു വരുന്നതായാണ് കണ്ടു വരുന്നത് എങ്കിലും സാമ്പത്തികത്തിന്റെ ലഭ്യതകുറവ് ഒരു പ്രധാന വിഷയമാണ്. പഞ്ചായത്തിൽ നിന്നും നാമമാത്രമായ തുകയാണ് ഗ്രാന്റായി കൊടുക്കുന്നത്. ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ലഭിക്കുന്ന ഗ്രാന്റാണ് മുഖ്യ ആശ്രയം. ഗ്രന്ഥശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽനിന്നും കൂടുതൽ തുക ഗ്രാന്റ് അനുവദിക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥശാലകളുടെ വിവരം

വാർഡ്	ലൈബ്രറിയുടെപേര്	ഗ്രേഡ്	പുസ്തകങ്ങൾ	ഗ്രന്ഥശാലാ ഗ്രാന്റ് വിവരം
7	ഊരുക്കരി പബ്ലിക് ലൈബ്രറി	A	10000	ഉണ്ട്
6	വേഴപ്രാ പബ്ലിക്ലൈബ്രറി	B	5000	ഉണ്ട്
3	മാമ്പുഴക്കരി പബ്ലിക്ലൈബ്രറി	B	4750	ഇല്ല

പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള ദിനപത്രം മലയാള മനോരമ ആണ്. തൊട്ടടുത്ത് മാതൃഭൂമിയാണ്. ദേശാഭിമാനി, കേരളകൗമുദി, ദീപിക, ഇൻഡ്യൻ എക്സ്പ്രസ് എന്നീ ദിനപത്രങ്ങളും പ്രചാരത്തിലുണ്ട്. വാരികകളിൽ മനോരമയും മംഗളവും വളരെ മുമ്പിൽ നിൽക്കുന്നു. വനിത, ഗൃഹലക്ഷി തുടങ്ങിയ വനിതാ വാരികകളും മാതൃഭൂമി ആഴ്ചപതിപ്പ്, ഭാഷാ പോഷിണി മാസിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിലുണ്ട്. പ്രശസ്തമായ മറ്റ് ഇംഗ്ലീഷ്, മലയാള പ്രസിദ്ധീകരണങ്ങളും കുറഞ്ഞതോതിൽ ആണെങ്കിലും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. പ്രാദേശിക മായ സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലിവിൽ ഇല്ല.

ദിനപത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പ്രചാരം

ദിനപത്രങ്ങൾ	കോപ്പികൾ	വാരികകൾ	കോപ്പികൾ	മാസികകൾ/ദ്വൈവാരികൾ	കോപ്പികൾ
മനോരമ	270	മാതൃഭൂമി	22	വനിത	46
മാതൃഭൂമി	61	മാതൃഭൂമി	22	ഭാഷാപോഷിണി	32
ദേശാഭിമാനി	110	ചിത്രഭൂമി	12	ഗൃഹലക്ഷ്മി	28
കേരളകൗമുദി	92	തൊഴിൽവാർത്ത	45	മാതൃഭൂമിസ്പോർട്ട്സ്	22
ദീപിക	ലഭ്യമല്ല	കലാകൗമുദി	32	കർഷകശ്രീ	21
ഇൻഡ്യൻ എക്സ്പ്രസ്	ലഭ്യമല്ല	മംഗളം	207	ബാലരമ	70
				ബാലഭൂമി	36
				യുറീക്കാ	16

പഞ്ചായത്തിൽ നിലവിൽ രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായി കുറെയേറെ ക്ലബ്ബുകളും, കലാ സമിതികളും പ്രവർത്തിക്കുന്നുണ്ട്. ഇവയൊക്കെത്തന്നെ പഞ്ചായത്തിന്റെ സാംസ്ക്കാരിക പുരോഗതിയിൽ ചെറുതല്ലാത്ത സംഭാവനങ്ങൾ നൽകുന്നുണ്ട്. മുൻകാലങ്ങളിൽ സമർത്ഥമായ കലാകായിക പാരമ്പര്യം രാമങ്കരിക്കുണ്ടായിരുന്നു. കുട്ടനാടിന്റെ തന്നെ സാംസ്കാരികരംഗത്ത് ശ്രദ്ധനേടിയ ചില കലാസമിതികൾ രാമങ്കരിയിൽ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ ടാഗോർ കലാകേന്ദ്രം വേഴപ്ര, പ്രതിഭാ, സ്പാർക്ക്, രാമങ്കരി യുവശക്തി ആർട്ട്സ് മാമ്പുഴക്കരി എന്നിവയുടെ പേർ എടുത്തുപറയേണ്ടതാണ്. കുട്ടനാട്ടിലെ അക്കാലത്തെ ഏറ്റവും മികച്ച പ്രൊഫഷണൽ നാടകട്രൂപ്പുകളിലൊന്നായിരുന്നു ടാഗോർ കലാകേന്ദ്രം. കേരളത്തിൻരെ വിവിധ ഭാഗങ്ങളിൽ അവർ നാടകം കളിച്ചിട്ടുണ്ട്. പ്രതിഭാ സ്പാർക്കും മറ്റൊരു പ്രമുഖ നാടക സമിതിയായിരുന്നു. ഇവരും വിവിധ സ്ഥലങ്ങളിൽ നാടകം അവതരിപ്പിച്ചിരുന്നു. യുവശക്തിയും നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ക്ലബ്ബ് ആയിരുന്നു. ഡാൻസർ ശ്രീ രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു ബാലെ ട്രൂപ്പും ഇവിടെ പ്രവർത്തിച്ചിരുന്നു. വിപഞ്ചിക നാടകവേദി എന്ന ഒരു നാടകട്രൂപ്പും രാമങ്കരിയിൽ പ്രവർ ത്തിച്ചിരുന്നു.

ഒരു ഡസനിലധികം ക്ലബ്ബുകളിപ്പോൾ രാമങ്കരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതും ഓണാഘോഷം എന്ന ഒറ്റപരിപാടിയിലൂടെ തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ച് കടന്നുപോകുന്നവരാണ്. എങ്കിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഊരുക്കരി സ്കാർ യുവചേതനപോലെയുള്ള ക്ലബ്ബുകൾ ഉണ്ടെന്നുള്ളതു നമുക്ക് ആശ്വസിക്കാൻ വക നൽകുന്നു. ഇപ്പോൾ പഞ്ചായത്തിൽ ശ്രദ്ധിക്കപ്പെടുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകൾ ഇവയാണ്.

1. സ്ക്കാർ യുവചേതന ഊരുക്കരി – Affiliated to Nehru Yuvak Kendra
2. പ്രതിഭാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് രാമങ്കരി – Affiliated to Amature Athletic Association– Alappuzha.
3. പ്രതിഭാ ബോട്ട്ക്ലബ്ബ് രാമങ്കരി
4. മഹാത്മാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് മാമ്പുഴക്കരി.
5. സമാഷ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് വേഴപ്ര
6. റെഡ്സ്റ്റാർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് വേഴപ്ര
7. വികാസ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് മാമ്പുഴക്കരി
8. വിന്നേഴ്സ് ക്ലബ്ബ് മാമ്പുഴക്കരി
9. ജയസൂര്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് മാമ്പുഴക്കരി.
10. മംഗളം കലാസാഹിത്യവേദി മണലാടി.

മുൻകാലങ്ങളിൽ സമൃദ്ധമായ കായികപാരമ്പര്യവും രാമങ്കരിക്കുണ്ടായിരുന്നു. ധാരാളം നല്ല തുഴച്ചിൽക്കാർ ഉണ്ടായിരുന്ന നാടാണിത്. കേരളത്തിലെ വിവിധ ജലോൽസവങ്ങളിൽ രാമങ്കരിയിലെ തുഴച്ചിൽക്കാർ വെന്നിക്കൊടി പാറിച്ചിട്ടുണ്ട്. ഇപ്പോൾ പ്രിതിഭാ ബോട്ട്ക്ലബ്ബ് എന്ന തുഴച്ചിൽക്ലബ്ബ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പുളിങ്കുന്ന് രാജീവ് ട്രോഫിയിലും മറ്റും നല്ല പ്രകടനം കാഴ്ചവയ്ക്കുവാൻ പ്രതിഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

കായികരംഗത്ത് പേരെടുത്ത വ്യക്തികളെ സൃഷ്ടിക്കാൻ രാമങ്കരിക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഒട്ടുംതന്നെ ഇല്ല എന്നു പറയം. പഞ്ചായത്തിനു സ്വന്തമായി ഒരു മൈതാനം ഇല്ല. പഞ്ചയാത്ത് സ്റ്റേഡിയം നിർമ്മിക്കുന്തിനായി പാഴ്നിലം വേഴപ്രയിൽ വിലയ്ക്കു വാങ്ങിയെങ്കിലും, അത് നികത്തി മൈതാനമുണ്ടാക്കുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെ നടന്നിട്ടില്ല. കായികതാരങ്ങൾക്ക് പരിശീലത്തിനും മറ്റുമായി ഗ്രൗണ്ടില്ലാതെ, അവരുടെ കായികഭാവി മുരടിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ ഒട്ടും കാലതാമസംകൂടാതെ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം നമുക്ക് പൂർത്തിയാക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വൈജ്ഞാനിക പുരോഗതിക്കായി ഒരു സാംസ്കാരിക കേന്ദ്രം പഞ്ചായത്തിൽ പണിയുന്നതിന് വർഷങ്ങൾക്കു മുൻപേ ശ്രമം ആരംഭിച്ചെങ്കിലും അതിന്റെ നിർമ്മാണം തുടങ്ങുവാൻ കഴിഞ്ഞില്ല. പക്ഷെ അടുത്തകാലത്ത് ഇതിന്റെ പണി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയത് ശുഭോദാർകമാണ്. 1997 ഫെബ്രുവരിയോടെ സാംസ്കാരിക നിലയം പണി പൂർത്തിയാകും.

രാമങ്കരി നിവാസികളുടെ ചിരകാല അഭിലാഷമാണ് ഇവിടെ ഒരു ഓഡിറ്റോറിയം പണിയുക എന്നത്. ഒരു ഓഡിറ്റോറിയം ഇല്ലാത്തതിനാൽ, കലാപരിപാടികളോ, പൊതുയോഗങ്ങളോ, വിവാഹാദി മംഗളകർമ്മങ്ങളോ നടത്തുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

ടെലിവിഷൻ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം ഗൗരവപൂർവ്വം ചർച്ചചെയ്യേണ്ടിയിരിക്കുന്നു. കൗമാരക്കാരിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ടെലിവിഷന്റെ സ്വാധീനം പെട്ടെന്നറിയാൻ കവിയും. പഠനത്തെയും മറ്റു ദൈനംദിനപ്രവർത്തനങ്ങളെയും ടി.വി.കാഴ്ച ദോഷകരമായി ബാധിക്കുന്നു എന്നുള്ളതാണ് സത്യം. വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്ന വളരെ നല്ല പരിപാടികൾ ദൂരദർശൻ സംപ്രേഷണം ചെയ്യുന്നുണ്ടെങ്കിലും, പൊതുവെ നിലവാരം കുറഞ്ഞ സീരിയലുകളും ടെലിഫിലിമുകളും കൂടി സംപ്രേഷണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ 588 ടി.വി. സെറ്റുകളുണ്ട്. ശരാശരി 6000ത്തോളം പേർ ഒരു ദിവസം ടി.വി. കാണുന്നു. പഞ്ചായത്തിൽ വേഴപ്ര കേന്ദ്രീകരിച്ച് ഒരു കേബിൾ ടി.വി. നെറ്റ്വർക്ക് സെന്ററും പ്രവർത്തിക്കുന്നു.

കായികപരിശീലനത്തിന്റെ അഭാവം നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രധാനമായും കളിസ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മറ്റും ലഭ്യതകുറവാണ് ഇതിനു കാരണം. രാമങ്കരി എൻ.എസ്.എസ്. ഹൈസ്കൂളുമായി ബന്ധപ്പെട്ട് ഒരു ഫുട്ബോൾ ഗ്രൗണ്ട് ഉണ്ട്. പഞ്ചായത്തിലെ ഒരേയൊരു ഫുട്ബോൾ ഗ്രൗണ്ടും ഇതാണ്. കരാട്ടെ പരിശീലനത്തിനായി ഒരു സെന്ററും രാമങ്കരിയിൽ പ്രവർത്തിക്കുന്നു. പ്രതിഭാ ജിംനേഷ്യം എന്ന പേരിൽ ഒരു

ജിംനേഷ്യവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ബോഡി ബിൽഡിംഗ് അസോസിയേഷനിൽ അഫിലിയേഷനുള്ള സ്ഥാപനമാണ് പ്രതിഭാ ജിംനേഷ്യം. ശരീരസൗന്ദര്യമത്സരത്തിൽ ദേശീയ തലത്തിലും, സംസ്ഥാനതലത്തിലും സമ്മാനങ്ങൾ വാരിക്കൂട്ടിയ അനവധിപേരെ സൃഷ്ടിക്കാൻ പ്രതിഭാ ജിംനേഷ്യത്തിനു കഴിഞ്ഞിട്ടുണ്ട്. സബ്ജൂണിയർ മിസ്റ്റർ ഇന്ത്യ, ശ്രീ രാജു വേഴപ്ര, മിസ്റ്റർ ഇന്റർയൂണിവേഴ്സിറ്റി ശ്രീ സോണി വേഴപ്ര തുടങ്ങി പ്രതിഭാ ജിംനേഷ്യത്തിന്റെ പ്രശസ്തി ഉയർത്തിയവരുടെ നിര നീളുകയാണ്. ജയകുമാർ (മിസ്റ്റർ ജൂണിയർ കേരള) ശ്രീ സുരേഷ്കുമാർ (മിസ്റ്റർ ഇന്റർ യൂണിവേഴ്സിറ്റി കേരള), ഷിജു ജേക്കബ് എന്നിവരും പ്രതിഭയുടെ സംഭാവനകളാണ്. മൂന്നു വർഷം തുടർച്ചയായി ജില്ലാ ബോഡിബിൽഡിംഗ് ചാമ്പ്യന്മാരായിരുന്നു.

സാംസ്ക്കാരിക രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. അന്ധവിശ്വാസം, അനാചാരങ്ങൾ ഇവയെ ഫലപ്രദമായി നേരിടാൻ കഴിയുന്നില്ല.
2. നാടൻകലകൾക്ക് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അപചയങ്ങൾ മാറ്റുന്നതിനുവേണ്ട പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
3. വിജ്ഞാന–വിനോദ–കായിക രംഗത്ത് അടിസ്ഥാന സൗകര്യങ്ങളുടെയും, സ്ഥാപങ്ങളുടെയും കുറവ് പ്രത്യക്ഷമാണ്.
4. ബഹുരാഷ്ട്രകുത്തകകളുടെ ദുഷ്പ്രചരണങ്ങൾ നാട്ടിൽ വർദ്ധിച്ചുവരുന്നു.
5. പൊതുകളിസ്ഥലം, ഓഡിറ്റോറിയം എന്നിവ പഞ്ചായത്തിൽ നിലവിലില്ല.
6. ലൈബ്രറികൾക്കിപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണ്.

സാധ്യതകൾ, പരിഹാരങ്ങൾ

1. നാടൻ കലകളുടെ സംരക്ഷണത്തിനായി പരിശീലന കേന്ദ്രം സ്ഥാപിക്കണം.
2. പഞ്ചായത്തു സ്റ്റേഡിയം യാഥാർത്ഥ്യമാക്കണം.
3. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊണ്ട് അവയെ സംരക്ഷിച്ചുകൊണ്ടുപോകുക.
4. പുതുക്കരിയിലെ അടച്ചുപൂട്ടിയ ഗ്രന്ഥശാല തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ നടത്തുക.



പൊതുജനാരോഗ്യം

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ആരോഗ്യരംഗത്ത് വളരെ മുന്നിലാണ്. വികസിത രാജ്യങ്ങൾക്ക് തുല്യമായ നിലവാരം ആരോഗ്യരംഗത്ത് നാം കൈവരിച്ചുകഴിഞ്ഞു. കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും ആരോഗ്യകേന്ദ്രങ്ങളും, ആരോഗ്യപ്രവർത്തകരും ഉണ്ട്. സംസ്ഥാനത്തെ സേവനമേഖലകളെ പൊതുവായി പരിശോധിച്ചാൽ, അതിശക്തമാണ് ഇവിടുത്തെ പൊതുജനാരോഗ്യസംവിധാനം എന്നു കാണാം. പക്ഷെ ദൗർഭാഗ്യകരമെന്നു പറയട്ടെ, ആതുരരംഗത്ത് പൊതുവെ സ്വകാര്യമേഖലയെ ആശ്രയിക്കാനാണ് കൂടുതൽ പേരും താല്പര്യം കാട്ടുന്നത്. ഇത് നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തെ ഇപ്പോൾ തളർത്തുന്നതിന് കാരണമായിട്ടുണ്ട്. നിരവധി മഹാവ്യാധികൾ– എലിപ്പനി, ഡെങ്കിപ്പനി, മെലിഞ്ഞെറ്റിസ്, മലമ്പനി ഒക്കെ തിരിച്ചുവരുന്നതിന് ഈ തളർച്ച കാരണമായി. പൊതുജനാരോഗ്യസംവിധാനത്തിന് ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് അതിനെ കൂടുതൽ ആകർഷകമാക്കുക മാത്രമാണ് ഇതിനുള്ള പോംവഴി.

കേരളത്തിലെ പൊതുമരണ നിരക്ക് ആയിരത്തിന് 5.9 ആണ്. സംസ്ഥാനനിരക്കിനേക്കാൾ അല്പംകൂടി കുറവാണ് പഞ്ചായത്തിലെ നിരക്ക്. ആയിരത്തിന്

5.7 ആണ് രാമങ്കരിയിലെ പൊതു മരണനിരക്ക്. ശിശുമരണനിരക്കും കേരള ശരാശരിയേക്കാൾ താഴെയാണ് രാമങ്കരി. കേരളത്തിന്റെ പൊതു ശിശുമരണനിരക്ക് ആയിരത്തിന് 16ഉം രാമങ്കരിയിലേത് ആയിരത്തിന് 9ഉം ആണ്. ജനനനിരക്കിന്റെ കാര്യം പരിശോധിച്ചാലും വളരെ മെച്ചപ്പെട്ട അവസ്ഥയാണ് പഞ്ചായത്തിനുള്ളത്. സംസ്ഥാനനിരക്ക് 17 ആണെങ്കിലും രാമങ്കരിയിൽ ഇത് 10%ത്തിലും താഴെയാണ്.

പകർച്ചവ്യാധികൾ

കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ

(അവലംബം–പൊതുജനാരോഗ്യസർവ്വേ ഗ്രാമവികസന വകുപ്പ് രേഖകൾ)

പട്ടിക 6. 1

രോഗം	റിപ്പോർട്ട്ചെയ്ത കേസുകൾ	95–96ൽ റിപ്പോർട്ട് ചെയ്തത്
മലേറിയ	10	5
ചിക്കൻപോക്സ്	35	10
വയറിളക്കരോഗങ്ങൾ	256	93
മെനിഞ്ചൈറ്റിസ്	ഇല്ല	ഇല്ല
വീൽസ്	ഇല്ല	ഇല്ല

പട്ടിക 6:2

രാമങ്കരി പഞ്ചായത്ത് – ആരോഗ്യസ്ഥാപനങ്ങൾ

P.H.സെന്റർ	കുടുംബക്ഷേമ കേന്ദ്രങ്ങൾ	സ്വകാര്യ അലോപ്പതി ആശുപത്രികൾ	ഗവ. ഹോമിയോ ക്ലിനിക്കുകൾ	സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ		ഗവ. ആയുർവ്വേദ ആശുപത്രികൾ	സ്വകാര്യ ആയുർവേദ വൈദ്യശാല	SET സെന്റർ
1	3	2	1	3		ഇല്ല	5	1

പട്ടിക 6:3

രാമങ്കരി പഞ്ചായത്ത്–ആരോഗ്യം–പൊതുസ്ഥിതി

മേഖല	കേരള ശരാശരി	പഞ്ചായത്ത് ശരാശരി
ജനനനിരക്ക്	1000ന് 17	1000ന് 10ലും താഴെ
പൊതുമരണനിരക്ക്	1000ന് 5.9	1000ന് 5.7
പൊതു ശിശു മരണനിരക്ക്	1000ന് 16	1000ന് 9

പ്രായഘടന

രാമങ്കരി പഞ്ചായത്തിലെ ആകെ ജനസംഖ്യ 14026 ആണ്. അതിൽ 1572 പേർ 0–6 പ്രായഗ്രൂപ്പിൽപ്പെടുന്നവരാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 11.2% വരും ഇവർ. മുഴുവൻ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. 1996 ഡിസംബർ 7നു നടന്ന ദേശീയ പൾസ് പോളിയോപ്രോഗ്രാമിനോടനുബന്ധിച്ച് 5 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും പോളിയോ വാക്സിൻ കൊടുക്കുന്നതിനു കഴിഞ്ഞു. അങ്കൻവാടികൾ വഴിയും ഫീഡിംഗ് സെന്ററുകൾ വഴിയും കുട്ടികളുടെ പോഷണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളും നടന്നുകൊണ്ടിരിക്കുന്നു. 1996 ജൂലൈ മാസത്തിൽ പ്രൈമറിസ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യരക്ഷയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഒരു സ്പെഷ്യൽ സ്കൂൾ ഹെൽത്ത് ചെക്ക് അപ്പ് പ്രോഗ്രാം ദേശീയ അടിസ്ഥാനത്തിൽ നടക്കുകയുണ്ടായി. പഞ്ചായത്തിലെ മുഴുവൻ പ്രൈമറിസ്കൂൾ വിദ്യാർത്ഥികളെയും ഈ പരിപാടിയിലൂടെ പരിശോധിക്കുവാനും, മെച്ചപ്പെട്ട ചികിത്സ കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. എങ്കിലും ഈ പരിപാടിയിൽ ഒത്തിരി പോരായ്മകൾ സംഭവിച്ചു എന്നതും യാഥാർത്ഥ്യമാണ്.

രോഗാതുരത

പഞ്ചായത്തിൽ നടന്ന ആരോഗ്യസർവ്വേയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞകാര്യം രോഗാതുരതയുള്ള ആളുകളുടെ എണ്ണത്തിൽ വലിയ കുറവൊന്നും കാണുന്നില്ല എന്നതാണ്. 'പണക്കാരനു വരുന്ന രോഗങ്ങൾ' എന്നുപറഞ്ഞിരുന്ന പ്രമേഹവും (Diabetics) രക്തസമ്മർദ്ദവും (Blood Pressure) സാധാരണക്കാരുടെ ഇടയിൽ സസുഖം വാഴുന്നു എന്നാണ് പഠനത്തിൽ നിന്നും വെളിപ്പെട്ടത്. പൊതുവെ 45 വയസ്സിനു മുകളിലുള്ളവരിലാണ് ഇതു കൂടുതലായും കണ്ടുവരുന്നത് എന്നതും ശ്രദ്ധേയമാണ്. പൊതുവെ കൂടുതലും പുരുഷന്മാരിലാണ് ഇവ കണ്ടു വരുന്നത്. വളരെ കുറച്ചു പേർക്ക് ക്ഷയവും, മലമ്പനിയും തിമിരവും ഒക്കെ വന്നതായി കണ്ടെത്തുവാൻ കഴിഞ്ഞു. 1987–91 കാലഘട്ടത്തിനിടയിൽ എട്ടുപേർ രാമങ്കരി പഞ്ചായത്തിൽനിന്നും കുഷ്ഠരോഗ ചികിത്സയ്ക്കു വിധേയരായിട്ടുണ്ട്. ഇപ്പോൾ എല്ലാവരും തന്നെ പരിപൂർണ്ണമായും ലെപ്രസി ഭേദപ്പെട്ടവരാണ്. 1995–96 പീരിയഡിൽ ഒരാൾ കുഷ്ഠരോഗത്തിന് ചികിത്സാവിധേയനായിട്ടുണ്ട്.

ആരോഗ്യ പ്രതിരോധ രംഗത്തെ മികവുകൊണ്ടാകണം ഈ അടുത്തകാലത്ത് മെനിഞ്ചൈറ്റിസ് തുടങ്ങിയ മാരകരോഗങ്ങൾ ആലപ്പുഴ ജില്ലയെ പിടിച്ചു കുലുക്കിയപ്പോഴും. ആ രോഗങ്ങൾ മൂലമുള്ള യാതൊരു മരണവും നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യാതിരുന്നത്. പഞ്ചായത്തിന്റെയും ആരോഗ്യപ്രവർത്തകരുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ പരിസരശുചീകരണത്തിലും, കൊതുകു നശീകരണത്തിലും, ബോധവൽക്കരണ പ്രവർത്തനങ്ങളിലും ഉണ്ടായിരുന്നതു കൊണ്ടാണ് പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ സാധിച്ചത്. ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സക്കെത്തുന്നവരിൽ കൂടുതൽപേരും പനി, തലകറക്കം, തലവേദന, ചുമ എന്നീ അസുഖങ്ങളുള്ളവരാണെന്ന് PHC രേഖകൾ വ്യക്തമാക്കുന്നു.

ആരോഗ്യസ്ഥാപനങ്ങൾ

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കുറെയധികം സ്ഥാപനങ്ങൾ രാമങ്കരിയിൽ പ്രവർത്തിക്കുന്നു. അലോപ്പതി, ആയുർവേദ, ഹോമിയോ സിദ്ധ വൈദ്യശാഖകളിലുള്ള ആതുര സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അലോപ്പതി ചികിത്സാകേന്ദ്രങ്ങളാണ് കൂടുതലുള്ളത്. രാമങ്കരിയിലെ പ്രാഥമികാരോഗ്യകേന്ദ്രം ഊരിക്കരിയിൽ സ്ഥിതിചെയ്യുന്നു.

പ്രാഥമികാരോഗ്യകേന്ദ്രം – രാമങ്കരി

പഞ്ചായത്തിലെ ഏഴാം വാർഡായ ഊരിക്കരിയിലാണ് രാമങ്കരി പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നത്. 1974 ഫെബ്രുവരി മാസം 12ന് ഗവ. റൂറൽ ഡിസെപെൻസറി (GRD) ആയാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. (GOMS 306/703 40 27/12/73–ഗവ. ഉത്തരവു നമ്പർ) ആദ്യകാലത്ത് ഊരുക്കരി കരയോഗമന്ദിരം കെട്ടിടത്തിലാണ് GRD പ്രവർത്തിച്ചിരുന്നത്. അതിനുശേഷം 1977 മെയ് 15 മുതലാണ് സ്ഥാപനം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയത്. 1986 ഏപ്രിൽ മാസത്തിൽ ഈ സ്ഥാപനത്തെ പ്രൈമറി ഹെൽത്ത്സെന്ററായി ഉയർത്തി. ഇപ്പോൾ ഈ സ്ഥാപനത്തിൽ 13 ജീവനക്കാരുണ്ട്. ഈ സ്ഥാപനം അവിടെ നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് സന്മനസ്സ്

കാട്ടിയവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. ശ്രീ ഗോപിക്കുട്ടൻ നായർ അഞ്ചിൽ ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി 16 സെന്റ് സ്ഥലം സൗജന്യമായും ശ്രീ ഗോപാലകൃഷ്ണൻനായർ നാരായണവിലാസം 4 സെന്റ് സ്ഥലം സൗജന്യമായും തന്നു. ശ്രീ. രാമൻപിള്ള പണ്ടാരത്തിൽ, ശ്രീ നാരായണൻനായർ കടക്കോടം എന്നിവർ നാമമാത്രമായ പ്രതിഫലം പറ്റിക്കൊണ്ടും ഈ സ്ഥാപനത്തിനുവേണ്ടി സ്ഥലം വിട്ടു തന്നു. ബാരിസ്റ്റർ കെ.ആർ. പത്മനാഭപിള്ളയുടെ സ്മാരകമായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത് ഈ സ്ഥാപനത്തിനോടനുബന്ധിച്ച് കുഷ്ഠരോഗ നിർമാഇജ്ജനപ്രവർത്തനങ്ങൾക്കായുള്ള SET (Survey Education and Treatment) സെന്ററും പ്രവർത്തിക്കുന്നു. 1986ൽ PHCയോടനുബന്ധിച്ച് വാർഡ് പണിയുന്നതിനായി തറക്കല്ലിട്ടെങ്കിലും ഇന്നേവരെയും അതിന്റെ നിർമ്മാണം തുടങ്ങുന്നതിനു കഴിഞ്ഞിട്ടില്ല.

പി.എച്ച്.സി. രാമങ്കരി പ്രശ്നങ്ങൾ, പോരായ്മകൾ

1. GRDയ്ക്കുള്ള ഡിസൈനിലും പാറ്റേണിലുമാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. പി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും അതിനനുസരിച്ച് കെട്ടിടത്തിന് സൗകര്യം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതിനാൽ ഓഫീസിനും, മറ്റ് ആതുരശു ശ്രൂഷകൾക്കും സ്ഥലം തികയുന്നില്ല. അതിനാൽ പി.എച്ച്.സി. വിപുലപ്പെടുത്തുവാനുള്ള നടപടികൾ ഉണ്ടാകണം.
2. പി.എച്ച്.സി.യോടു ചേർന്ന് വാർഡ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇന്നുവരെയും ആരംഭിച്ചിട്ടില്ല.
3. പി.എച്ച്.സി. മുന്നിലൂടെ കടന്നുപോകുന്ന ഗ്രാവൽറോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല.
4. മെഡിക്കൽ ഓഫീസർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സ് നിലവിലില്ല.

പരിഹാരങ്ങൾ, സാധ്യതകൾ

1. പി.എച്ച്.സി.യോടു ചേർന്ന് രോഗികളെ കിടത്തി പരിശോധിക്കുന്നതിനുള്ള വാർഡ് പണിയുക.
2. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണിയുക.
3. പി.എച്ച്.സി.ക്ക് നിലവിലുള്ള പോരായ്മകൾ പരിഹരിക്കുക. ആവശ്യമായ സ്ഥലസൗകര്യവും ഫർണിച്ചർ ലഭ്യമാക്കണം.
4. പി.എച്ച്.സി.യുടെ മുന്നിൽ വാഹനം എത്തിച്ചേരുന്നതിനായി റോഡ് നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കണം.

പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങളും (Family Wealfare Centre) പ്രവർത്തിക്കുന്നുണ്ട്. ഒന്ന് മാമ്പുഴക്കരിയിലും മറ്റൊന്ന് വേഴപ്രയിലും പ്രവർത്തിക്കുന്നു. ഗർഭിണികളുടെയും കുട്ടികളുടെയും പരിശോധനയും, പ്രതിരോധകുത്തിയ്പുകളും മറ്റും ഈ കേന്ദ്രങ്ങളിൽ നടക്കുന്നു. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ധാരാളം ആരോഗ്യസ്ഥാപനങ്ങൾ ഉണ്ട്. പ്രധാന അലോപ്പതി ചികിത്സാകേന്ദ്രങ്ങൾ താഴെകൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	സ്ഥലം	ഉടമസ്ഥത
ലൂർദ്ദ് ഹോസ്പിറ്റൽ	രാമങ്കരി	സ്വകാര്യം
ലക്ഷ്മി നേഴ്സിംഗ് ഹോം	മാമ്പുഴക്കരി	സ്വകാര്യം

ഈ രണ്ട് ആരോഗ്യസ്ഥാപനങ്ങളും എ.സി. റോഡിന് അഭിമുഖമായാണ് സ്ഥിതിചെയ്യുന്നത്. യാത്രാ സൗകര്യവും കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യവും ഉള്ളതിനാൽ കൂടുതൽപേർ ഈ ആശുപത്രികളെ ആശ്രയിക്കുന്നു.

വിവിധ ചികിത്സാരീതികൾ

I ആയുർവേദം

ആയുർവേദ ആശുപത്രികളൊന്നുംതന്നെ പഞ്ചായത്തിലില്ല. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയും ഇല്ല. എങ്കിലും ഏതാനും സ്വകാര്യ ആയുർവേദ ഡിസ്പൻസറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഭാരതത്തിന്റെ തനതു ചികിത്സാരീതിയാണ് ആയുർവ്വേദമെങ്കിലും കൂടുതൽ പേർക്കും മോഡേൻ മെഡിസിനോടാണ് താൽപര്യം. പ്രായമായ ചിലർ മാത്രമാണ് സ്ഥിരമായി ആയുർവ്വേദചികിത്സ ഉപയോഗപ്പെടുത്തുന്നത്. ഇന്ന് ഈ വൈദ്യശാസ്ത്രമേഖല നേരിടുന്ന അവഗണന അവസാനിപ്പിക്കാനുള്ള പ്രവർത്തനത്തിൽ നാം ഒത്തുചേരേണ്ടതുണ്ട്. ആയുർവേദത്തിന് കൂടുതൽ പ്രചാരം നൽകേണ്ടത് ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ. ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്തിലെ ആയുർവ്വേദ സ്ഥാപനങ്ങൾ

വാർഡ്	പേര്	സ്ഥലം	ഉടമസ്ഥത
2	V.S.N. ആയുർവ്വേദ ഡിസ്പൻസറി	രാമങ്കരി	സ്വകാര്യം
2	S.N.V. ആര്യവൈദ്യശാല	രാമങ്കരി	സ്വകാര്യം
2	കോട്ടക്കൽ ആര്യവൈദ്യശാല	രാമങ്കരി	സ്വകാര്യം
5	S.N.V. ആര്യവൈദ്യശാല	വേഴപ്രാ	സ്വകാര്യം
6	S.D. ഫാർമസി ഏജൻസി	വേഴപ്രാ	സ്വകാര്യം

ഹോമിയോ

പ്രചാരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ചികിത്സാരീതിയാണ് ഹോമിയോപ്പതി. പഞ്ചായത്തിൽ ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. സ്വന്തം കെട്ടിടത്തിലാണ് അത് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ പഞ്ചായത്തിൽ ഏതാനും ഹോമിയോ ക്ലിനിക്കുകളും ഉണ്ട് അവ.

1. മോഡേൺ ഹോമിയോ ക്ലിനിക് രാമങ്കരി.
2. ലതാസ് നേഴ്സിംഗ്ഹോം മാമ്പുഴക്കരി.
3. ഡോ. പിള്ളയുടെ ഹോമിയോ ക്ലിനിക് വേഴപ്ര

സിദ്ധവൈദ്യം

മറ്റിതര വൈദ്യശാസ്ത്രശാഖകളോടൊപ്പം വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പ്രചാരം നേടിവരുന്ന ഒരു വൈദ്യശാസ്ത്രശാഖയാണ് സിദ്ധവൈദ്യം. ഒരു സിദ്ധവൈദ്യകേന്ദ്രം രാമങ്കരിയിൽ ഉണ്ട്, അഗസ്ത്യർ സിദ്ധവൈദ്യ കേന്ദ്രം. നാട്ടുചികിത്സാകേന്ദ്രങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല.

ശുചിത്വം

ആരോഗ്യമേഖലയുമായി ഏറ്റവും ബന്ധപ്പെട്ടുകിടക്കുന്ന വിഷയമാണ് പരിസരശുചിത്വം. വൃത്തിയുള്ള ചുറ്റുപാടുകളാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം. സാംക്രമികരോഗങ്ങൾ പകരുന്നതിനു കാരണവും വൃത്തിഹീനമായ ചുറ്റുപാടുകളാണ്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതു പോലെതന്നെ പ്രധാനമാണ് പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുക എന്നതും. പക്ഷെ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ നമ്മിൽ പലരും അത്ര താല്പര്യം കാട്ടാറില്ല എന്നതാണ് സത്യം. പൊതുസ്ഥലത്ത് മുറുക്കിതുപ്പുക, പുകവലിക്കുക തുടങ്ങിയവയൊക്കെ ഇന്നും നിർബാധം തുടരുന്നു. തൊഴിലുമായി ബന്ധപ്പെട്ട വ്യാവസായിക മലിനീകരണം ഇവിടെ ഒരു പ്രശ്നമല്ല. കാരണം വ്യവസായങ്ങൾ കുറവാണ് എന്നതുതന്നെ.

പരിസരമലിനീകരണം നാം ഇന്ന് അനുഭവിക്കുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്നാണ്. തോടുകളും ജലായശയങ്ങളും ദിനംതോറും മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിസർജ്ജ്യവസ്തുക്കൾ നിക്ഷേപിക്കുന്ന പ്രധാന ശ്രോതസ്സായി ജലാശയങ്ങളെ മാറ്റിയിരിക്കുകയാണ്. ഇതിന് അടിയന്തിരമായി തടയിട്ടേപറ്റൂ. പരിസരവും പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കുക എന്നത് സ്വന്തം കടമയായി കണ്ട് അതിനുള്ള പ്രവർത്തനങ്ങൾ നമ്മൾ ചെയ്യേണ്ടിയിരിക്കുന്നു.

പൊതുശ്മശാനം

മൃതശരീരം മറവുചെയ്യുന്നതിനായി സ്വന്തമായ സ്ഥലമില്ലാത്തവർ പൊതുവെ പൊതുശ്മശാനമാണ് ഉപയോഗിക്കുന്നത്. ക്രിസ്ത്യൻ മുസ്ലീം മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരവരുടെ ആരാധനാലയങ്ങളോടു ചേർന്ന് സെമിത്തേരി ഉള്ളതുകൊണ്ട് മൃതശരീരം മറവുചെയ്യുന്ന കാര്യത്തിൽ പൊതുവേ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നില്ല. രാമങ്കരി പഞ്ചായത്തിൽ ഇപ്പോൾ ഒരു പൊതു ശ്മശാനം നിലവിലില്ല. ആറാം വാർഡിൽ ചില പ്രത്യേക സമുദായക്കാർക്കായി ശ്മശാനം നിലവിലുണ്ട്. അതിനോടു ചേർന്ന് പഞ്ചായത്തിന്റേതായി ഒരു പൊതു ശ്മശാനം നിർമ്മിക്കേണ്ടതാണ്.

പൊതുവായുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ

1. കക്കൂസില്ലാത്ത ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ചിലർ തോടുകളും ജലായശയങ്ങളും മലമൂത്രവിസർജ്ജനത്തിനായി ഉപയോഗിക്കുന്നു.
2. വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കുന്നതുമൂലം കൊതുകുകൾ പെരുകുന്നു.
3. അറവുശാല, മത്സ്യമാർക്കറ്റ് തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ നദിയിലേയ്ക്ക് ഒഴുക്കുന്നു.

പരിഹാരങ്ങൾ

1. ജലാശയങ്ങളും പൊതുസ്ഥലങ്ങളും മലിനമാക്കുന്നതിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങളും ശുചീകരണപ്രവർത്തനങ്ങളും നടത്തുക. ഇവ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ എടുക്കുക.
2. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുക.
3. ദുർബല ജനവിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും സമയബന്ധിതമായി മുൻഗണനാക്രമത്തിൽ കക്കൂസ് നിർമ്മിച്ചു നൽകുക.

കുടിവെള്ളം

ജലം മനുഷ്യന്റെ ജീവന്റെ നിലനിൽപ്പിന് ആധാരമായ ഘടകമാണ്. ആദിമനുഷ്യനിൽ നിന്നും വളരെ പുരോഗതിയിൽ എത്തിയ നാം കുടിവെള്ളത്തിനായി അലയുന്ന കാഴ്ച നിത്യേന കണ്ടുവരുന്നു. നമ്മുടെ പഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. പ്രസിദ്ധമായ പമ്പാനദി നമ്മുടെ പഞ്ചായത്തിലൂടെയാണ് ഒഴുകിപോകുന്നത്. കൂടാതെ അച്ചൻകോവിലാറിന്റെ കൈവഴികളിലൂടെ ഒഴുകി എത്തുന്ന ജലവും നമ്മുടെ പഞ്ചായത്തിൽ എത്തിച്ചേരുന്നുണ്ട്. ഇതൊക്കെയാണെങ്കിലും കുടിക്കുന്നതിനും കുളിക്കുന്നതിനുപോലും നമ്മൾ ശുദ്ധജലത്തെ ആശ്രയിക്കാറുണ്ട്. പഞ്ചായത്തിൽ അടുത്തകാലംവരെ നമ്മൾ നദികളിൽനിന്നും തോടുകളിൽ നിന്നും ഉള്ള വെള്ളമാണ് കുടിക്കുന്നതിനുപോലും ഉപയോഗിച്ചുകൊണ്ടിരുന്നത്. പ്രകൃതിയോടുള്ള മനുഷ്യന്റെ തെറ്റായ സമീപനത്തിന്റെ ഫലമായി ഇന്ന് അവയെല്ലാം തന്നെ മലീമസമായിരിക്കുന്നു. പൊതുടാപ്പുകളും പൊതുകിണറുകളും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും അവയിൽ പലതും ഉപയോഗപ്രദമല്ല എന്നു കാണാൻ കഴിയും. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിന്റെ 50% മാത്രമേ ജലം ലഭിക്കുന്നുള്ളു. വരൾച്ചകാലത്ത് വളളങ്ങളിൽ വെള്ളം എത്തിക്കുന്ന പതിവുണ്ടായിരുന്നു. ഇത് ഒരു ശാശ്വതപരിഹാരമല്ല. വീണ്ടും നമുക്ക് മലിനജലത്തെ ആശ്രയിക്കേണ്ടിവരുന്നു. ഇതുമൂലം നിരവധി രോഗങ്ങൾക്ക് നാം അടിമപ്പെടുന്നു. പാടങ്ങളിൽനിന്നും കീടനാശിനികൾ കലർന്ന ജലം പുറത്തേയ്ക്ക് നമ്പുചെയ്യുന്നതുമൂലം ജലാശയങ്ങൾ സ്ഥിരമായി മലിനപ്പെടുന്നു. ഇവയൊക്കെത്തന്നെ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്.

പ്രശ്നങ്ങൾ

1. ജലം മലിനമാക്കുന്നു
2. സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ പലതിലും ശുദ്ധജലം ലഭിക്കുന്നില്ല.

പരിഹാരങ്ങൾ

1. പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.
2. എല്ലാടാപ്പുകളിലും വെള്ളമെത്തിക്കുവാനുള്ള നടപടി സ്വീകരിക്കുക.
3. ജനങ്ങൾക്ക് ഉപയോഗപ്രദമായ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക.
4. ജലം മലിനമാക്കാതിരിക്കുക.
5. തണ്ണീർമുക്കം ബണ്ട് തുറന്ന് കൃത്യമായ നീരൊഴുക്ക് ഉറപ്പുവരുത്തുക.



പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

കുട്ടനാടിന്റെ ഹൃദയഭാഗമാണ് രാമങ്കരി പഞ്ചായത്ത്. ആദ്യ കാലങ്ങളിൽ ഈ സ്ഥലം ചങ്ങനാശ്ശേരി താലൂക്കിന്റെ ഭാഗങ്ങളായിരുന്നു. അക്കാലത്ത് ചങ്ങനാശ്ശേരിയുടെ കിഴക്കൻ പ്രദേശങ്ങളിൽ വളരെ കഠിനമായ അയിത്തം നിലനിന്നിരുന്നു. അതിലുമല്പം കുറവായിരുന്നു കുട്ടനാട്ടിലുണ്ടായിരുന്നത്. തുടരെയുള്ള വെള്ളപ്പൊക്കങ്ങളും അനവധി ആറുകളും തോടുകളും നിറഞ്ഞ കുട്ടനാട്ടിലേയ്ക്ക് കിഴക്കൻപ്രദേശങ്ങളിൽ നിന്നും ജനങ്ങൾ വളരെ വളരെ കുറച്ചു മാത്രമേ സഹകരിച്ചിരുന്നുള്ളൂ. ഇത്തരം സാഹചര്യത്തിൽ കുട്ടനാടിന് മാത്രമായി പുതിയ ഒരു തരം സംസ്ക്കാരമുണ്ടായിരുന്നതിൽ പട്ടികജാതിക്കാരായ ആൾക്കാർക്ക് ഉള്ള പങ്ക് ചെറുതല്ല. അന്ന് പട്ടിക ജാതികാർക്ക് വഴിനടക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല മാത്രവുമല്ല ഹീനമായ ജാതിചിന്തയുടെ മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഏറ്റാണ് ഇവർ ജീവിച്ചു വന്നിരുന്നത്.

മറ്റ് ജനവിഭാഗങ്ങളുടെ സഹകരണമില്ലായ്മ മൂലം നെൽപ്പാടങ്ങൾക്ക് നടുവിലുള്ള തുരുത്തുകളിലും മറ്റുള്ള ജാതിക്കാർക്ക് ഒരു വിധത്തിലും ആവശ്യമില്ലാതിരുന്ന സ്ഥലങ്ങളിലുമാണ് പട്ടികജാതിക്കാർ താമസിച്ചു വന്നിരുന്നത്. തന്മൂലം മൊത്തത്തിൽ മറ്റ് ജാതിക്കാരിൽനിന്നകന്നുള്ള ഒരു സംസ്ക്കാരമാണ് ഇക്കൂട്ടർക്കുള്ളത്.

പ്രകൃതിയുടെ ഭീകരമുഖമായ വെള്ളപ്പൊക്കം ഒരു പക്ഷേ ചെറിയ ഭീതിയിൽ അയിത്തം കുറയ്ക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. കാർഷികരംഗത്ത് ഏറ്റവും അധികം പണിയെടുക്കുന്നത് പട്ടികജാതിക്കാരായിരുന്നു. വർഷകാ

ലത്ത് വെള്ളപ്പൊക്കംമൂലം പാടശേഖരങ്ങളിൽ മടവീഴുമ്പോൾ അത് ശരിയാക്കുന്നതിന് ഇക്കൂട്ടരെ 'തമ്പുരാക്കൾക്ക്' ആവശ്യമായി വന്നിരുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇവരുമായി മറ്റ് സമുദായക്കാർ സഹകരിച്ചു വന്നിരുന്നുവെങ്കിലും മട ശരിയാക്കുന്നതിലേർപ്പെട്ട് പട്ടികജാതിക്കാരുടെ ജീവൻ നഷ്ടപ്പെട്ടാൽപ്പോലും മറ്റു സമുദായക്കാർ അത് കണക്കിലെടുക്കാത്ത സംഭവങ്ങൾ അശരണരായ ഈ വിഭാഗത്തിനുണ്ടായിട്ടുണ്ട്.

മറ്റു പ്രദേശങ്ങളുമായി ബന്ധക്കുറവുണ്ടായിരുന്നു ഈ നാടിന് എന്നു പറഞ്ഞിരുന്നുവല്ലോ തന്മൂലം പട്ടിക വർഗ്ഗക്കാരായവർ ഈ പഞ്ചായത്തിന്റെ പരിധിയിൽ അന്നും ഇന്നും താമസമില്ല. സമൂഹത്തിൽ നിന്നും അവഗണിക്കപ്പെട്ടിരുന്നവരായി കണക്കാക്കപ്പെട്ടിരുന്ന ഈ ജനവിഭാഗത്തിന് മറ്റുള്ള സമുദായങ്ങളിൽ നിന്നും വിത്യസ്ഥമായി; സ്വന്തമായ ഭാഷ സ്വന്തമായ തൊഴിൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ ചില പട്ടികജാതിയിലെ സമുദായക്കാർക്കിടയിൽ നിലനിന്നുപോന്നിരുന്നു. പട്ടികജാതിയിലെത്തന്നെയുള്ള സമുദായങ്ങൾ തമ്മിൽ ജാതിപരമായ വിത്യാസങ്ങൾ പണ്ടു നിലനിന്നിരുന്നു. ഭൂരിഭാഗം പട്ടികജാതിക്കാരും കാർഷികമേഖലയിൽ പണിയെടുത്തു വന്നിരുന്ന അവസരത്തിലും ചുരുക്കം ചിലർ പരമ്പരാഗത കൈത്തൊഴിലുകളായ മുറം നിർമ്മാണം, തഴപ്പായ് നെയ്ത്ത് തുടങ്ങിയവയും ചെണ്ടമേളം, തെങ്ങുകയറ്റം, മീൻപിടുത്തം തുടങ്ങിയ കായികധ്വാനം അധികം വേണ്ട രംഗങ്ങളിലും ജോലി ചെയ്തുപോന്നു.

മന്ത്രവാദം ഇക്കൂട്ടർക്കിടയിൽ ഒഴിച്ചുകൂടാനാവാത്ത കാര്യമായി നിലനിന്നിരുന്നു. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിൻനിരയിലായിരുന്ന ഇവർക്കിടയിൽ രോഗം വന്നാൽ അത് മാറ്റുന്നതിന് മന്ത്രവാദമായിരുന്നു നടത്തി വന്നിരുന്നത്. സാംബവർ, വേലൻ സമുദായത്തിൽപ്പെട്ടവരായിരുന്നു മന്ത്രവാദികളായി വർത്തിച്ചിരുന്നത്. ചുരുക്കത്തിൽ ഇന്നാട്ടിലെ പട്ടികജാതിക്കാർ ഹിന്ദുക്കൾ ആയിരുന്നുവെങ്കിലും സവർണ്ണർ ഇവരെ ക്ഷേത്രങ്ങൾക്ക് അടുത്തു വരുന്നതുപോലും കർശനമായി വിലക്കിയിരുന്നു. ഇങ്ങനെയുള്ളവർക്ക് ആരാധനയും മറ്റനുഷ്ഠാന കർമ്മങ്ങൾ നടത്തുന്നതിനും പഴുതി, കുന്നങ്കരിക്കളം എന്നിവവിടങ്ങളിൽ ആരാധന നടത്തി വന്നു. ഇങ്ങനെ ജാതിപരമായ ഉച്ചനീചത്വങ്ങൾ വളരെയധികം സാമൂഹ്യ മാനസീക പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്ന കാലഘട്ടത്തിൽ പട്ടികജാതിക്കാരായ ഒരു വിഭാഗം ജനങ്ങൾ ക്രിസ്ത്യൻ മിഷനറിമാരുടേയും ക്രിസ്ത്യാനികളായ ഉന്നതരുടേയും ശ്രമഫലമായി ക്രിസ്ത്യാനികളായി മാറി. ഇങ്ങനെയുള്ള ക്രിസ്ത്യാനികളായയ പട്ടികജാതിക്കാർക്ക് ക്രിസ്ത്യൻ പള്ളികളിൽ ആരാധനയിൽ പങ്കെടുക്കുന്നതിനും പള്ളിയിലെ മറ്റ് പട്ടികജാതിക്കാരെ അപേക്ഷിച്ച് ഇക്കൂട്ടർ വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും മുന്നിലാണ് എങ്കിലും പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഇത്തരക്കാർക്ക് ലഭിക്കുന്നില്ല.

രാമങ്കരി പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർ 1760 പേരുണ്ട്. ഇവരിൽ 870 പുരുഷന്മാരും 890 സ്ത്രീകളുമുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെ 25 കുടുംബങ്ങൾ ഉണ്ട്. നാളിതു വരെ വെറും 50 കുടുംബങ്ങൾക്ക് മാത്രമാണ് IRDP പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുള്ളത്. അഞ്ച് പട്ടികജാതി കോളനികൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഈ കോളനികളിൽ രണ്ടിലും കൂടി 75 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

വെള്ളപ്പൊക്കം പ്രസ്തുത കോളനികളിൽ ജീവിതം ദുരിതപൂർണ്ണങ്ങളാക്കുന്നു. മാവേലിക്കളം കുഴിക്കാല എന്നീ കോളനികളിൽ ധാരാളം പട്ടികജാതിക്കാരുണ്ട് ഇവരുടെ പുരയിടങ്ങൾ വളരെയധികം താഴ്ന്നപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തന്മൂലം ഇവിടെ ഒരു മഴപെയ്തു കഴിയുമ്പോൾത്തന്നെ ചെളി നിറഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. ഈ കോളനികളിൽ മണ്ണിറക്കി പുരയിടങ്ങൾ ഉയർത്തേണ്ടത് ആവശ്യമാണ്. പട്ടികജാതികാർക്കിടയിൽ നിരക്ഷരരുടെ എണ്ണം കുറവായിരുന്നു. സാക്ഷരതാപ്രവർത്തനത്തിലൂടെ ഇവരെ സാക്ഷരരാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി കുറെ നല്ല പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഇത്തരത്തിൽ അനുവദിക്കുന്ന തുകകൾ ശരിയായി മുഴുവൻ ആൾക്കാർക്കും ലഭിക്കുന്നുണ്ടോ എന്നന്വേഷിക്കുന്നതും തുകകൾ അനുവദിക്കുന്നതിൽ വരുത്തുന്ന കാലതാമസം അവസാനിപ്പിക്കേണ്ടതാണ്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും അവരുടെ ആനുകൂല്യങ്ങളെപ്പറ്റി യഥാസമയങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ അറിയിക്കേണ്ടതാണ്. ഈ പ്രവർത്തനം ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയമാണ്. പട്ടികജാതി സഹകരണസംഘം നിലവിലുണ്ട്. പക്ഷേ യാതൊരു പ്രവർത്തനങ്ങളും പഴയപോലെ നടക്കുന്നില്ല. സ്പ്രേയറുകളും ട്രില്ലറും ഉണ്ടായിരുന്ന ഈ സഹകരണസംഘത്തിന് മെതിയന്ത്രം നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചെങ്കിലും നല്ല ഭരണസമിതിയില്ലാത്തതിനാൽ ഏറ്റുവാങ്ങുന്നതിന് സാധിക്കാതെ വരുകയും മെതിയന്ത്രം ലഭിക്കാതെ വരുകയുമുണ്ടായി. നേരത്തെ നൽകിയിരുന്ന ട്രില്ലർ ലാഭകരമായി പ്രവർത്തിച്ചു വന്നിരുന്നുവെങ്കിലും ഇത് ശരിയായി ഉപയോഗിക്കാൻ അറിയാവുന്നവരുടെ അഭാവം നിമിത്തം അത് നശിച്ചുപോവുകയാണുണ്ടായത്. വർഷങ്ങളായി ഇവിടെ

ആഡിറ്റിംഗ് നടക്കാറില്ല. ജനറൽബോഡിയും കൂടില്ലെന്ന റിയുന്നു. ഇത്തരം സംഘങ്ങളുടെ സെക്രട്ടറി നിയമന ത്തിനുള്ള അധികാരം PSC യെ ഏല്പിക്കേണ്ടതാണ്. മാത്ര വുമല്ല സെക്രട്ടറിയായി പട്ടികജാതിക്കാരനെ മാത്രമേ നിയ മിക്കുന്നതിന് പാടുള്ളൂ. ഇപ്പോഴുള്ള ഈ സംഘത്തിന്റെ ദയനീയാവസ്ഥ പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുള്ള ഇടപെടലാവശ്യമാണ്.

ഭൂരഹിതരായ പട്ടികജാതിക്കാർ ഇവിടെ ധാരാളമുണ്ട്. ലക്ഷംവീടു.കോളനികളിലെ ഒരു വീട്ടിൽ രണ്ട് കുടുംബ ങ്ങൾ താമസിക്കുന്ന അവസ്ഥ നിലനിൽക്കുന്നത് മാറ്റേ ണ്ടതിനുള്ള നടപടികൾ സ്വീകരിക്കണം. അതിനായി അങ്ങ നെയുള്ളവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസ ഹായമടക്കമുള്ള കാര്യങ്ങൾ ചെയ്യേണ്ടതാണ്. സർക്കാർ ജോലി ലഭിച്ചിരിക്കുന്ന ജനങ്ങളുടെ എണ്ണം ഈ പഞ്ചാ യത്തിൽ കുറവാണ്. അതിനാൽ ടെസ്റ്റിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി സമയാസമയങ്ങളിൽ ബ്ലോക്ക ടിസ്ഥാനത്തിൽ ട്രെയിനിംഗ് നൽകേണ്ടതാണ്.

പട്ടികജാതിക്കാർക്കായി ഈ പഞ്ചായത്തിൽ അനുവ ദിച്ചിരിക്കുന്ന സ്മശാനം ഈ വിഭാഗത്തിൽപ്പെട്ട എല്ലാ വർക്കും ഉള്ളതാണെങ്കിലും അത് ഒരു വിഭാഗത്തിന്റെ മാത്രം സ്വന്തം സ്വത്ത് പോലെ കരുതി പ്രവർത്തിച്ചുവരു ന്നതായറിയുന്നു. ഇക്കാര്യത്തിൽ ജനശ്രദ്ധ പതിയേണ്ട താണ്.

ഇനിയും പരിഹരിക്കപ്പെടേണ്ടവ

1. പട്ടിക ജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് ഉടനെ പരിഹാരം കാണേണ്ടതാണ്. വീടില്ലാത്ത മുഴുവൻ .കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികളുണ്ടാവണം.
2. പട്ടികജാതിക്കാർക്ക് ഭവന വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ലഘൂകരിക്കേണ്ടതാണ്.
3. കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അവ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികളാവിഷ്ക്കരിക്കേ ണ്ടതാണ്.
4. പട്ടികജാതിക്കാർക്ക് ജീവനോപാധികൾ വാങ്ങുന്ന തിന് വായ്പ ലഭിക്കുന്നതിന് ഇന്നുള്ള ജാമ്യവ്യവസ്ഥ കൾ ലഘൂകരിക്കേണ്ടതാണ്. ഇവ ഇപ്പോൾ കർക്ക ശമാണ് അവ സ്വന്തം ജാമ്യത്തിൽ ലഭിക്കത്തക്ക വിധ ത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. വയറിംഗ് നടത്തി കണക്ഷൻ കാത്തിരിക്കുന്ന മുഴു വൻ പട്ടികജാതി വീട്ടുകാർക്കും കണക്ഷൻ നൽകേ ണ്ടതാണ് എന്ന് ഇലക്ട്രിസിറ്റി ബോർഡിനെ അറിയി ക്കേണ്ടതാണ്.
6. വൈദ്യുതസ്ലാബ് നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.
7. പട്ടികജാതി കോളനികളിലും പട്ടികജാതിക്കാർ കൂട്ടം കൂടി താമസിക്കുന്ന സ്ഥലങ്ങളിലുമുള്ള കുടി വെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.
8. പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ ക്കുറിച്ചുള്ള അറിയിപ്പുകൾ എല്ലായിടത്തും നിശ്ചിത സമയത്ത് തന്നെ എത്തുന്നു എന്നുള്ള കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.
9. മാവേലിക്കളം പട്ടികജാതി കോളനിയുടെ മുനവരെയും കല്ലുകെട്ടി സംരക്ഷിക്കുകയും അവ മണ്ണിട്ടുയർത്തുക യും ചെയ്യേണ്ടതാണ്.
10. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും അതിൽ മുഴുവൻ പട്ടിക ജാതിക്കാർക്കും അംഗത്വം നൽകുകയും ചെയ്യേണ്ട താണ്.
11. പട്ടികജാതിക്കാർക്കായുള്ള പൊതുശ്മശാനം കല്ലുകെട്ടി സംരക്ഷിക്കുകയും അവിടേയ്ക്ക് റോഡു പണിയു കയുംചെയ്യുക
12. പട്ടികജാതിക്കാരായ സ്ത്രീകളുടെ ഉന്നമനത്തിനായി അവർക്ക് ജീവനോപാധികൾ വിതരണം ചെയ്യുക.
13. പട്ടികജാതിക്കാർക്കായി നൽകുന്ന ആനുകൂല്യങ്ങൾ പട്ടികജാതിയിലെ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കു ന്നുവെന്നുറപ്പാക്കുക.
14. ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരായ ജനങ്ങൾക്ക് സർക്കാർജോലി ചെയ്യുന്നവർ കുറവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി PSC പരീക്ഷകൾക്ക് കാ ലാനുസരണം ബ്ലോക്കടിസ്ഥാനത്തിൽ ട്രെയിനിംഗ് നൽകേണ്ടതാണ്.
15. വിദ്യാഭ്യാസ കാര്യങ്ങളിൽ ഇന്നും ഇവിടെയുള്ള പട്ടികജാതിക്കാർ പിന്നോക്കം നില്ക്കുന്ന അവസ്ഥ യിലാണുള്ളത്. ഡിഗ്രി PG നിലവാരത്തിലെത്തുന്ന കുട്ടി കളുടെ എണ്ണം വളരെ കുറവാണ്. എന്നാൽ അടുത്ത കാലത്തായി ഇക്കാര്യത്തിൽ അല്പം പുരോഗതി ക ണ്ടുവരുന്നുണ്ട് എന്നുള്ളതുകൊണ്ട് അവരെ കുറെ ക്കൂടി പ്രോത്സാഹിപ്പിക്കേണ്ടതാണ്. സ്ക്കൂളുകളിൽ നിന്നും സാമ്പത്തിക കാരണങ്ങൾ മൂലം കൊഴിഞ്ഞു

പോകുന്ന അവസ്ഥയുണ്ട്. ഇങ്ങനെയുള്ള അവസ്ഥകൾ ഒഴിവാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

16. മറ്റുള്ള സമുദായക്കാർ അകറ്റി നിർത്തിയിരുന്ന ഈ ജനവിഭാഗങ്ങൾക്ക് നേരെയുണ്ടായിരുന്ന നീചപ്രവർത്തനങ്ങൾ ഇപ്പോഴില്ലെങ്കിലും ജാതിപരമായുള്ള ചിന്തകൾ വച്ചുപുലർത്തുന്നവർ ഇപ്പോഴും ഇന്നാട്ടിലുണ്ട്. ഇത്തരം ദുഷിച്ച പ്രവണത നിർത്തൽ ചെയ്യേണ്ടതാണ്.

രാമങ്കരി പഞ്ചായത്ത് പട്ടികജാതി ജനസംഖ്യ

വാർഡ്	ആകെ ജനസംഖ്യ			പട്ടികജാതി ജനസംഖ്യ		
	പുരുഷൻ	സ്ത്രീകൾ	ആകെ	പുരുഷൻ	സ്ത്രീകൾ	ആകെ
1.	1014	1021	2035	73	67	140
2.	933	958	1891	107	104	211
3.	1335	1238	2573	51	64	115
4.	617	614	1231	152	174	326
5.	928	902	1830	292	300	592
6.	808	821	1629	75	59	134
7.	529	587	1116	33	37	70
8.	865	856	1721	87	85	172
ആകെ	7029	6997	14026	870	890	1760

പട്ടിക 11.1
അവലംബം സെൻസസ് റിപ്പോർട്ട് 1991

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ എണ്ണം.

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ
1	2	3	4	5
1	164	7	18	4
2	106	3	22	3
3	212	1	19	2
4	129	2	18	9
5	128	10	29	10
6	169		20	8
7	99		26	7
8	129	2	27	7
ആകെ	1136	25	179	50

പട്ടിക 11.2 അവലംബം - IRDP സർവ്വേ 1992.

പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം - 1996-'97
LP. വിഭാഗം

സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ			SC/ST വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
F.P.M.L.P.S. മാമ്പുഴക്കരി	123	99	222	15	9	24
P.K.E.T. L.P.S. പുതുക്കരി	71	68	139	2	0	2
G.L.P.S. രാമങ്കരി	46	56	102	10	7	17
L.P.G.S. വേഴപ്രാ	54	49	103	4	6	10
S.M.L.P.S മണലാടി	53	50	103	5	3	8
G.U.P.S. വേഴപ്രാ	27	29	56	15	13	28
ആകെ	374	351	725	51	38	89

പട്ടിക 11.3

അവലംബം - സ്ക്കൂൾ രേഖകൾ

പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം - 1996-'97
UP വിഭാഗം

സ്ക്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ			SC/ST വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഗവ. UPS വെഴപ്രാ	48	47	95	18	23	41
NSS.HS രാമങ്കരി	89	71	160	68	33	101
ആകെ	137	118	355	86	56	142
NSS ഹൈസ്ക്കൂൾ രാമങ്കരി	ഹൈസ്ക്കൂൾ വിഭാഗം					
	151 34	135	286	49	30	79

പട്ടിക 11.4

പഠനം നിർത്തിയവർ 95-'96

സ്ക്കൂളിന്റെ പേര്	പഠനം നിർത്തിയവർ					
	SC/ST			മറ്റുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
NSS ഹൈസ്ക്കൂൾ രാമങ്കരി	2	2	4	2	1	10

പട്ടിക 11.5

LP-UP വിഭാഗങ്ങളിൽ തോറ്റു പഠിക്കുന്ന വിദ്യാർത്ഥികൾ ഇല്ല.



പാർപ്പിടം
സാമൂഹ്യക്ഷേമം

സ്വന്തമായി ഒരു കൂര എന്നത് ഓരോ ആളുകളുടെയും സ്വപ്നമാണ്. പക്ഷേ പലപ്പോഴും ഇതൊരു നടക്കാത്ത സ്വപ്നമായവശേഷിക്കുന്നു. ദിനംപ്രതി കുതിച്ചുയരുന്ന നിർമ്മാണ സാമഗ്രികളുടെ വിലയും ഭൂമിയുടെ ലഭ്യതക്കുറവും, വൻ വിലയും, സാധാരണക്കാരന് വീട് എന്ന ആഗ്രഹ പൂർത്തീകരണത്തിന് തടസ്സമായി നില്ക്കുകയാണ്. നഗര പ്രദേശങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ താരതമ്യേന കുറവാണെങ്കിലും, ഗ്രാമ പ്രദേശങ്ങളിലും പാർപ്പിടം ഒരു പ്രശ്നം തന്നെയാണ്.

രാമങ്കരി പഞ്ചായത്തിൽ ആകെ 2656 വീടുകളിലായി 2679 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷതമൂലമാണ് ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നത്. സ്വന്തമായി വിടില്ലാത്ത ഇവർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാണ്. ഭവന നിർമ്മാണത്തിനായി സർക്കാർ

പലവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവിയിൽ വളരെ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ് 1973-ൽ ആരംഭിച്ച 'ലക്ഷം വീട്' ഭവന നിർമ്മാണ പദ്ധതി. ദുർബല വിഭാഗത്തിൽ പ്പെടുന്ന കുടുംബങ്ങളെ ഉദ്ദേശിച്ചാണ് ആ പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ ജെ.ആർ.വൈ. പദ്ധതി പ്രകാരവും അൺടൈഡ് ഫണ്ട് പ്രകാരവും തദ്ദേശ സ്ഥാപനങ്ങൾ വഴിയും വികസനബ്ലോക്കുകൾ വഴിയും വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി അനേകം പേർക്ക് ധന സഹായം ലഭ്യമാക്കി കൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ ഈയടുത്ത കാലത്ത് കേരള സർക്കാർ ദുർബല ജന വിഭാഗങ്ങളെ ഉദ്ദേശിച്ച് 'മൈത്രീ ഭവന പദ്ധതി' എന്ന പേരിൽ വീടു വച്ചു കൊടുക്കുന്നതിനായി ഒരു പുതിയ ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് വാർഷിക വരുമാനം 18000/- രൂപയിൽ താഴെയുള്ള കുടുംബത്തിലെ അംഗത്തിന് ഭവന വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. 9000 രൂപാ ഗവൺമെൻറ് സബ്സിഡി അടക്കം 28000/- രൂപാ ഗുണഭോക്താവിന് ലഭിക്കുന്ന നൂതന പദ്ധതിയാണ് ഇത്. പക്ഷേ ദൗർഭാഗ്യകരമെന്നു പറയട്ടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും ഭവന രഹിതരായ ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നുള്ളത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഭവന നിർമ്മാണം സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	ഇനിയും പൂർത്തിയാവാനുള്ളത്
1	6	1	5
2	7	7	-
3	3	2	1
4	42	34	8
5	57	45	12
6	16	14	2
7	6	6	
8	16	16	
ആകെ	153	125	28

പട്ടിക 7-4

പാർപ്പിട നിർമ്മാണ രീതികൾ അന്നും ഇന്നും

പുരാതന കാലം മുതൽക്കുതന്നെ മനുഷ്യൻ താമസിക്കുന്നതിന് ഇടം കണ്ടുപിടിക്കുന്നതിൽ ശ്രദ്ധവച്ചിരുന്നു. ഭൗതിക സാഹചര്യത്തിൽ വന്ന വികാസം മൂലം ഗുഹാ മനുഷ്യനായിരുന്നവൻ പിന്നീട് കുടിലുകൾ വച്ച് താമസിക്കുവാൻ തുടങ്ങി. അതിനായി വൃക്ഷങ്ങളും മറ്റും ഉപയോഗപ്പെടുത്തി. പിന്നീട് കാലം മാറിയതനുസരിച്ച് വീടിന്റെ നിർമ്മാണ രീതിയുലും, ഫാഷനിലും വളരെയേറെ പുരോഗമനങ്ങൾ വന്നു. പഴയ കേരളീയ വാസ്തുശില്പ ചാതുരി നിറഞ്ഞു നിന്ന വിടുകൾ ഇന്നൊരോർമ്മ മാത്രമായി-എവിടെയും കോൺക്രീറ്റ് മണിമാളികകൾ ഉയർന്നു. പരിസ്ഥിതിക്കും, പ്ലാനിംഗിനും ദോഷകരമായ അശാസ്ത്രീയ നിർമ്മാണ രീതികൾ ആണ് പലരും ഇന്ന് വീട് നിർമ്മാണത്തിന് അവലംബിച്ചിരിക്കുന്നത്.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവ് പാർപ്പിട നിർമ്മാണം വളരെ ചിലവുള്ളതാക്കിത്തീർത്തു. വീട് എന്നത് ആവശ്യം എന്നതിലുപരി ആഡംബരം കാണിക്കാനുള്ള ഒരു ഉപാധിയായി ഒരു വിഭാഗം ആളുകൾ ഉപയോഗപ്പെടുത്തിയപ്പോൾ, സ്വാഭാവികമായും താരമ്യേനമെച്ചപ്പെട്ട രീതിയിലും, ആഡംബരത്തിലും വീട് നിർമ്മിക്കുവാൻ സാധാരണക്കാരനും നിർബന്ധിതനായി. പലപ്പോഴും പലർക്കും വീടുപണി ഇടയ്ക്കുവച്ചുതന്നെ നിർത്തി വയ്ക്കേണ്ടിവന്നു. വീടു നിർമ്മാണത്തിന് ചിലവു കുറഞ്ഞ മാർഗ്ഗം അവലംബിക്കുന്നതിനോ അതിനായി നാട്ടിൽ തന്നെ ലഭ്യമായ ചിലവു കുറഞ്ഞ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ വളരെ കുറച്ചു പേരേ തയ്യാറാകുന്നുള്ളൂ.

കേരളത്തിൽ ഇപ്പോൾ സർക്കാർ നേതൃത്വത്തിലുള്ള കേരള സർക്കാർ നിർമ്മിതികേന്ദ്രം കുറഞ്ഞ ചിലവിൽ വീടു നിർമ്മിച്ചു കൊടുക്കുന്ന സ്ഥാപനമാണ്. പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുന്നതുകൊണ്ട് അവർക്ക് കെട്ടിടനിർമ്മാണത്തിലെ പാഴ്ചെലവ് ലാഭിക്കാൻ കഴിയുന്നു. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന 'കോസ്റ്റ് ഫോർഡ്' എന്ന സ്ഥാപനവും വളരെ കുറഞ്ഞ ചിലവിൽ വീടു നിർമ്മിച്ചു കൊടുക്കുന്നുണ്ട്. ലോകപ്രശസ്ത വാസ്തു ശില്പ ശാസ്ത്രജ്ഞൻ ലാറിബേക്കർ രൂപകൽപ്പന ചെയ്ത ചെലവു കുറഞ്ഞ വീടുകളും നിർമ്മാണ പാഴ്ചെലവും സമയവും ലാഭിക്കുന്ന വീടുകളാണ്. ചെലവു കുറഞ്ഞ വീടുകൾ പ്രചരിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിക്കണ്ട് ഉണർന്നു പ്രവർത്തിച്ചേതീരൂ.

പാർപ്പിടം നിലവിലെ അവസ്ഥ

സ്വന്തമായി വീടില്ലാത്ത അനവധി ആളുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. എല്ലാവരും തന്നെ ദുർബല ജനവിഭാഗത്തിൽ പെടുന്നവരാണ്. ഇവരിൽ കോളനി നിവാസികളും ലക്ഷം വീട് നിവാസികവും ഒക്കെ ഉൾപ്പെടുന്നു. പഞ്ചായത്തിൽ ലക്ഷം വീടു കോളനികൾ ഉണ്ട്. കൂടാതെ അഞ്ച് പട്ടികജാതി കോളനികളും നിലവിലുണ്ട്. എ.സി. റോഡ് കനാലിന് തെക്കു വശത്തായി സെറ്റിൽ മെൻറ് കോളനിയും ഉണ്ട്. ഇവ കൂടാതെ മറ്റ് പ്രദേശങ്ങളിലുമായി അനവധി ഭവനരഹിതർ പഞ്ചായത്തിലുണ്ട്. ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. പുറമ്പോക്കിൽ താമസിക്കുന്ന കുറച്ചു കുടുംബങ്ങളും ഇവിടെയുണ്ട്.

ഗ്രാമീണി കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (ആർ.എ.പി.)		
വാർഡ്	ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം
1	4	1
2	11	2
3	11	2
4		
5	13	2
6	7	-
7	6	-
8		
പട്ടിക 7-7		

ഡി.ഡബ്ലു.സി.ആർ.എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭകരുടെ വിവരം				
വാർഡ്	തൊഴിൽ സംരംഭം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	റിമാർക്സ്
7	ഡയറി യൂണിറ്റ്	1992-93	10	കുടിശ്ശികയുണ്ട്
5	ഡയറി യൂണിറ്റ്	1991-92	15	കുടിശ്ശികയുണ്ട്
പട്ടിക 7-3 അവലംബം- ഗ്രാമ വികസന വകുപ്പ് രേഖകൾ				

അവർക്ക് പട്ടയം കൊടുക്കുന്നതിനും വീട് നിർമ്മിച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ചേരി പ്രദേശങ്ങളോ ചേരി നിവാസികളോ പഞ്ചായത്തിലില്ല.

രാമങ്കരി പഞ്ചായത്ത്-വീടുകൾ പൊതുസ്ഥിതി

വാർഡ്	ആകെ വീടുകൾ	കോൺക്രീറ്റ്	ഓടിട്ടത്	ഓലമേഞ്ഞത്	കുടിൽ
1	438	22	300	116	
2	400	25	336	39	
3	458	12	411	35	
4	227	4	163	60	
5	305	3	259	46	
6	377	2	249	126	
7	274	11	178	85	
8	360	10	250	100	

പട്ടിക 7-5

അവലംബം-ആരോഗ്യ സ്ഥിതി വിവര സർവ്വേ

വീട് ആവശ്യമുള്ളവർ-വാർഡ് അടിസ്ഥാനത്തിൽ

വാർഡ്	1	2	3	4	5	6	7	8
വീട് ആവശ്യമുള്ളവർ	140	60	60	80	80	126	85	100

പട്ടിക 7-6
അവലംബം-ആരോഗ്യ സ്ഥിതിവിവര സർവ്വേ

കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പന നടത്തുന്ന 5 സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. എല്ലാം സ്വകാര്യ ഉടമസ്ഥതയിലാണ്. സഹകരണ മേഖലയിൽ ഇത്തരമൊരു സ്ഥാപനം തുടങ്ങിയാൽ ഇപ്പോൾ ലഭിക്കുന്നതിലും കുറഞ്ഞ വിലക്ക് നിർമ്മാണ സാമഗ്രികൾ വിറ്റഴിക്കുന്നതിന് കഴിയും കെട്ടിട നിർമ്മാണത്തിനാവശ്യമായ ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന ഒരു ഫാക്ടറി ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോൺക്രീറ്റ് സ്ലാബ് മതിലുകൾ ഇപ്പോൾ നാട്ടിലെങ്ങും ഫാഷനായി വരികയാണ്. പ്രകൃതി ദത്തമായ ജൈവവേലികൾ ഭീതികരമാം വണ്ണം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ജൈവവേലികൾ ഉണ്ടാക്കുന്നതിനും, സംരക്ഷിക്കുന്നതിനും ആവശ്യമായബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറാണ്. ഇതു മൂലം നിർമ്മാണ പ്രവർത്തനം മിക്കപ്പോഴും മുടങ്ങാറുണ്ട്. തമിഴ്നാട്ടുകാരായ ധാരാളം നിർമ്മാണ തൊഴിലാളികൾ ഇപ്പോൾ ഇവിടെ ജോലിക്ക് വരുന്നുണ്ട്.

പ്രശ്നങ്ങൾ, പോരായ്മകൾ

1. വീട് നിർമ്മിക്കുന്നതിനുള്ള സാമഗ്രികളുടെ വൻ വിലവർദ്ധന വീട് നിർമ്മാണത്തെ ദുഃസ്സഹമാക്കുന്നു.

2. ഭൂരഹിതരായ ആളുകൾ ധാരാളമുണ്ട്.

3. വീട് വയ്ക്കുന്നതിനുള്ള വായ്പാ നടപടി ക്രമങ്ങൾ കൂടുതൽ കഠിനമാണ്.

4. കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.

5. നിർമ്മാണ തൊഴിലാളികളുടെ അഭാവം നിലനിൽക്കുന്നുണ്ട്.

സാദ്ധ്യതകൾ പരിഹാരങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം പിടിച്ചു നിർത്തണം.

2. കുറഞ്ഞ ചിലവിൽ പണിയുന്ന വീടുകളെ പ്രോത്സാഹിപ്പിക്കണം.

3. കൂടുതൽ പേർക്ക് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകുക.

4. ഭൂ രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുക.

5. വാസയോഗ്യമല്ലാത്ത വീടുകൾ മാറ്റി പുതിയ വീട് വയ്ക്കുന്നതിനു ധനസഹായം നൽകുന്നതിന് ദുർബല ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകുക.

6. വായ്പ ലഭിക്കുന്നതിന് ഇന്നുള്ള കാലതാമസം ഒഴിവാക്കുക. നടപടി ക്രമങ്ങൾ കൂടതൽ ലളിതവും സുതാര്യവും ആക്കുക.

7. ചിലവു കുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക.

8. കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

സാമൂഹ്യക്ഷേമം

ദരിദ്ര ജന വിഭാഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. സാമൂഹ്യമായും, സാമ്പത്തികപരമായും അവർ വളരെ താഴെയാണ്. ദുർബല ജന ഹിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യ പാതയിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യം വച്ചു കൊണ്ടാണ് ഗ്രാമ വികസന വകുപ്പും, സാമൂഹ്യ ക്ഷേമ വകുപ്പും വിവിധ ക്ഷേമ പരിപാടികൾ നടപ്പിലാക്കി വരുന്നത്. ഇത്തരം ക്ഷേമ പദ്ധതികളിലൂടെ കുറച്ചുപേരെയെങ്കിലും കൈ പിടിച്ചുയർത്തുവാൻ കഴിഞ്ഞു എന്നുള്ള കാര്യവും എടുത്തു പറയേണ്ടതുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനായി 1992 ൽ IRDP (IntegratedRural Development Programme) സർവ്വേ നടന്നു. ധന സഹായം ആവശ്യമുള്ള ജനതയെ കണ്ടു പിടിക്കുന്നതിന് വേണ്ടിയാണ് സർവ്വേ നടത്തിയത്. സർവ്വേ പ്രകാരം രാമങ്കരി പഞ്ചായത്തിലെ ആകെയുള്ള 2673 കുടുംബങ്ങളിൽ 1136 പേർ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ പട്ടികവിഭാഗത്തിൽപ്പെടുന്ന 25 കുടുംബങ്ങളുണ്ട്. നാളിതുവരെ 179 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം എത്തിച്ചു കൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.
IRDPസഹായം മൂലം 84 കുടുംബംഗങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ സാധിച്ചു.

IRDP ധനസഹായം കൊണ്ട് പല കുടുംബങ്ങളേയും ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ സാധിച്ചുവെങ്കിലും ഈ ധന സഹായങ്ങൾ എത്രമാത്രം ഫലപ്രദമായും, കാര്യക്ഷമമായും വിനിയോഗിക്കാൻ കഴിഞ്ഞു എന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. IRDP പദ്ധതി പ്രകാരം തുടങ്ങിയ പദ്ധതികൾ എത്രയെണ്ണം നല്ലരീതിയിൽ നടക്കുന്നുണ്ട്, എത്രയെണ്ണത്തിന് പാളിച്ചകൾ പറ്റി? എന്താണ് പാളിച്ചകളുടെ കാരണം? ഇവകൂടി പഠന വിധേയമാക്കേണ്ടതാണ്.

IRDP ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പാളിച്ചകൾ ഉണ്ടായെന്ന് വിശ്വസിക്കുന്ന ധാരാളം പേർ നമുക്കിടയിലുണ്ട്. വായ്പകൾ സംഘടിപ്പിച്ചു കിട്ടുന്നതിനുള്ള നടപടി ക്രമങ്ങളുടെ കാലതാമസവും മറ്റും ഗുണഭോക്താക്കൾക്ക് കൂടുതൽ അസംതൃപ്തി പ്രദാനം ചെയ്യുന്നതാണ്.

വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളിലൂടെ നിരവധിപേർ സാമൂഹ്യ പരോഗതി നേടിയിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1136 കുടുംബങ്ങളിൽ 15.75% ത്തിനു മാത്രമേ സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിഞ്ഞുള്ളൂ. അതിൽ തന്നെ 4.40% മാത്രമേ പട്ടികജാതി പട്ടികവർഗ്ഗക്കാരായുള്ളൂ.

TRYSEM (Training of Rural Youth for Self Employment)

ഗ്രാമീണ യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ ആശ്വാസം നൽകുന്നതിന് ഉദ്ദേശിച്ചാണ് ട്രൈസം പദ്ധതി വികസന ബ്ലോക്കുകൾ വഴി നടത്തുന്നത്. ഇതു പ്രകാരം ഗ്രാമീണ യുവതീ യുവാക്കൾക്ക് ഇലക്ട്രോണിക്സ്, ടെയിലറിംഗ്, മറ്റ്, എൻ.സി.വി.റ്റി. കോഴ്സുകൾ തുടങ്ങിയ സാങ്കേതിക കോഴ്സുകൾ സൗജന്യമായി സ്റ്റൈപ്പെന്റോടുകൂടി പഠിക്കാവുന്നതാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തനാക്കുന്നതിന് സജ്ജമാക്കുന്ന വിദ്യാഭ്യാസ പദ്ധതിയാണ് ട്രൈസം പരിപാടിയിലൂടെ നടപ്പിലാക്കുന്നത്. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 7-2 ൽ ചേർത്തിരിക്കുന്നു.

ട്രൈസം തൊഴിൽ പരിശീലനം നേടിയവുടെ വിവരം

വാർഡ് നമ്പർ	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1	2	3	4
1	11	2	9
2	10	1	9
3	5	-	5
4	6		6
5	29	4	25
6	21	3	18
7	3		3
8	2		2

പട്ടിക 7-2

പട്ടിക 7-1

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം-ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം	ഇതിൽ എസ്.സി./ എസ്.ടി കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ്.സി./ എസ്.ടി കുടുംബങ്ങൾ	സാഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ
1	2	3	4	5	6
1	164	7	18	4	5
2	106	3	22	3	10
3	212	1	19	2	8
4	129	2	18	9	7
5	128	10	29	10	15
6	169	-	20	8	9
7	99		26	7	16
8	129	2	27	7	14

DWCRA (Development of Women & Children in Rural Area)

ഗ്രാമീണ മേഖലയിലെ വാസക്കാരായ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിയാണ് 'DWCRA' പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതു പ്രകാരം വിവിധ വനിതകൾക്ക് കൂട്ടായി വിവിധ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ധന സഹായം ലഭ്യമാക്കിയിട്ടുണ്ട്.

ഡി.ഡബ്ലു.സി.ആർ.എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭകരുടെ വിവരം

വാർഡ്	തൊഴിൽ സംരംഭം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	റിമാർക്സ്
7	ഡയറി യൂണിറ്റ്	1992-93	10	കുടിശ്ശികയുണ്ട്
5	ഡയറി യൂണിറ്റ്	1991-92	15	കുടിശ്ശികയുണ്ട്

പട്ടിക 7-3
അവലംബം- ഗ്രാമ വികസന വകുപ്പ് രേഖകൾ

ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (ആർ.എ.പി.)

വാർഡ്	ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം
1	4	1
2	11	2
3	11	2
4		
5	13	2
6	7	-
7	6	-
8		

പട്ടിക 7-7

DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

RAP (Rural Artisan's Progammee)

ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുക എന്ന ലക്ഷ്യം വച്ചാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്ത് . നമ്മുടെ പഞ്ചായത്തിൽ കൈത്തൊഴിലുകാരായ ധാരാളം പേർ ഉണ്ട്. അവരിൽ ചിലർക്കൊക്കെ പണിയായുധങ്ങൾ കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. RAP അനുസരിച്ച് പഞ്ചായത്തിൽ വിതരണം ചെയ്ത തൊഴിലുപകരണങ്ങളുടെ വിവരം താഴെ ക്കൊടുക്കുന്നു.

മഹിളാ സമാജങ്ങൾ

രാമങ്കരി പഞ്ചായത്തിൽ മഹിളാ സാമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അവർ നടത്തുന്നുണ്ട്. ചില മഹിളാ സമാജങ്ങളിൽ ഫീഡിംഗ് സെൻറും പ്രവർത്തിക്കുന്നുണ്ട്. രണ്ട് അംഗൻ വാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

നിലവിൽ പല പദ്ധതികളും സാമൂഹ്യക്ഷേമ വകുപ്പ് സാമൂഹിക ഉന്നതിലക്ഷ്യമാക്കി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവയുടെ പൂർണ്ണ ലക്ഷ്യ പ്രാപ്തി നേടിയെടുക്കുന്നതിന് പലപോരായ്മകളും നിലനിൽക്കുണ്ട്. അവ ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും.

പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

2. ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ ആളുകൾക്കും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല അനർഹരായവർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. ഐ.ആർ.ഡി.പി. സർവ്വേ പൂർണ്ണമായും കുറ്റമറ്റതായിരുന്നില്ല.

4. ട്രൈസം പോലുള്ള പദ്ധതികളുടെ അറിയിപ്പ് യഥാസമയം ലഭിക്കുന്നില്ല.

5. ഉദ്യോഗസ്ഥ തലത്തിലെ അഴിമതി, കാലതാമസം.

പരിഹാരങ്ങൾ, സാദ്ധ്യതകൾ

1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ മുൻഗണനാ ക്രമം പാലിക്കുക.

2. പുതിയ വനിതാ യൂണിറ്റുകൾ തുടങ്ങുക.

3. ഐ.ആർ.ഡി.പി. സർവ്വേ നടത്തി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവർ അർഹരായവർ തന്നെയാണ് എന്ന കാര്യം ഉറപ്പു വരുത്തുക.



വനിത

സ്ത്രീകൾക്ക് എന്നും മാന്യത കൽപ്പിച്ചു പോരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് നമ്മുടെ രാജ്യത്ത് നിലവിലുള്ളത് എങ്കിലും അവരുടെ സാമൂഹ്യ പുരോഗതി ഇന്നും താഴെത്തട്ടിലാണ്. ഇതിനുള്ള കാരണങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ടിയിരിക്കുന്നു.

സ്ത്രീയെ ദേവതയായി പൂജിച്ചിരുന്ന ഒരു പൂർവ്വകാലം നമുക്കുണ്ടായിരുന്നു. നാരീ പൂജ മഹനീയ പ്രവർത്തിയായി കണക്കാക്കിയിരുന്നു. ഇന്നും ചില ക്ഷേത്രങ്ങളിൽ നരീപൂജ ഇപ്പോഴും നടന്നുവരുന്നു. നാരിക്ക് അത്രയേറെ ആദരവ് നൽകിയിരുന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവുകളൊന്നും വേണ്ടല്ലോ ! പക്ഷേ സ്ത്രീക്ക് മറ്റ് രംഗങ്ങളിൽ പുരുഷനോടൊപ്പം പരിഗണന നൽകുന്നതിൽ സമൂഹം എന്നും മടികാട്ടി. സ്ത്രീയെ ഒരു ഭോഗ വസ്തുവായി നിർത്താൻ ചില ആളുകൾ എന്നും ശ്രമിച്ചിരുന്നു. പുരുഷനൊപ്പം ഒരു രംഗത്തും സ്ത്രീ എത്തപ്പെടരുതെന്ന് അവർ ആഗ്രഹിച്ചു. 'മനുസ്മൃതി'യുടെ രൂപത്തിലും മറ്റും അവരുടെ മനസ്സിലെ വികലമായ ആശയങ്ങൾ സമൂഹ മനസാക്ഷിയുടെ മുന്നിലെത്തി. അവരുടെ വിരു

ദ്ധാശയങ്ങൾക്കെതിരേ പൊരുതിയ പുരോഗമന ജനസമൂഹം സ്ത്രീക്ക് സമത്വം നേടിക്കൊടുക്കുന്ന സാമൂഹ്യ പ്രക്രിയയിൽ ചെറുതല്ലാത്ത പങ്കു വഹിച്ചു. ഇന്നും അവരുടെ പോരാട്ടങ്ങൾ ശക്തിയോടെ തുടർന്നുകൊണ്ടിരിക്കുന്നു.

സ്ത്രീയെ എന്നും ഒരു കച്ചവടച്ചരക്കാക്കുന്ന കമ്പോള സമ്പദ് വ്യവസ്ഥിതിയാണ് ഇന്നിവിടെ നിലനിൽക്കുന്നത്. സ്ത്രീയുടെ നഗ്നത പോലും തങ്ങളുടെ ഉല്പന്നത്തിന്റെ പരസ്യത്തിന് ഉപയോഗിക്കുന്ന ഉപഭോഗ സംസ്ക്കാരം നമ്മെ ലജ്ജിപ്പിക്കുന്നു. ഇതിനെതിരേ സമൂഹ മനസ്സാക്ഷിയെ ഉണർത്താനുള്ള പ്രവർത്തനങ്ങൾക്ക് തീവ്രത പോരയെന്ന് ദുഃഖ പൂർവ്വം പറയട്ടെ. ദിനം തോറും വർദ്ധിച്ചുവരുന്ന സ്ത്രീ പീഡന ക്കേസുകൾ നമ്മുടെ അധമസംസ്കാരത്തെയാണ് ദ്യോതിപ്പിക്കുന്നത്.

സേവന വേതന രംഗങ്ങളിലും സ്ത്രീകളുടെ അവസ്ഥ ഇപ്പോഴും പുരുഷന് പിറകിലാണ്. കായികമായി കൂടുതൽ അദ്ധ്വാനം വേണ്ടി വരുന്ന ജോലികൾ, പുരുഷനൊപ്പം നിന്ന് സ്ത്രീകൾ ചെയ്താലും പുരുഷനൊപ്പം വേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ലായെന്നതാണ് സത്യം. പാറമടയിലും മറ്റും ജോലിചെയ്യുന്ന സ്ത്രീകളെ നമുക്ക് ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. നമ്മുടെ കുട്ടനാട്ടിലെ, കാർഷികമേഖല തന്നെ ഒന്നു പരിശോധിക്കാം. ഇവിടെ ഇപ്പോഴും വേതനത്തിലുള്ള പ്രകടമായ അന്തരം നിലനിൽക്കുന്നു. പക്ഷേ ജോലിയുടെ കാഠിന്യത്തിലോ, ജോലി സമയത്തിനോ കുറവ് ഒട്ട് ഇല്ലതാനും. കാർഷിക മേഖലയിൽ സ്ത്രീതൊഴിലാളികൾക്ക് 45 രൂപാ കൂലിയും പുരുഷന് 70 രൂപയും ആണ്. സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം നൽകുന്നതിനുള്ള നടപടികൾ ഉണ്ടായേതീരൂ.

സ്ത്രീധനം പോലുള്ള സാമൂഹ്യാനാചാരങ്ങളുടേയും തിക്തഫലങ്ങൾ അനുഭവിക്കുന്നത് എന്നും സ്ത്രീ സമൂഹമാണ്. ഇത്തരം അനാചാരങ്ങൾക്കെതിരെ സമൂഹ മനസ്സാക്ഷിയെ ഉണർത്തിയേ തീരൂ. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തിയാലേ അവർക്കുനേരേ ഇന്നുള്ള അസമത്വം അവസാനിപ്പിക്കാൻ കഴിയൂ. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സ്ത്രീകളുടെ സംവരണതോത് ഉയർത്തിയെങ്കിലും സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് അത് എത്രമാത്രം ഉപകരിച്ചു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

വനിതാക്ഷേമം - പഞ്ചായത്തിലെ പൊതുസ്ഥിതി

കേരളത്തിൽ സ്ത്രീപുരുഷ അനുപാതം ആയിരം പുരുഷൻമാർക്ക് ആയിരത്തി നാൽപ്പത് സ്ത്രീകൾ എന്നാണ്. സ്ത്രീകളാണ് കൂടുതൽ എന്നർത്ഥം. എന്നാൽ രാമങ്കരി പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തെക്കാൾ കുറവാണ് എന്നു കാണാം. പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 14026 ആണ്, 7029 പുരുഷൻമാരും 6997 സ്ത്രീകളും ഉണ്ട്.

ക്ഷേമ പദ്ധതികൾ

സ്ത്രീകളുടെ സാമൂഹികോന്നമനം ലക്ഷ്യമാക്കി പല ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ അവയൊന്നും

തന്നെ ഉദ്ദേശിച്ച ഗുണനിലവാരത്തിൽ എത്തുന്നില്ലായെന്നതാണ് യാഥാർത്ഥ്യം . ക്ഷേമ പദ്ധതികൾ അമ്പേ പരാജയമാണെന്നല്ല ഇതൊകൊണ്ടുദ്ദേശിക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ജീവിത നിലവാരമുയർത്തുന്നതിന് ഇത്തരം പദ്ധതികൾ ഒരളവുവരെ പ്രയോജനപ്പെട്ടു എന്നുള്ളത് നിസ്തർക്കമായ കാര്യമാണ്.

സ്ത്രീകളുടെ ക്ഷേമം ലാക്കാക്കി വിവിധ ക്ഷേമ പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വികസന ബ്ലോക്കുകൾ വഴി വിവിധ ക്ഷേമ പദ്ധതികളാലായി അനേകം വനിതകൾക്ക് സഹായമെത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. DWCRA,IRDP, TRYSEM,RAP തുടങ്ങിയ പദ്ധതികളിലൂടെ വികസന ബ്ലോക്കുകൾ വഴി വനിതകളുടെ പിന്നോക്കാവസ്ഥ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. DWCRA പ്രകാരം രണ്ട് വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം ചെയ്തിട്ടുണ്ട്. IRDP പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വനിതകൾക്ക് ധന സഹായവും, ജീവനോപാധികളും മറ്റും എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. TRYSEM പദ്ധതിയിലൂടെ 1995-'96 സാമ്പത്തിക വർഷത്തിൽ 87 പേർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ട്രൈസം തൊഴിൽ പരിശീലന പരിപാടി വിജയകരമായി പൂത്തിയാക്കിയതിനുശേഷം സ്വയം തൊഴിൽ കണ്ടെത്തിയ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. RAP അഥവാ ഗ്രാമീണ കൈത്തിഴിൽ പദ്ധതി പ്രകാരവും കൂടുതൽ വനിതകൾക്ക് സഹായം നൽകി. ഈ പദ്ധതി പ്രകാരം കൈതൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ സൗജന്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം RAP സ്കീം അനുസരിച്ച് 52 കൈത്തൊഴിലുകാർക്ക് സഹായം ലഭ്യമാക്കുകയുണ്ടായി.

വിവിധയിനം ക്ഷേമ പദ്ധതികൾക്കായി ധാരാളം തുക ചെലവഴിച്ചുവെങ്കിലും പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് ഇത് കുറഞ്ഞയളവിലേ ഉപയുക്തമായുള്ളൂ. ഇതിന് ഒന്നിലധികം കാരണങ്ങളുണ്ട്. മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം എത്തിച്ചു കൊടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നത് പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ വായ്പാനടപടികൾ കൂടുതൽ നൂലാമാലകൾ നിറഞ്ഞതാണ്. വായ്പാ നടപടികൾ കൂടുതൽ ലഘൂകരിക്കേണ്ടത് വളരെ ആവശ്യമാണ്. പിന്നൊന്ന് ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിന് ബാങ്കുകൾ സന്നദ്ധമല്ലാ എന്നുള്ളതാണ്. സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ നൽകുന്നതിന് ബാങ്കുകാർ ഇന്ന് നിലനിർത്തിപ്പോരുന്ന നിഷേധാത്മക നിലപാട് അവസാനിപ്പിച്ചേ തീരൂ. പൊതു മേഖലാ ബാങ്കുകളും, സഹകരണ ബാങ്കുകളും ഇക്കാര്യത്തിൽ ഒരേ നയമാണ് പിന്തുടരുന്നത്. സഹകരണ ബാങ്കുകൾ വഴി കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ചാരായ നിരോധനം കൊണ്ട് ഉദ്ദേശിച്ച ഫലമൊന്നു മുണ്ടായില്ലാ എന്നാണ് ഗ്രാമസഭകളിൽ നിന്നും ലഭിച്ച അഭിപ്രായം. സമ്പൂർണ്ണ മദ്യനിരോധനം വന്നാലേ മദ്യവിപത്ത് തടഞ്ഞു നിർത്താൻ കഴിയൂ. മദ്യവിപത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് കൂടുതലും വീടുകളിലെ സ്ത്രീകളാണ്.

പൊതു രംഗത്തേക്ക് കടന്നു വരുവാൻ സ്ത്രീകൾ ഇന്നും മടികാണിക്കുന്നുണ്ട്. പൊതു രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെക്കുറിച്ച് സമൂഹത്തിന് ഉള്ള തെറ്റായ മനോഭാവമാണ് ഇതിന് കാരണം. സാമൂഹ്യബോധവൽക്കരണത്തിലൂ

ടെയേ ഇതു മാറ്റിയെടുക്കുവാൻ കഴിയൂ.

സ്ത്രീകളുടെ മേൽനോട്ടത്തിലും, അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലും ആശ്രയിച്ചു കഴിയുന്ന കുറേയധികം വീടുകൾ പഞ്ചായത്തിലുണ്ട്. ഇത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി സഹകരണ മേഖലയിലുള്ള വനിതാ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ സാമൂഹികോന്നമനത്തിനായി താഴെപ്പറയുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ഒറ്റക്കോ സഹകരണ മേഖലയിലോ ആരംഭിക്കാനുന്നതാണ്.

1. റെഡിമെയ്ഡ് യൂണിറ്റ്
2. എംബ്രോയിഡറി വർക്സ്
3. നേഴ്സറി (പ്ലാൻറ്)
4. പുഷ്പകൃഷി
5. ചന്ദനത്തിരി നിർമ്മാണം
6. ബുക്ക് ബയൻറിംഗ്

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	റിമാർക്ക്സ്
7	ഡയറി യൂണിറ്റ്	1992-'93	10	കുടിശ്ശികയുണ്ട്
5	ഡയറി യൂണിറ്റ്	1991-92	15	കുടിശ്ശികയുണ്ട്

അവലംബം- ഗ്രാമ വികസന വകുപ്പ് രേഖകൾ

സ്ത്രീകളുടെ സംഘടനകൾ

പഞ്ചായത്തിൽ സ്ത്രീകളുടെ സംഘടിതശക്തി പൊതുവേ ശക്തമല്ലായെന്നു കാണാം. സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായി പോരാടുന്ന ''അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെ'' പ്രവർത്തനം രാമങ്കരി

യിൽ നടക്കുന്നുണ്ട്. കുറയേറെ വനിതകളെ ഞങ്ങളുടെ കൊടിക്കീഴിൽ അണിനിരത്തുവാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ വേറെയും ചില മഹിളാ സംഘടനകൾ ഉണ്ടെങ്കിലും പഞ്ചായത്തിൽ നിറഞ്ഞു നിൽക്കുന്ന ഒരു പ്രവർത്തനം കാഴ്ചവയ്ക്കുന്നതിൽ അവർ പിന്നിലാണ്.

സ്ത്രീകൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ

1. സ്ത്രീ - പുരുഷ വേതന നിരക്കിന്റെ അന്തരം പ്രകടനമാണ്. ജോലിസമയത്തിന് കുറവൊന്നുമില്ല.

2. പൊതുരംഗത്തേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ സ്ത്രീകൾക്ക് അനുമതി ലഭിക്കുന്നില്ല.. ഇവിടെയും പുരുഷമേധാവിത്വത്തിന് മുമ്പിൽ സ്ത്രീക്ക് പിൻമാറേണ്ടി വരുന്നു.

3. വനിതകൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനമില്ല.

4. വനിതകൾ മേൽനോട്ടം വഹിക്കുന്ന തൊഴിൽ സംരംഭങ്ങൾ തീരെയില്ല എന്നുതന്നെ പറയാം.

5. സ്ത്രീകൾക്കെതിരേ ഒറ്റപ്പെട്ട അക്രമസംഭവങ്ങൾ ഉണ്ടാകാറുണ്ട്.

6. സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്നവർ പഞ്ചായത്തിലുണ്ട്.

7. സ്ത്രീകളെ അശ്ലീലമായ ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പതിക്കാറുണ്ട്.

സാദ്ധ്യതകൾ

1. സ്ത്രീകൾക്ക് എല്ലാ രംഗത്തും മുൻഗണന കൊടുക്കണം.

2. കുടുതൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

3. പൊതുരംഗത്തേക്ക് കൂടുതൽ പെൺകുട്ടികളെ ഉയർത്തിക്കോണ്ടുവരേണ്ടതാണ്.

4. വായ്പാ നടപടികൾകൂടുതൽഉദാരമാക്കണം.

5. സ്ത്രീപുരുഷ തൊഴിലാളികളുടെ കൂലിനിരക്കിലെ അന്തരം കുറച്ചു കൊണ്ടുവരണം. തുല്യ ജോലിക്ക് തുല്യവേതനം നൽകണം.

6. ലിംഗ വിവേചനം അവസാനിപ്പിക്കണം.



സഹകരണം

സ്വന്തം, സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി മുന്യഷ്യരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ അംഗമെന്ന നിലയിൽ സ്വന്തം കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് സമൂഹത്തിന് മുഴുവൻ ഉന്നതിയുണ്ടാക്കുന്നതിനുള്ള ഒരു സ്വയം പ്രേരിത സംഘടനയാണ് സഹകരണ പ്രസ്ഥാനം എന്ന് നിർവ്വചനങ്ങൾ സമർത്ഥിക്കുന്നു. പ്രത്യേകിച്ചും ഗ്രാമീണ ഏരിയാകളുടെ ഉന്നമനത്തിനായി ഇത്രയിധികം ഉപയോഗപ്രദമായ പ്രസ്ഥാനം മറ്റൊന്നുണ്ടോ എന്ന് സംശയിക്കേണ്ട കാര്യമില്ല.

18-ാം നൂറ്റാണ്ടിൽ സംഭവിച്ച വ്യവസായിക വിപ്ലവത്തിന്റെ അമിതമായ യന്ത്രവത്കരണത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട് ദാരിദ്ര്യത്തിൽ ജീവിക്കേണ്ടി വന്ന തൊഴിലാളികളുടെ കൂട്ടായ്മയുടെ ഫലമായി അവശ്യ നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭിക്കുന്നതിനായി കൺസൂമർ മേഖലയിലാണ് ആദ്യത്തെ സഹകരണ സംഘം രൂപീകൃതമായത്. ഇന്ത്യയിലും കൺസ്യൂമർ മേഖലയിലാണ് ആദ്യസഹകരണ സംഘം ഉടലെടുത്തത്. 'സർ ഫ്രെഡറിൽ നിക്കോൾസിണിന്റെ' റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1904 ൽ ഇന്ത്യയിൽ സഹകരണ നിയമം നിലവിൽ വന്നു. ഇതിനെ തുടർന്ന് കേരളത്തിലും സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. അതിന്റെ ഫലമായി തിരുവിതാംകൂർ സഹകരണ ബാങ്ക് ഉടലെടുക്കുകയും അതിപ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നറിയപ്പെടുകയും ചെയ്യുന്നു.

രാമങ്കരി പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത് 1925 ൽ ആണ്. ഈ പഞ്ചായത്തിലെ ഏഴാം വാർഡിൽപ്പെട്ട ഊരുക്കരിയിലെ ജനങ്ങൾ ചേർന്ന് രൂപീകരിച്ചു ഊരുക്കരിയിലെ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1239 ആണ് ഈ പഞ്ചായത്തിലെ ആദ്യ സഹകരണ സംഘം. ഈ സഹകരണസംഘം ഇപ്പോൾ 71 വർഷം തികയുന്ന വർഷമാണിത്. ആകെ നോക്കുമ്പോൾ മോശമല്ലാത്ത പ്രവർത്തനങ്ങളാ

ണ് നമ്മുടെ സഹകരണ സംഘങ്ങൾ നടത്തി വരുന്നത് എന്നുള്ളത് എടുത്തുപറയേണ്ടതാണ്.

നമ്മുടെ നടിന്റെ പുരോഗതിയിൽ പ്രധാന പങ്ക് വഹിക്കേണ്ട പ്രസ്ഥാനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സഹകരണ പ്രസ്ഥാനങ്ങൾ. എന്നാൽ രാമങ്കരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അഞ്ച് സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും നാടിന്റെ സർവ്വോന്മുഖമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സംഘങ്ങൾ ഇല്ല എന്നുതന്നെ പറയാം. ഇത്തരം ഒരു പരിസ്ഥിതിയിൽ സഹകരണ പ്രസ്ഥാനങ്ങളെ എങ്ങനെ ഈ പഞ്ചായത്തിന്റെ വികസന പരിപാടികളിൽ പങ്കാളികളാക്കാം എന്നു ചിത്രീകരിക്കേണ്ടത് അനിവാര്യമാണ്.

രാമങ്കരി പഞ്ചായത്തിലെ സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും അതായത് ഏതാണ്ട് 90% എണ്ണവും 1925 നും 70 നും ഇടയ്ക്കു സ്ഥാപിതമായവകളാണ്. ആരംഭകാലങ്ങളിലെ പ്രവർത്തനത്തിന്റെ വീറും വാശിയും നഷ്ടപ്പെട്ട സഹകരണ സംഘങ്ങളും മൃതാവസ്ഥയിലെത്തി നിൽക്കുന്ന സംഘങ്ങളും ഇല്ലാതില്ല. പ്രധാനമായും ഒരു കാര്യത്തിനായി പ്രവർത്തിക്കുന്നതിനുള്ള രീതിയിൽ ഓരോ സംഘങ്ങളും ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ അവയ്ക്ക് മറ്റ് പ്രവർത്തന മേഖലകളിലേയ്ക്ക് പ്രവർത്തിക്കുന്നതിന് സാധ്യമല്ലാതെയാവുന്നു. എന്നാൽ ഇവ പ്രവർത്തിക്കുന്ന മേഖലയിലെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ സംയോജിപ്പിക്കാനാവാത്തത് ഇത്തരം സംഘങ്ങളുടെ പോരായ്മയാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി രൂപവൽക്കരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തരഹിതമായ നിലയിലാണ് അവയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നതായാണ് കാണുന്നത്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് ഇന്നാട്ടിലെ ഭൂരിഭാഗം പട്ടികജാതി പട്ടിക വർഗ്ഗക്കാരും. അവർക്കായി കാർഷിക ഉപകരണങ്ങളുടെ വിതരണം നടന്നുവെങ്കിലും അവ ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുകയാണ്. ഇവയുടെ വിതരണത്തോടൊപ്പം ശരിയായ രീതിയിലുള്ള പരിശീലവും നൽകാത്തതാണ് ഇത്തരം പ്രശ്നങ്ങൾക്ക് നിദാനം. ഗവൺമെൻറിൽ നിന്നുള്ള ധനസഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുകയും അവയുടെ വിതരണവും ഉപയോഗവും ശരിയായ രീതിയിലാണോ എന്നുള്ള അന്വേഷണവും നടത്തേണ്ടതാണ്. വാർഷികമായുള്ള ഓഡിറ്റിംഗ് നിർത്തുകയും അതിനുപകരം മൂന്നു മാസം കൂടിയിരിക്കുമ്പോൾ ഓഡിറ്റിംഗ് സമ്പ്രദായം നിലവിൽ വരുത്തേണ്ടതും അനിവാര്യമാണ്. സഹകരണസംഘങ്ങളിൽ ഇപ്പോൾ സഹകരണ ആശയങ്ങൾക്കു വിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്നത് നാം കണ്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നു. രാഷ്ട്രീയക്കാരിൽ നിന്നും ഒരു ക്രമമായ ദൂരം പരിപാലിക്കണം എന്നുള്ളതാണ് സഹകരണത്തിന്റെ പൊതുതത്വം എന്നാൽ അമിതമായ രാഷ്ട്രീയ അതി പ്രസരം മത്സരങ്ങളുടെ വേദിയാക്കി സഹകരണ പ്രസ്ഥാനത്തെ മാറ്റുന്നത് തടയേണ്ടതാണ്.

ഈ പഞ്ചായത്തിലെ സഹകരണ സംഘങ്ങളിൽ അദ്യ കാലത്തുണ്ടായ പ്രമുഖ സംഘങ്ങളിലൊന്നാണ് എസ്.സി.ബി. നമ്പർ 1515 നല്ല രീതിയിൽ നടന്നു വന്നിരുന്ന സഹകരണ സംഘം മാനേജ്മെൻറിന്റെ അഭാവത്തിൽ മൃതാവസ്ഥയിലെത്തിനിൽക്കുന്നു. സർക്കാരിന്റെയും ജനങ്ങ

ളുടെയും സമയോചിതമായ ഇടപെടലുകളിലൂടെ ഈ അവസ്ഥ ഒലിവാക്കാമായിരുന്ന ഒന്നായിരുന്നു. എന്നാൽ ഇതേ സഹകരണ സംഘത്തിൽ നിന്നും ഒന്നര കിലോ മീറ്റർ മാത്രം അകലെ സ്ഥിതിചെയ്യുന്ന മറ്റൊരു എസ്.സി.ബി. ആയ 4041 ഈ പഞ്ചായത്തിലെ സമ്പദ് വ്യവസ്ഥയെ ഒരു പരിധി വരെ സ്വാധീനിക്കുന്ന സഹകരണസംഘമായി വളർന്നിരിക്കുന്നു. രാമങ്കരി 1-2 വാർഡുകളിൽ, ഈ അവസ്ഥയിൽ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ രൂപീകരണം നടക്കാത്തതല്ല മറിച്ച് അവയെ ജനങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിക്കാത്തതാണ് കാരണം എന്നു കാണാവുന്നതാണ്. എന്നിരുന്നാലും പഞ്ചായത്തിലെ സഹകരണസംഘങ്ങളെ മുഴുവൻ സംയോജിപ്പിച്ചുകൊണ്ട് ഒരു സഹകരണ സംഘത്തിന് സാധ്യതയുണ്ട്.

നമ്മുടെ പ്രധാന ഉത്പന്നമായ നെല്ല് വിളവെടുപ്പ് സമയത്ത് പുറമേ നിന്നുള്ള മോഡേൺ റൈസ് മില്ലുകൾ കുറഞ്ഞ വിലയ്ക്ക് കൂടിയ അളവിൽ വാങ്ങിക്കൊണ്ടു പോകാറുണ്ട്. കർഷകരെ നിരുൽസാഹപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. ഇങ്ങനെ ഇവിടെയുള്ള നെല്ല് പഞ്ചായത്തിനു പുറത്തു കൊണ്ടുപോകാതെ സംസ്ക്കരിച്ച് അരിയാക്കി മാറ്റുന്നതിന് സഹകരണ അടിസ്ഥാനത്തിൽ മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ഉള്ളതായി കാണുന്നു. ഇതിൽ നിന്നുള്ള ഉപോൽപ്പന്നങ്ങളായ തവിട് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് നിർമ്മിക്കുകയും ഉമി ഇന്ധനാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. എസ്.സി.ബി. യിൽ നിന്നുള്ള ധനസഹായം ഇത്തരം പദ്ധതികൾക്ക് ലഭിക്കുന്നതാണ്. കൂടാതെ അപ്പെക്സ് സംഘങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതാണ്. ഇപ്പോൾ മറ്റു സംഘങ്ങൾക്ക് അപ്പെക്സ് സംഘങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന വായ്പയുടെ തോത് വർദ്ധിപ്പിച്ചു നൽകണം.

രാമങ്കരി പഞ്ചായത്തിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നത് 4041- ാം നമ്പർ സഹകരണ സംഘം ആണ്. ഈ സംഘത്തെ ഒരു മാതൃകയായി സ്വീകരിച്ച് അതിന്റെ പ്രവർത്തനത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ നമുക്ക് ആദ്യം കാണാൻ സാധിക്കുന്നത് സംഘത്തിന്റെ പ്രവർത്തന മേഖലയുടെ പ്രത്യേകതയാണ്. 13-12-1956 ൽ ആരംഭിച്ച ഈ സൊസൈറ്റി രൂപീകരിച്ചത് കെ.സി. ജോസഫ്, ചൂരക്കുറ്റി പാപ്പൂച്ചൻ, കൃഷ്ണപിള്ള സാർ മുതലായവരായിരുന്നു. ആദ്യ സഹകാരികളിൽ രാമങ്കരിയിലെ തന്നെ 1515 സംഘത്തിലെ അംഗങ്ങളും കൂടെ ഈ സംഘത്തിന്റെ ഉത്ഭവത്തിൽ പങ്കെടുത്തിരുന്നു. പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ സ്ഥിതി മനസ്സിലാക്കുന്നതിന് അവയെപ്പറ്റി വിശദമായി പഠിക്കേണ്ടതുണ്ട്.

സഹകരണ സംഘങ്ങൾ പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാരങ്ങൾ

ഊരുക്കരി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1239.

രാമങ്കരി പഞ്ചായത്തിലെ ഏഴാം വാർഡിൽ കർഷക ർ ചേർന്ന് രൂപവൽക്കരിച്ചതാണ് ഈ സഹകരണ സംഘം കാർഷിക രംഗത്തേക്കുള്ള വായ്പാ പ്രവർത്തനത്തിനും വിളയുടെ ശേഖരണത്തിനു മൊക്കെ മുൻതൂക്കം നൽകി 10-11-1101 ൽ (1925) ആണ് ഈ സഹകരണ സംഘത്തിന്റെ ആരംഭം. അംഗീകൃത ഓഹരി മൂലധനം രണ്ടു ലക്ഷം രൂപ ഉള്ള ഈ സഹകരണ സംഘ

ത്തിൽ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 99120 രൂപയും ഒരു ഓഹരിയുടെ വില 10 രൂപയുമാണ് ഈ സഹകരണസംഘത്തിൽ സർക്കാർ ഉടമസ്ഥതയിൽ 2200 രൂപയുടെ 220 ഷെയറുകളുണ്ട്. ഈ പഞ്ചായത്തിലെ എന്നല്ല. കുട്ടനാട്ടിലെ പഴക്കം ചെന്ന സഹകരണ സ്ഥാപനമാണിത്. സഹകരണ രംഗത്തെ ഈ കാരണവർക്ക് 70 വർഷം തികഞ്ഞിരിക്കുകയാണ്. ഇപ്പോൾ 1007 അംഗങ്ങളാണ് ഈ സഹകരണ സംഘത്തിലുള്ളത്. സ്വന്തമായുള്ള കെട്ടിടത്തിൽ സംഘം പ്രവർത്തിക്കുന്നു.

ക്രെഡിറ്റ് മേഖലയിലാണ് ഇപ്പോൾ ഈ സംഘംനിലകൊള്ളുന്നത്. കാർഷികാവശ്യങ്ങൾക്കാവശ്യമുള്ള വിത്ത്, വളം, കീടനാശിനികൾ എന്നിവ മൊത്തമായി വാങ്ങിച്ച് അത് ചില്ലറയായി, അമിത ലാഭം ഈടാക്കാതെ അംഗങ്ങൾക്ക് നൽകുകയും കാർഷികാവശ്യങ്ങൾക്കുള്ള വായ്പകൾ നൽകുകയും ചെയ്യുന്നു. പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാരായ അംഗങ്ങൾക്ക് വായ്പ നൽകുകയും ചെയ്തുവരുന്നു. ഇത്തരം ബാങ്കിംഗ് പ്രവർത്തനത്തിലൂടെ സ്ഥിരനിക്ഷേപയിനത്തിൽ 50335 രൂപയും ഹ്രസ്വകാല നിക്ഷേപമായി 30500 രൂപയും ലഭിച്ചിട്ടുണ്ട്. വായ്പ പ്രവർത്തനത്തിൽ കാർഷിക വായ്പയിനത്തിൽ 617729 കൊടുക്കുകയും ജില്ലാ സഹകരണ ബാങ്കിൽ നിന്നും 674300 രൂപ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഈ സഹകരണ സംഘം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് വായ്പ വാങ്ങിയ ആളുകൾ അവ വേണ്ട സമയത്ത് തിരിച്ചടക്കുന്നില്ല എന്നുള്ളതാണ്. അത് മാത്രവുമല്ല വായ്പ വാങ്ങുന്നവർ അവ ശരിയായ രീതിയിൽ വിനിയോഗിക്കാതെ മറ്റ് മേഖലകളിലേക്ക് വിനിയോഗിക്കുന്നത് തടയേണ്ടതാണ്. ഇങ്ങനെ വായ്പയായി വാങ്ങുന്നതുക തിരിച്ചടയ്ക്കാത്തതിനാൽ സഹകരണ സംഘത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ വരെ നടക്കാനാവാത്ത അവസ്ഥയിൽ എത്തിച്ചേരും എന്നതിനാൽ കടം തിരിച്ചടയ്ക്കേണ്ടതാണ്.

മണലാടി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1515.

മലയാള മാസം 1102-ൽ സ്ഥാപിതമായ ഈ സഹകരണ സംഘം ആദ്യം വിവിധോദ്ദേശ സഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഈ സഹകരണ സംഘം ആദ്യം നാളികേരം ശേഖരിക്കുകയും ലേലം നടത്തുകയും ചെയ്യുന്നതായിരുന്നു. പ്രവർത്തനം. എന്നാൽ അതിനു ശേഷം 1973 ആയപ്പോൾ ഈ സഹകരണ സംഘം സർവ്വീസ് സഹകരണ സംഘം ആകുകയും ന്യായ വില ഷോപ്പ് തുടങ്ങുകയും, കൃഷി വായ്പ, വിത്ത്, വളം എന്നിവ നൽകുകയും ചിട്ടി തുടങ്ങുകയും ചെയ്തു. ആദ്യമായ മിച്ച ഭൂമിക്കാർക്ക് കാർഷിക വായ്പ നൽകിയത് ഈ സഹകരണ സംഘമാണ്.

കേരഫെഡിനു വേണ്ടി കൊപ്രാ സംഭരണം നടത്തി വന്നിരുന്നത് ഈ സഹകരണ സംഘം ആണ്. രാമങ്കരി പഞ്ചായത്തിലെ മാത്രമല്ല കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കൊപ്രാ സംഭരിക്കുന്നതിനുള്ള കേര ഫെഡിന്റെ ഏജൻറാണ് ഈ സഹകരണ സംഘം. രാമങ്കരിയിൽ വിജയകരമായി കൊപ്രാ സംഭരണം നടത്തി വന്നിരുന്ന സംഘം ഇപ്പോൾ ആ പ്രവർത്തനത്തിൽ നഷ്ടം നേരിട്ട അവസ്ഥയിലാണ്. ക്രെഡിറ്റ് സൊസൈറ്റി എന്ന നിലയിലും ലാഭകരമായി പ്രവർത്തിച്ചു വന്നിരുന്ന ഈ സംഘം നിക്ഷേപകർക്ക് പണം

തിരികെ നൽകുന്നതിനു പോലും സാധിക്കാത്ത അവസ്ഥയിലാണെന്നത്രേ പറയപ്പെടുന്നത്. ഭരണ സമിതിയുടെ അനാസ്ഥ മൂലം ഈ സംഘം ഏതാണ്ട് മൃതാവസ്ഥയിൽ എത്തി നിൽക്കുകയും അഡ്മിനിസ്ട്രേറ്റർ ഭരിക്കുന്ന അവസ്ഥയിലുമാണ്. എങ്കിലും പുതിയ ഭരണ സമിതിയിലേക്ക് ഉടനെ തിരഞ്ഞെടുപ്പ് നടത്തുകയും പുതിയ ഭരണ സമിതി അധികാരമേൽക്കുകയും ചെയ്യുമ്പോൾ ഈ ദുരവസ്ഥ മാറും എന്ന് പ്രത്യാശിക്കുന്നു.

രാമങ്കരി സർവ്വീസ് സഹകരണസംഘം
ക്ലിപ്തം നമ്പർ 4041.

രാമങ്കരി പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന സംഘമാണിത്. ഈ പഞ്ചായത്തിന്റെ ക്രെഡിറ്റ് മേഖലയിൽ ഈ സ്ഥാപനം നിലനിൽക്കുന്നു. 3850 അംഗങ്ങളുള്ള ഈ സംഘം ഇന്ന് രാമങ്കരി പഞ്ചായത്തിലെ മാത്രമല്ല ആലപ്പുഴ ജില്ലയിലെതന്നെ പ്രമുഖ സഹകരണ സംഘങ്ങളിൽ ഒന്നാണ്.

കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്നവനാണ് ഇന്ത്യൻ കർകർ എന്നുള്ള വാചകത്തെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള ജീവിതമായിരുന്നു ഇന്നാട്ടിലെ കർഷകരുടേത്. ഇങ്ങനെയുള്ള ജീവിതത്തിൽ അവർക്കല്ലാം ആശ്വാസം നൽകുന്നതിനായി 1956-ൽ രാമങ്കരിയിലെ ജനങ്ങൾ പ്രധാനമായും കർഷകർ യോഗം ചേരുകയും കെ.സി. ജോസഫ്, ചൂരക്കുറ്റി പാപ്പൂച്ചൻ, കൃഷ്ണപിള്ള സാർ മുതലായവരുടെ നേതൃത്വത്തിൽ സഹകരണ സംഘം സ്ഥാപിക്കുകയും ചെയ്തു. ഇത് 1956-ഡിസംബർ 13-ാം തീയതി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. തുടർന്നിങ്ങോട്ട് ഈ സംഘം നാടിന്റെ കാർഷിക- കാർഷികേതര വികസനത്തിൽ നെടുനായകത്വം വഹിക്കുകയും ചെയ്തുപോരുന്നു.

ഈ സംഘത്തിന്റെ മുഖ്യ പ്രവർത്തനം ബാങ്കിംഗ് ആയതിനാൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ വളരെയധികം ലാഭത്തിൽ പ്രവർത്തിക്കുന്നു. ഗോൾഡ് ലോൺ നൽകുന്നതിലൂടെ ബാങ്കിംഗ് പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നു. ബാങ്കിംഗ് പ്രവർത്തനത്തിലൂടെ സ്ഥിരനിക്ഷേപമായി 66 ലക്ഷം രൂപയും ഹ്രസ്വ നിക്ഷേപമായി 32 ലക്ഷം രൂപയും ബാങ്കിന് ലഭിച്ചിട്ടുണ്ട്.

സംഘത്തിന്റെ വായ്പാ പ്രവർത്തനത്തിൽ പ്രമുഖമായത് കാർഷിക വായ്പാ പ്രവർത്തനമാണ്. കൃഷിയിറക്കാൻ അമിത പലിശയ്ക്ക് കടം വാങ്ങി അത് തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടിയിരുന്ന കർഷകർക്ക് വലിയ ആശ്വാസമാണ് സംഘത്തിന്റെ പ്രവർത്തന ശൈലി. കാർഷിക വായ്പാ ഇനത്തിൽ സംഘം ഇപ്പോൾ 16.5 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. വായ്പ കൊടുക്കുന്ന കാര്യത്തിൽ സംഘം കാണിക്കുന്ന കാര്യക്ഷമത തിരിച്ചടക്കുന്ന കാര്യത്തിൽ കർഷകർ കാട്ടുന്നില്ല. 3.42 ലക്ഷം രൂപ കാർഷിക വായ്പാ ഇനത്തിൽ ഈ ബാങ്കിന് കാർഷിക വായ്പ കുടിശ്ശികയായി കിട്ടാനുണ്ട്. മത്സ്യ കൃഷിക്ക് വായ്പ നൽകിയ ഇനത്തിൽ കർഷകർ വായ്പ തിരിച്ചടക്കാത്തത് വളരെ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്.

കർഷകർക്കാവശ്യമായ വളം, വിത്ത്, വിഷം, നീറ്റുകക്ക മുതലായവ വാങ്ങി ചെറിയ ഒരു ലാഭം മാത്രം എടുത്ത് കർഷകർക്ക് വിൽക്കുന്നതും സംഘത്തിന്റെ പ്രവർത്തന മേഖലയിൽപ്പെടുന്നു.

ജനങ്ങളെ കച്ചവടക്കാരുടെ ചൂക്ഷണത്തിൽ നിന്നും രക്ഷിക്കാനുള്ള ശ്രമമെന്ന നിസയിൽ സംഘം കൺസ്യൂമർ സ്റ്റോർ ആരംഭിച്ചു. ഇടക്കാലത്ത് ഇതിന് രണ്ട് ശാഖകൾ തുറക്കുകയും 75000 ത്തോളം രൂപ ഒറ്റ വർഷം ലാഭം ഉണ്ടാക്കുകയും ചെയ്തു. പുതിയ കൺസ്യൂമർ സ്റ്റോക്കുകൾക്ക് ലാഭകരമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു എന്നുള്ളത് വേദനകരമാണ്. ഓണച്ചന്ത നടത്തുന്നതിലൂടെ ജനങ്ങൾക്ക് മിതമായ നിരക്കിൽ പലചരക്കുകളും, പച്ചക്കറികളും ഈ സഹരകണ സംഘം ലഭ്യമാക്കുന്നു. നാടിന്റെ സർവ്വോന്മുഖമായ വികസനത്തിന് ഈ സംഘം ഇത്തരം കൺസ്യമർ സ്റ്റോറുകൾ തുറക്കുന്നത് ജനങ്ങളുടെ നല്ല ജീവിതത്തിനാവശ്യമാണ്.

സഹകരണ സംഘങ്ങളും പ്രശ്നങ്ങളും പ്രതിവിധികളും

ക്ഷീര വ്യവസായ സഹകരണ സംഘം

രാമങ്കരിയിൽ ആദ്യമായി രൂപീകൃതമായക്ഷീര വ്യവസായ സംഘമാണിത് പ്രധാനമായും പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിലെ ക്ഷീര ഉത്പാദകരും പൊതുജനങ്ങളും ചേർന്നാണ് ഈ സംഘം രൂപീപകിച്ചത്. ഇത് രാമങ്കരിയിൽ പ്രവർത്തിച്ചു വരുന്നു. ആദ്യകാലങ്ങളിൽ 10 രൂപാ മുടക്കുന്ന ആർക്കും മെമ്പർ ഷിപ്പ് ലഭിച്ചിരുന്നു. ഇന്ന് ആ സ്ഥിതി മാറ്റി 500 ലിറ്റർ പാൽ അളക്കുന്ന വർക്ക് മാത്രമേ മെമ്പർ ഷിപ്പ് ലഭിക്കുന്നുള്ളൂ. ഇപ്പോൾ 540 മെമ്പർ മാരാണ് ഈ സംഘത്തിലുള്ളത്. ഈ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു വനിതാ വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റ് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി എങ്കിലും ശരിയായ അർത്ഥത്തിലുള്ള ഒരു വ്യവസായ യൂണിറ്റായി തീരുന്നതിന് ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. വേണ്ടത്ര ആധുനിക ഉപകരണങ്ങളും മുതൽ മുടക്കും ഈ മേഖലയിൽ ആവശ്യമാണ്.

ഈ സഹകരണ സംഘം ശരാശരി 8.50 പൈസ ഉല്പാദകർക്ക് നൽകി പാൽ വാങ്ങുകയും ശരാശരി 10 രൂപയ്ക്കാണ് ഈ സംഘം വിതരണം ചെയ്യുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന ലാഭത്തിൽ നിന്നും കർഷകനെ സഹായിക്കുന്നതിനായി ഏകദേശം 11 രൂപ/കെ.ജി. കർഷകർക്ക് സബ്സിഡി റേയ്റ്റിൽ കാലിത്തീറ്റ നൽകുന്നു. സ്വകാര്യ സംഘംങ്ങളുടെ കിട മൽസരം മൂലം ഇവിടെ പാൽ നൽകുന്ന ആൾക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. 2 മാസങ്ങൾക്കു മുമ്പുവരെ ശരാശരി 300 ലിറ്റർ പാൽ ദിനം പ്രതി അളന്നു കൊണ്ടിരുന്ന ഈ സംഘത്തിൽ ഇപ്പോൾ ശരാശരി 150 ലി. പാലാണ് പ്രതിദിനം അളക്കുന്നത്. പാലുല്പാദത്തിന്റെ കുറവ് ഈ അവസ്ഥയ്ക്കു കാരണമാണ്. ദിനം തോറും ശരാശരി 90 ലി. പാൽ മിൽമക്ക് ഈ സംഘം നൽകുന്നുണ്ട്.

ശരിയായ നിലയിലുള്ള ഒരു ഭരണ സമിതിയുടെ നിയന്ത്രണത്തിൽ ഈ സംഘം പ്രവർത്തിക്കുന്നു. അതിനാൽ ഈ സംഘം നഷ്ടത്തിലേക്ക്

വഴുതി വീഴാതെ നിലനിന്നു പോകുന്നു. രണ്ടു സ്ത്രീകളും ഒരു പുരുഷനും ഉൾപ്പടെ മൂന്നു ജീവനക്കാർ ഈ സംഘത്തിൽ ജീവനക്കാരായുണ്ട്. ഒരുവൻ മുതൽ മുടക്കു നടത്തി ആധുനിക രീതിയിലുള്ള പാൽ പായ്ക്കിംഗ് മെഷീൻ, ഫ്രീസർ മുതലായവ വാങ്ങിക്കേണ്ടതാണ്. പാലിൽ നിന്നും ഉണ്ടാക്കോണ്ട ഉല്പന്നങ്ങളായ ചോക്ലേറ്റ്, പനിനീർ കൊണ്ടുണ്ടാക്കുന്ന കട്ലേറ്റ്, അച്ചാർ മുതലായ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തതിന് അവയുടെ ഉല്പാദനം നിർത്തി വച്ചിരിക്കുകയാണിപ്പോൾ.

ക്ഷീര വ്യവസായ സഹകരണ സംഘം
APCOS A/165D

30-6-'88 ൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണസംഘം ഇപ്പോൾ ലാഭകരമായ രീതിയിൽ പ്രവർത്തനം നടക്കുന്നു. 21-10-'88 ൽ ഊരിക്കരിയിലെ ജനങ്ങൾ ചേർന്ന് മൂലധനം സ്വരൂപിച്ച് രൂപീകരിച്ചതാണ് ഈ സഹകരണ സംഘം. 275 അംഗങ്ങളുള്ള ഈ സംഘം സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പ്രതിദിനം ശാരാശരി 180 ലി. പാൽ അളക്കുന്ന ഈ സംഘത്തിൽ നിന്നും ദൈനം ദിനം 150 ലി. പാൽ മിൽമയ്ക്ക് നൽകുന്നു. 1 ലി. പാലിന് 8.60 രൂപയ്ക്ക് വാങ്ങി 11 രൂപയ്ക്ക് വിൽക്കുന്നു. ഒരു സെക്രട്ടറി അടക്കം 3 ആൾക്കാർ ഇവിടെ ജോലി ചെയ്യുന്നു. ഒരു സെക്രട്ടറി, ഒരു ക്ലർക്ക്, ഒരു ടെസ്റ്റർ എന്നിവരാണ് ഇവിടെ ജോലി ചെയ്യുന്നത്. ഈ സംഘത്തിൽ ഒരു ലി. പാലിന് 8.65 രൂപയ്ക്ക് വാങ്ങി 10 രൂപയ്ക്ക് വിൽക്കുന്നു. ഒരു വനിതാ വ്യവസായ യൂണിറ്റ് ഈ സഹകരണ സംഘത്തോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിൽ നാല് വനിതകൾ ജോലി ചെയ്യുന്നു. ഇവർ ചോക്ലേറ്റ്, കട്ലറ്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ഉണ്ടാ[illegible] ങ്ങൾക്ക് ആവശ്യമായ വിപണി കണ്ടെത്തുന്നതിന് കഴിയാത്തതിനാൽ ഇത്തരത്തിലുള്ള ഉല്പാദനം നിർത്തിവെച്ച് മിഠായി പോലെ ചെറിയതും വിറ്റഴിക്കാൻ എളുപ്പമുള്ളതും ആയ ഉല്പന്നങ്ങളാണ് ഉണ്ടാകുന്നത്. 128000 രൂപയുടെ സ്ഥാവര സ്വത്തുള്ള ഈ സംഘത്തിന്റെ സ്വന്തമായുള്ള കെട്ടിടത്തിന്റെ കോമ്പൗണ്ട് ഇപ്പോഴും മതിൽ കെട്ടി തിരിച്ചിട്ടില്ല. ഗതാഗതത്തിനുള്ള സൗകര്യക്കുറവ് പാൽ വിതരണത്തിൽ ഒരു പരിധിവരെ കുറവ് വരുത്തുന്നുണ്ട്. പാൽ വിതരണത്തിനും മറ്റുമായി ഒരു വാഹനം ഇവർക്കാവശ്യമാണ്.

രാമങ്കരി പഞ്ചായത്ത് പട്ടിജാതി പട്ടിക വർഗ്ഗ സർവ്വീസ് സഹകരണസംഘം എ./ 802.

1978 ൽ ആണ് ഈ സംഘം പ്രവർത്തന സംഘം ആരംഭിക്കുന്നത്. രാമങ്കരി പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അവരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള സഹകരണ സംഘമാണിത്. ആരംഭത്തിൽത്തന്നെ 100 മെമ്പറുമ്മാരുമാരുമായാണ് ഇതാരംഭിച്ചത്. സർക്കാരിൽ നിന്നും മെമ്പർഷിപ്പിനായി പത്തുരൂപയുടെ ഷെയറൊന്നിന് 8 1/2 സർക്കാർ ഗ്രാൻറ് നൽകി മെമ്പറന്മാരെ സഹായിച്ചിട്ടുണ്ട്. ആരംഭത്തിൽ നല്ലരീതിയിലുള്ള പ്രകടനം ഈ സംഘം കാഴ്ചവെച്ചിട്ടുണ്ട്. ഒരു ട്രില്ലറും 7 സ്പെയറുകളും ഈ സംഘത്തിനുനു സ്വന്തമായുണ്ട്. എന്നാൽ ഇന്ന് ട്രില്ലർ സംഘത്തിനില്ല.. ഇപ്പോൾ ഫലപ്രദമായ നല്ലരീതിയിലുള്ള മാനേജ്മെൻറിന്റെ അഭാവത്തിൽ സ്ഘം കാര്യമായിയാതൊരു പുരോഗതിയും ഇല്ലാത്ത അവസ്ഥയിലാണ്.

കെ.സി.റ്റി. മോഡലിൽ ബസ് സർവീസ് നടത്തുന്നതിനും നടത്തുന്നതിനും സംഘത്തിന് ആഗ്രഹമുണ്ട്. വർഷങ്ങളായി സംഘത്തിൽ

ആഡിറ്റിംഗ് നടന്നിട്ടില്ല. പൊതുയോഗവും നടത്തേണ്ടതാണ്. സർക്കാരിന്റെറയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെയും ജനങ്ങളുടേയും ഇടപെടൽ ഈ സംഘത്തിൽ അനിവാര്യമാണ്,

രാമങ്കരി മെക്കാനിക്കൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ എസ്./എ. 24

രാമങ്കരി പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ഈ സഹകരണസംഘത്തിന്റെറ ഓഡിറ്റിംഗ് സഹകരണ സംഘം ഓഡിറ്ററാണ് നടത്തുന്നത്. ഈ സംഘത്തിന്റെറ രജിസ്ട്രേഷൻ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടുകിടക്കുന്നു- ഭരണ നിർവ്വണം അഡ്മിനിസ്ട്രഷൻ നടത്തുന്നതും വ്യവസായ വകുപ്പാണ്. അതുകൊണ്ട് ഓഡിറ്റിംഗ് നടത്തുന്ന സഹകരണ വകുപ്പ് എന്തെങ്കിലും പിശക് കണ്ടുപിടിക്കുകയാണെങ്കിൽ അത് അഡ്മിനിസ്ട്രേഷൻ വിഭാഗത്തെ അറിയിച്ച് വേണ്ട നടപടികൾ ചെയ്യുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഗവൺമെൻറ് ഇത്തരം സംഘങ്ങളുടെ പൂർണ്ണമായ ചുമതല സഹകരണ വകുപ്പിനെ ഏൽപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഈ പ്രശ്നം കൊണ്ടു തന്നെ ഈ സംഘം നമ്മുടെ പഞ്ചായത്തിൽ വിജയകരമായി പ്രവർത്തിക്കുന്നില്ല.

സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഈ പഞ്ചായത്തിൽ രണ്ട് സ്ക്കൂൾ സഹകരണസംഘങ്ങൾക്ക് ഉണ്ട്. അവ രാമങ്കരി ലും രാമങ്കരി ലും സ്ഥിതിചെയ്യുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ വയും ഇവിടെ ലഭിക്കുന്നു. ഇതിനോടനുബന്ധിച്ചു ടീച്ചേഴ്സിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള ക്രെഡിറ്റ് സംഘങ്ങളും തുടങ്ങേണ്ടതാവശ്യമാണ്.

പുതിയതായി രൂപീകരിക്കേണ്ട സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യത്തിനുള്ള സഹകരണ പ്രസ്ഥാനങ്ങൾ പുതിയതായി രൂപീകരിക്കേണ്ടതുണ്ട്.

ഹോളോബ്രിക്സ് ഫാക്ടറി

ഇത് റോഡുമാർഗ്ഗവും ജലമാർഗ്ഗവും ഗതാഗത സൗകര്യമുള്ള സ്ഥലമായ 4-ാം വാൽഡിൽ നിർമ്മിക്കേണ്ടതാണ്. 5-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു പട്ടിക ജാതി പട്ടിക വർഗ്ഗ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്കായി ഒരു സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ മോഡേൺ റൈസ് മില്ലും അതിനോടനുബന്ധിച്ച് കാലിത്തീറ്റ മുതലായ സാധനങ്ങൾ ഉണ്ടാക്കുന്ന സഹകരണ സംഘവും ഉണ്ടാകേണ്ടതാണ്.

ടെയ്ലേഴ്സ് സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിൽ തയ്യൽ പഠിച്ചിട്ടുള്ള യുവതീ യുവാക്കൾ അനവധിയുണ്ട് അവൾ നഗരങ്ങളിലുള്ള സ്വകാര്യ തയ്യൽ കടകളിൽ മെച്ചമല്ലാത്ത വേതനത്തിൽ പണി ചെയ്യേണ്ടി വരുന്നു. ഈ അവസ്ഥ ഒഴിവാക്കുന്നതിനും അത്തരത്തിലുള്ളവർക്ക് സാമ്പത്തിക ഉന്നമനം സാദ്ധ്യമാക്കുന്നതിനും വേണ്ടി സ്ത്രീകൾക്ക് പ്രാതിനിദ്ധ്യംനൽ

കിക്കൊണ്ട് റെഡിമേയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

പാരലൽ കോളേജ് സ്റ്റുഡൻസ് സഹകരണ സംഘം

കുട്ടനാട്ടിൽ ഏറ്റവും അധികം പാരൽ കോളേജുകൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്നത് രാമങ്കരിയിലാണ്. ഇവയെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സഹകരണ സംഘം ഉണ്ടാക്കേണ്ടതാണ്. ഇവിടെ ബുക്ക് ബയൻറിംഗ് മുതലായ ജോലികൾ അംഗങ്ങളായ കുട്ടികൾ തന്നെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നടത്തുന്നതിലൂടെ പഠനത്തിനുള്ള പണം നേടുന്നതിന് കഴിയുന്നു. ഇതേ സിസ്റ്റം തന്നെ സ്ക്കൂൾ സൊസൈറ്റികളിലും ഉപയോഗിക്കാവുന്നതാണ്.

ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പഞ്ചായത്തിലെ ജനങ്ങൾക്ക് വീടു വയ്ക്കുന്നതിനായി ലോൺ തരപ്പെടുത്തുന്നതിന് ഇപ്പോൾ മറ്റൊരു താലൂക്കിൽ പോകേണ്ട അവസ്ഥയാണുള്ളത് അതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഹൗസിംഗ് സഹകരണ സംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

മത്സ്യോല്പാദക സഹകരണ സംഘം

മത്സ്യ കൃഷി സുഗമമായി നടത്തുന്നതിന് ആവശ്യമായ പൊള്ളകൾ നാട്ടിൽ ധാരാളമുണ്ട്. ഓരാ വ്യക്തികൾക്കും പൊള്ളകൾ വൃത്തിയാക്കി മത്സ്യകൃഷി നടത്തുന്നതിനുള്ള സാമ്പത്തും സാഹചര്യവും ഉണ്ടാവുകയില്ല. ഈ സാഹചര്യത്തിൽ നാട്ടിൽ മത്സ്യ കൃഷി നടത്തുന്നവരേയും ഇതിനോട് താല്പര്യമുള്ളവരേയും സംയോജിപ്പിച്ചുകൊണ്ട് മുതൽ സ്വരൂപിച്ചുകൊണ്ട്. സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

ഫർണിച്ചർ നിർമ്മാണ സഹകരണസംഘം

കാർപ്പൻററി രംഗത്ത് പണിയെടുക്കുന്നവരും ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരുമായ ആൾക്കാർ പഞ്ചായത്തിലുണ്ടെങ്കിലും അവർ സീസൺ കാലങ്ങളിൽ മാത്രം ചെയ്തു തീർക്കാൻ സാധിക്കാത്ത രീതിയിൽ പണി ധാരാളം ലഭിക്കുകയും എന്നാൽ അതിനു ശേഷം പണിയില്ലാത്ത അവസ്ഥയുമാണിന്നുള്ളത്. ഈ മേഖലയിൽ സഹ സംഘം ഉണ്ടാക്കി ഇത്തരം അവസ്ഥകൾ പരിഹരിക്കുകയും ഇവിടെയുള്ള ഈ മേഖലയിൽ പണിയുന്നവർ മറ്റു സ്ഥലങ്ങളിലേയ്ക്ക് പോകുന്നത് തടയാവുന്നതുമാണ്.

പുതിയതരം സഹകരണ സംഘങ്ങളുടെ ഉത്ഭവം ശരിയായ മാനേജ്മെൻറു കളുടെ ഇടപെടലും കൊണ്ട് ഒരു പരിധിവരെ സഹകരണരംഗത്തെ പ്രശ്നങ്ങൾ ഒഴാവാക്കാം. സഹകരണ രംഗത്തെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സഹകരണ സംഘങ്ങളിലെ ഭരണ നിർവ്വഹണം ശരിയായ രീതിയിൽ നടത്തുന്നതിനായി ഭരണ സമതിയംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് സഹകരണ പരിശീലനം നൽകേണ്ടതാണ്.

2. സഹകരണരംഗത്ത് ഇന്ന് കണ്ടു വരുന്ന തരത്തിലുള്ള കക്ഷി രാഷ്ട്രീയം ഒഴിവാക്കേണ്ടതാണ്.

3. ലേബർ കോൺട്രാക്ട് സൊസൈറ്റകൾ, ശരിയായ രീതിയിൽ സഹകരണ പരീശീലനം നൽകി -സഹകരണം എന്നാൽ എന്താണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കത്തക്ക രീതിയിൽ- രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സഹായം ചെയ്യേ

ണ്ടതാണ്.

4. സംഘങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന ആഡിറ്റ് സമ്പ്രദായങ്ങളിൽ സോഷ്യൽ ആഡിറ്റിംഗും ഉൾപ്പെടുത്തി കണക്കുകൾ സുതാര്യമാക്കേണ്ടതാണ്.

5. പല സൊസൈറ്റി (സഹകരണ സംഘം) ജനറൽ ബോഡികൾ കൂടാറില്ലാത്തതും കുടുന്നത് വെറും പ്രവസനം ആയി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയും ഇപ്പോൾ നിലനിന്നു പോരുന്നുണ്ട്. ഈ അവസ്ഥകൾ മാറ്റിയും ജനറൽ ബോഡികൾ ശരിയായ അർത്ഥത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

6. ഈ പഞ്ചായത്തിലെ ചില സഹകരണ സംഘങ്ങളിൽ ചിലതിൽ വർഷങ്ങളായി ജനറൽ ബോഡികൾ ചേരാറില്ല അത്തരം സംഘങ്ങൾ. ഇത്തരം സംഘങ്ങളിൽ അടിയന്തിരമായി പൊതുജനങ്ങളുടെയും ഗവൺമെൻറിൻെറയും ഇടപെടൽ ആവശ്യമാണ്.

7. എല്ലാ സഹകരണ സ്ഥാപനങ്ങളും സഹകരണസംഘം രജിസ്ട്രാറുടെ ഭരണത്തിൻ കീഴിൽ വരേണ്ടതാണ്.

8. നൽകുന്ന വായ്പകൾ ഏത് കാര്യത്തിനാണോ നൽകുന്നത് അതിനായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

9. ആഡിറ്റിംഗ് ഒരു ചടങ്ങാക്കി മാറ്റാതെ ഫലപ്രദമായ ഒരു അഴിമതി നിയന്ത്രണ ഉപാധിയാക്കേണ്ടതാണ്.

10. നിലവിലുള്ള നിയമങ്ങളുടെ ദുർവിനിയോഗം തടയുക.

11. കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

12. ബാങ്കിൽ ഡിപ്പോസിറ്റുള്ളവർക്ക് ഡിപ്പോസിറ്റിൻെറ അടിസ്ഥാനത്തിൽ വായ്പനൽകുക.

13. കോഴിവളർത്തൽ കേന്ദ്രം സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും അവിടെ മുട്ട ശേഖരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

14. കൃഷിക്കാവശ്യമുള്ള ഉപകരണങ്ങളുടെ വില്പന ബന്ധപ്പെട്ട സംഘംങ്ങൾ നടത്തുക.

15. ക്ഷീര സംഘങ്ങൾപോലെയുള്ളവിടങ്ങളിൽ സാങ്കേതിക നവീകരണം നടപ്പാക്കുക.

16. പാലുല്പാദകർക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇത്തരം ഉല്പാദകരുടെ മേൽനോട്ടത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലി വളർത്തൽ കേന്ദ്രം സ്ഥാപിക്കുക.

17. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് പ്ലാനുകൾ തയ്യാറാക്കുക.

18. തൊഴിൽ പരിശീലനം നൽകി ആൾക്കാരെ പ്രാപ്തരാക്കുകയും വായ്പാ പ്രവർത്തനങ്ങളിലൂടെ അവർക്ക് ജീവിത മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യുക.

19. ഫാമിംഗ് സഹകരണ സംഘങ്ങളും ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളും രൂപീകരിക്കുക. ഇതിൻെറ ഭരണ സമിതി എപ്പോഴും കർഷകർ മാത്രമായിരിക്കുകയും വേണം.

20. എസ്.സി./എസ്.റ്റി. സഹകരണസംഘങ്ങളിലെ സെക്രട്ടറി യെ നിയമിക്കുന്നതിനുള്ള

അധികാരം പി.എസ്.സി. യെ ഏല്പിക്കുകയും അതിന്റെ സെക്രട്ടറി പട്ടികജാതി ക്കാരനായിരിക്കുകയും വേണം.

21. കോ-ഓപ്പറേറ്റീവ് മാനേജ്മെൻറ് സമ്പ്രദായങ്ങളിൽ വനിതകൾക്ക് പ്രാതിനിദ്ധ്യം നൽകുക.

22. ഭൂ പണയ ബാങ്ക് എന്ന പേരിലറിയപ്പെടുന്ന കാർഷിക വികസന ബാങ്ക് ആലപ്പുഴയിലാണ് സ്ഥിതിചെയ്യുന്നത്. തന്മൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട് അതൊഴിവാക്കുന്നതിനായി പ്രസ്തുത ബാങ്കിന്റെ ബ്രാഞ്ച് രാമങ്കരിയിൽ സ്ഥാപിക്കേണ്ടതാണ്.

23. സഹകരണ സംഘങ്ങളിലെ നിക്ഷേപ സമാഹരണം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

24. ഡി.സി.ബി. കളുടെ ബ്രാഞ്ചുകൾ സ്ഥാപിച്ച് ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തുക.

പട്ടിക -1
ക്രെഡിറ്റ് സംഘങ്ങൾ

പേര്	നമ്പർ	സ്ഥാപിച്ച വർഷം പ്രവർത്തനം ആരംഭിച്ച തീയതി	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭം/ നഷ്ടം
1 ഊരിക്കരി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1239	1239	10.11.1101	1007	3	2 ലക്ഷം 99120 പിരിഞ്ഞുകിട്ടിയത്	1377305.6	
2 മണലാടി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം	155	1926 1102					
3 രാമങ്കരി സർവ്വീസ് സഹകരണ സംഘം	4041	13.12.56	3580	7	6.93 ലക്ഷം	6.257 കോടി	ലാഭം

അവലംബം-വാർഷിക റിപ്പോർട്ട് സ്മരണിക, അഭിമുഖം, അംഗങ്ങളിൽ നിന്നും ശേഖരിച്ച വിവരം

നാരായണ സ്വാമി അയ്യർ ആദ്യപ്രസിഡൻറ്

ഫീലിപ്പോസ് മാത്യു ആദ്യ സെക്രട്ടറി



വിഭവ സമാഹരണം

ഒരു നാടിന്റെ വികസന പ്രവർത്തനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമാണ് വിഭവ സമാഹരണം. പഞ്ചായത്തുകൾ സ്വാശ്രയമാകുന്നതിന് ശ്രമിക്കുന്ന ഈ കാലത്ത് 9-ാം പദ്ധതി ജനകീയ പദ്ധതി ആയിരിക്കുമ്പോൾ, ഇതുവരെ നാം തയ്യാറാക്കിയ വികസന റിപ്പോർട്ടുകൾ അവയുടെ ശരിയായ അർത്ഥത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള വിഭവം നാം കണ്ടെത്തേണ്ടത് അനിവാര്യമാണ്. ഈ വിഭവ സമാഹരണത്തിന്റെയുംകൂടി അടിസ്ഥാനത്തിലാണ് വികസന പ്രവർത്തനം നടപ്പിലാക്കേണ്ടത് എന്നുള്ളതിനാൽ ഗൗരവകരമായ സമീപനമാണ് ഈ വിഷയത്തോട് നാം കൈക്കൊള്ളേണ്ടത്.

രാമങ്കരി പഞ്ചായത്തിൽ ഇന്ന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് കാർഷിക മേഖലയിൽ നിന്നാണ്. ഇതിൽ സിംഹഭാഗവും നെൽകൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. നെൽകൃഷിയും അതിനോടനുബന്ധിച്ച് തെങ്ങുകൃഷിയും നടത്തുന്ന കർഷകർ ഇവിടെയുണ്ട്. എന്നാൽ തെങ്ങ് മാത്രം ഒരു കൃഷിയായി കണക്കാക്കി ജീവിക്കുന്ന കാർഷിക സമൂഹം ഇവിടെ വിരളമാണ്. സ്ഥലപരിമിതിയാണ് ഇതിനു കാരണം. ചെളി നിറഞ്ഞ പ്രദേശമായ ഇവിടെ നെൽകൃഷി മാത്രമാണ് ശരിയായി ചെയ്യാൻ സാധിക്കുകയുള്ളു.

ഈ പഞ്ചായത്ത് കുട്ടനാടിന്റെ ഭാഗമായത് കൊണ്ടുതന്നെ ഏറ്റവുമധികം ലഭിക്കുന്നതും പ്രാധാന്യം അർഹിക്കുന്നതുമായ വിഭവം ജലമാണ്. ഇതിനെ പരമാവധി ഉന്നമനത്തിനായി ഉപയോഗിക്കേണ്ടതാണ്. ഉദാഹരണമായി മത്സ്യകൃഷി നമുക്ക് ധാരാളമായി ചെയ്യുന്നതിന് സാധിക്കുന്നതാണ്. അതിനുവേണ്ടി ഉപയോഗിക്കാവുന്ന പൊള്ളകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. എന്നാൽ നെല്പാടങ്ങളിൽ ഒരു പൂ കൃഷി

ക്ക് ശേഷമുള്ള കാലയളവ് മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

ഏറ്റവുമധികമായി ലഭിക്കുന്ന കാർഷിക വിളയായ നെല്ല് അരിയാക്കി മാറ്റുന്നതിനുള്ള സംസ്കാരണ പ്രക്രിയ നടത്തി മൊത്തമായി വില്ക്കുന്നതിലൂടെ ലാഭം നേടാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുകയും അത് കടമുറികൾ നിർമ്മിച്ച് വാടക വസൂലാക്കുന്നതിലൂടെ ഒരു വിഭവമായ പണം നേടാൻ കഴിയുന്നതാണ്.

ജലം കഴിഞ്ഞാൽ നമുക്ക് ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിഭവമാണ് നെല്ല്. ഇത് ഒരു അൺഫിനിഷ്ഡ് പ്രോഡക്ടാണ്. ഇത് ഫിനിഷ്ഡ് പ്രോഡക്ട് ആക്കുകയും ബാക്കി വരുന്ന സാധനങ്ങളായ വൈക്കോൽ, ഉമി, തവിട് എന്നിവകൊണ്ട് കാർഡ് ബോർഡ്, കാലിത്തീറ്റ എന്നിവ ഉത്പാദിപ്പിക്കുകയും ചെയ്യാവുന്നതാണ്.

മറ്റ് പഞ്ചായത്തുകളെപ്പോലെ തന്നെ ഈ പഞ്ചായത്തിന്റെയും പ്രധാനവരുമാന മാർഗ്ഗം നികുതികളാണ്. നികുതികൾക്ക് പുറമേ കടത്ത്, ലേലം മുതലായ കാര്യങ്ങളിൽ നിന്നും വരുമാനം ഉണ്ടാകാറുണ്ട്. പക്ഷേ ഇത്തരം കാര്യങ്ങൾ കൊണ്ടു മാത്രം ചിലവുകൾ എല്ലാം നടത്തുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. സർക്കാർ ഗ്രാന്റ് അത്യാവശ്യമായി വർദ്ധിപ്പിക്കേണ്ട സ്ഥിതിയാണ് ഇന്നിവിടെയുള്ളത്. പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ ചിലവുകൾ പരിശോധിക്കുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് കണ്ടിജൻസി എന്നീ ചിലവുകൾ വർദ്ധിച്ചിരിക്കുന്നതായികാണാം. എങ്കിലും ഇത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സ്വാഭാവികമായി ഉണ്ടാകുന്നവയാണ് എന്നുള്ളതിനാൽ അവയ്ക്കനുസൃതമായി പുതിയ നികുതികൾ ഉൾപ്പെടുത്തേണ്ടതാണ് തന്നെയുമല്ല പഞ്ചായത്തിരാജ് നിയമത്തിൽ പഞ്ചായത്തുകൾക്ക് നല്കിയിരിക്കുന്ന പുതിയ തരം നികുതി അധികാരങ്ങൾ അനുസരിച്ച് പുതിയ നികുതികൾ ഉൾപ്പെടുത്താവുന്നതാണ്. മാത്രവുമല്ല ചില നികുതികൾ കർശനമായി പിരിക്കുന്നതിനും ഇപ്പോഴുള്ളതിൽ ചില നികുതികൾ വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതകളുണ്ട്.

നാട്ടിലെ ജനങ്ങളിൽ നിന്നും സംഭാവനകൾ പിരിച്ചെടുത്ത് വികനസപ്രവർത്തനങ്ങൾ നടത്താവുന്നതാണ്. അധികം പണമുള്ള ജനങ്ങൾ കുറവാണ് എങ്കിലും ജനങ്ങളുടെ സഹകരണം തെളിയിച്ചിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്.

നാൽപ്പതു വർഷങ്ങൾക്ക് മുൻപ് നമ്മുടെ പഞ്ചായത്തിലെ ആറാം വാർഡിൽ പരുത്തിപറമ്പിൽ ശ്രീ. ഗോപിദാസിന്റെ വിടിനു മുൻവശത്തുനിന്നും ആരംഭിക്കുന്ന നാട്ടുതോട്ടിൽ നിന്നും ഒറ്റ രാത്രി കൊണ്ട് 700 മീറ്റർ നീളത്തിൽ 6 മീറ്റർ വിതിയിൽ ഒരു തോട് അന്നാട്ടിലെ ജനങ്ങൾ നിർമ്മിക്കുകയുണ്ടായി. ആതോടെ ജനങ്ങളുടെ അന്നത്തെ ഗതാഗതത്തിന് ഒഴിച്ചുകൂടാനാവാത്തതായിരുന്നു എന്നുള്ള കാര്യം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുള്ള മനോഭാവം ജനങ്ങളിൽ നിലനിന്നിരുന്നു എന്നും , ആ മനോഭാവം ഇന്നും ജനങ്ങൾക്കിടയിൽ നിന്നും പോയിട്ടില്ല എന്നും മനസ്സിലാക്കാവുന്നതാണ്.

സന്നദ്ധപ്രവർത്തനത്തിലൂടെ ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താമെന്ന് കാണാവുന്നതാണ്. ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മൂന്ന് ക്ലബുകൾ ഉണ്ട്. രജിസ്റ്റർ ചെയ്യാത്തമറ്റ് അഞ്ച് ക്ലബുകളും നിലനിന്നു പോരുന്നുണ്ട്. ഈ ക്ലബ്കൾക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് (വെയിറ്റിംഗ് ഷെഡുകൾ , മുതലായവ

കൾ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാൻറുകൾ ലഭിക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ഗ്രാൻറുകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

സന്നദ്ധ പ്രവർത്തനങ്ങളും, സാക്ഷരതാ പ്രവർത്തനവും ജനവിദ്യാ കേന്ദ്രം നടത്തിയ ശുചീകരണ പ്രവർത്തനവുമൊക്കെ സന്നദ്ധ പ്രവർത്തനം നടത്തുന്നതിന് ഇന്നാട്ടിലെ യുവജനങ്ങൾ സന്നദ്ധരാണെന്ന് തെളിയിക്കുന്നു.നവംബർ 1പുനരർപ്പണദിനത്തിൽ എ.സി. റോഡിൽ നിന്നും പള്ളിറോഡിൽ ഉദ്ദേശം 500 മീറ്റർ കുണ്ടും കുഴിയുമായിക്കിടന്നത് മണ്ണിട്ട് ഉയർത്തി ഇതിൽ 60 പേർ പങ്കെടുത്തു സാക്ഷരതാ പ്രവർത്തനത്തിൽ പങ്കാളികളായ ഇന്നാട്ടിലെ യുവജനങ്ങൾ സമ്പത്തിനേക്കാളുപരി സേവനത്തിന് പ്രാധാന്യം നൽകി പ്രവർത്തിച്ച് അത് വൻ വിജയമാക്കിത്തീർത്ത് അവരുടെ ആത്മാർത്ഥതയും സന്നദ്ധതയും തെളിയിച്ചിട്ടുള്ളകാര്യം നമുക്കറിവുള്ളതാണല്ലോ. അതിൽ നിന്നും സേവന പ്രവർത്തനങ്ങൾക്ക് സന്നദ്ധർ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ മൂന്നാംവാർഡിൽ മാമ്പുഴക്കരിയിൽ എ.സി. റോഡിൽ നിന്ന് വടക്കോട്ട് കോയിക്കൽ മുക്ക് വരെ ഒരു ചെമ്മൺ പാതയും 17000 രൂപ ചിലവുള്ള കാർട്ടബിൾ ബ്രിഡ്ജും ജനങ്ങളുടെ സന്നദ്ധതയാൽ നിർമ്മിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മൂന്നാം വാർഡിലെ ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 50,000/- രൂപയും ആവാർഡിലെ ജനങ്ങൾ എന്ന വിഭവവും ചേർന്നാണ് ഈ റോഡ് നിർമ്മാണം ഭംഗിയായി പൂർത്തിയാക്കുന്നതിന് സാധിച്ചത്. മനുഷ്യാധ്വാനം നല്ലരീതിയിൽ ഉപയോഗിക്കുന്നതിന് ഇതിൻെറ സംഘാടകർക്ക് കഴിഞ്ഞു. നാളിതുവരെ ഉണ്ടായിരുന്ന റോഡ് പോലുള്ള വികസന പ്രർത്തനം കോൺട്രാക്ടർക്കോ നോമിനിക്കോ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ എന്നുള്ള ധാരണ തിരുത്തേണ്ടതാണ്. പകരം ഒരു വാർഡിലെ ജനങ്ങളെ ത്തന്നെ പ്രാദേശിക വികസന പ്രവർത്തനങ്ങൾ ഏല്പിക്കാം എന്ന് സംശയലേശമന്യേ പറയാവുന്നതാണ്.

കേരളത്തിലെ മറ്റു പഞ്ചായത്തുകളെപ്പോലെ തന്നെ ഈ പഞ്ചായത്തിനേറയും പ്രധാന വരുമാന മാർഗ്ഗം നികുതികളാണ്. നകുതികൾക്ക് പുറമേ കടത്ത് ലേലം മുതലായ രംഗങ്ങളിൽ നിന്നും വരുമാനമുണ്ടാകാറുണ്ട്. പക്ഷേ ഇത്തരം കാര്യങ്ങൾ കൊണ്ടുമാത്രം ചിലവുകൾ എല്ലാം നടത്തുന്നതിന് പഞ്ചായത്തിന് സാധിക്കുകയില്ല. സർക്കാർഗ്രാൻറ് അത്യാവശ്യ വർദ്ധിപ്പിക്കേണ്ട സ്ഥിതിയാണ് ഇന്ന്. പഞ്ചായത്തിൻെറ കഴിഞ്ഞ പത്തുവർഷത്തെ ചിലവുകൾ പരിശോധിച്ചപ്പോൾ എസ്റ്റാബ്ലിഷ്മെൻറും കണ്ടിജൻസി ചിലവുകളും വർദ്ധിച്ചിരിക്കുന്നതായി കാണാം എങ്കിലും അത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സ്വാ ഭാവികമായുണ്ടാകുന്നവയാണ് എന്നുള്ളതിനാൽ അവയ്ക്കനുസൃതമായി വരുമാനത്തിന് പുതിയ നികുതികൾ ഉൾപ്പെടുത്തേണ്ടതാണ്.

പുതിയ നികുതികൾ

1. ഇലക്ട്രോണിക് ജനറേറ്റർ

2. കേബിൾ ടി.വി.

3. അന്തർദേശീയ കമ്പനികളുടെ ഹോർഡിംഗ്സുകൾക്ക് പുതിയ പരസ്യ നിരക്ക്.

നിർദ്ദേശങ്ങൾ

1. ചെത്തു തെങ്ങുകൾക്കുള്ള വൃക്ഷകരം പഞ്ചായത്തിന് ലഭ്യമാക്കണം.

2. സ്വകാര്യ ആശുപത്രി, പാരലൽ കോളേജുകൾ ഇവകൾക്ക് നികുതി.

3. ടാക്സി-ഓട്ടോ ഇവകൾക്ക്നാമമാത്ര നികുതി.

4. സ്വകാര്യ പ്രിൻറിംഗ് പ്രസ്സുകൾക്ക് നികുതി.

കർശനമായി പിരിക്കേണ്ടവകൾ

1. പരസ്യ നികുതി

2. വിനോദ നികുതി

3. വസ്തുകൈമാറ്റ നികുതി

ചിലവിനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് ശമ്പളയിനങ്ങളാണ്. അതിനോടൊപ്പം നിൽക്കുന്ന മറ്റൊരു ചിലവിനമാണ് പൊതുമരാമത്ത് പണികൾ. മൊത്തം ചിലവിൽ പൊതുമരാമത്തിൻെറ ചിലവ് അധികരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. കുട്ടനാട്ടിലെ റോഡുകൾ നിർമ്മിക്കുമ്പോൾ കലുങ്കുകൾ, മുട്ടുകൾ, പാലങ്ങൾ കൂടുതൽ പണിയേണ്ടിവരുന്നതിനാൽ മരാമത്ത് ചിലവുകൾ കൂടുന്നു.

നോമിനികളായിരുന്നു സാധാരണയായി പഞ്ചായത്തിൻെറ ജോലികൾ ചെയ്തിരുന്നത്. എന്നാൽ മൂന്നാം വാർഡിൽ ജനങ്ങൾ തന്നെ റോഡ് പണിയുകയുണ്ടായതുപോലെ മറ്റ് വാർഡുകളിലും ചെയ്യാവുന്നതാണ്. പഞ്ചായത്ത് സാംസ്കാരിക നിലയ നിർമ്മാണം പോലെയുള്ള ജോലികൾ ചെയ്യുന്നത് തിരഞ്ഞെടുത്ത സമതികളാണ്. ഇത് ഒരു നല്ല സമീപനമാണ്. സോഷ്യൽ ആഡിറ്റ് സമ്പ്രദായവും കൂടി നടപ്പാക്കുന്ന പക്ഷം നല്ലനിലയിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിൻെറ ഭാഗമായി സ്ഥായിയായ വരുമാനം നേരിട്ട് ലഭിക്കുന്നതിനുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം മാത്രമാണ് നടന്നിട്ടുള്ളത്. ഈ പഞ്ചായത്തിൽ 12ന് വർഷത്തിനിടയ്ക്ക് നടന്നിട്ടുള്ള ശ്രദ്ധേയമായ പ്രവർത്തനം ഇതാണ്. ആർ.ഡി.ബി. യിൽ നിന്നും വായ്പയെടുത്താണ് ഈ കോംപ്ലക്സിൻെറ നിർമ്മാണം നടത്തിയത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വായ്പയെടുത്ത് ഇതുപോലെയുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് ആവശ്യമുള്ള വായ്പ കണ്ടെത്തുന്നതിന് ഏജൻസികളുമായി ബന്ധപ്പെടേണ്ടതാണ്.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുമ്പോൾ ഇപ്പോൾ വച്ചു പുലർത്തുന്ന മാനദണ്ഡങ്ങളിൽ അയവ് വരുത്തേണ്ടതാണ്. വായ്പ ലഭിക്കുന്നതിലൂടെ മാത്രം പ്രശ്നങ്ങൾ ലഘൂകരിക്കുന്നില്ല. വായ്പകൾ ലക്ഷ്യം വിട്ട് ഉപയോഗിക്കാതിരിക്കുന്നതിലൂടെ പാഴ്ചിലവുകൾ ഒഴിവാക്കി അതും കൂടി വികസന പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് സാധിക്കുന്നതാണ്. പൊതു ഫണ്ടുകൾ രൂപീകരിക്കുകയും അവയിൽ നിന്നും ലഭിക്കുന്ന പണം അതാതു മേഖലയിൽ ശരിയായരീതിയിൽ വിനിയോഗിക്കുകയും അതിൻെറ കണക്കുകൾ സുതാര്യമായി കൈകാര്യം ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിൻെറ ധന സ്ഥിതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒഴിവാക്കാനാവാത്ത സ്ഥാനമാണ് ധനകാര്യ സ്ഥാപനങ്ങൾക്കുള്ളത്. പൊതുമേഖലയിലും, സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ഇവിടുണ്ട്. ജനങ്ങളുടെ നിത്യജീവിതത്തെത്തന്നെ സ്വാധീനി

ക്കുന്നതിനും അതിലൂടെ നാടിന്റെ മൊത്തം കാര്യങ്ങളേയും സ്വാധീനിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്കും സ്വകാര്യ പണമിടപാടുകൾ നടത്തുന്ന വ്യക്തികൾക്കും സാധിക്കുന്നുണ്ട്.

വാണിജ്യ ബാങ്കുകൾ

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ധനം പഞ്ചായത്തിനും സ്റ്റേറ്റിനും പുറത്തേക്ക് ഒഴുകുന്നത് ഇത്തരം ബാങ്കുകളിലൂടെയാണ്. ബാങ്കുകളിലെ പ്രവർത്തനവും മറ്റ്രീതികളും ബാങ്കുമായി ഇടപാടുകൾ നടത്തുന്നതിന് ജനങ്ങളിൽ ഉത്തേജനം സൃഷ്ടിക്കുന്ന തരത്തിലുള്ളതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാത്രമാണ് ദേശസാൽകൃത ബാങ്കായിട്ടുള്ളത്. ഈ ബാങ്കിൽ നിന്നും ലാഭം ഉറപ്പു നൽകുന്ന ലോണുകൾ മാത്രമാണ് നൽകുന്നത് ഇതിൽ നിന്നുംധനം ശേഖരിച്ച് വികസനം നടത്തുകയെന്നത് അത്ര പ്രായോഗികമല്ല.

കോ-ഓപ്പറേറ്റിവ് ബാങ്കുകൾ

ഈ പഞ്ചായത്തിൽ മൂന്നു ക്രെഡിറ്റ് സംഘങ്ങൾ നിലവിലുണ്ട്. അവ നമ്പർ 4041സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് രാമങ്കരി, ഊരിക്കരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് രാമങ്കരി 1515, എന്നിവയാണ്. ഇതിൽ 4041, ഊരിക്കരി സർവ്വീസ് സഹകരണസംഘം എന്നീ ബാങ്കുകൾ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നു. നല്ല രീതിയിലുള്ള ഭരണ സമിതിയും പ്രഫഷണൽ മാനേജ്മെൻറ് സമ്പ്രദായമാണ് ഇവിടെ രണ്ടിടത്തും ഉള്ളത്. എന്നാൽ 1515 ഇപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലാണുള്ളത്. ശരിയായ രീതിയിലുള്ള ഭരണം ഇല്ലാത്തതാണ് കാരണം. സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നവർക്ക് ബാങ്കുകളുമായി ഇടപാടുകൾ നടത്തുന്നതിന് പൊതുവേ മടിയുള്ളതായാണ് കാണുന്നത്. കാരണം സഹകരണ ബാങ്കുകളുടെ മേൽ ജനങ്ങൾക്കുള്ള വിശ്വാസ്യത കുറവാണ് എന്ന ധാരണയാണിതിനു കാരണം.

ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ 4 എണ്ണമാണ് അംഗീകൃതമായുള്ളത്. എന്നാൽ ഇതിന്റെ മൂന്നിരട്ടിയാണ് സ്വകാര്യ വ്യക്തികൾ നടത്തുന്ന വായ്പാ പ്രവർത്തനങ്ങൾ. വ്യക്തികൾ ചില കുടുംബങ്ങൾ എന്നിവരൊക്കെയാണ് നടത്തി വരുന്നത്. അംഗീകൃത സ്ഥാപനങ്ങളില്ലാത്തതിനാൽ പലിശ നിരക്കും നിബന്ധനകളും അവ്യക്തമാണ്. എങ്കിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കടം തിരിച്ചടവിൽ ഉയർന്ന % പലിശ മേടിക്കുന്നവരാണ് ഇക്കൂട്ടർ. ഇവരിൽ നിന്നും നാടിന്റെ വികസനത്തിന് പണം ലഭിക്കുന്നത് നടപ്പുള്ള കര്യമല്ല.

മനുഷ്യ വിഭവത്തിന്റെ കാര്യത്തിൽ സമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ വിദേശത്തേക്ക് പോയിരിക്കുന്ന ജനങ്ങൾ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. 1970- കളിലാണ് വിദേശത്തേക്ക് പോകുന്നതിനുള്ള ആരംഭം കുറിച്ചത്. തുടർന്നിങ്ങോട്ട് ഗൾഫിൽ പോകുന്നതിനുള്ള പ്രവണതയാണ് ജനങ്ങളിൽ കണ്ടുവരുന്നത്. അമേരിക്കപോലുള്ള പാശ്ചാത്യ രാജ്യങ്ങളിൽ പോയിരിക്കുന്ന ജനങ്ങളും വിരളമല്ല. എന്നാൽ ധാരാളം തുക ചിലവാക്കി ഗൾഫ് രാജ്യങ്ങളിലെത്തുന്ന ജനങ്ങളിൽ അധികം പേരും ടെക്നിക്കൽ സ്കിൽ ഇല്ലാത്തവരാണ്. വിദേശത്തുനിന്നും മട

ങ്ങി വരുന്ന ജനങ്ങൾ അവിദഗ്ദ്ധ മേഖലയിൽ പണിക്ക് പോകുകയോ മറ്റ് മേഖലകളുമായുള്ള അജ്ഞത നിമിത്തം പുതിയ മേഖലകളിലേക്ക് പണം മുടക്കുന്നതിനോ തയ്യാറാകുന്നില്ല. വീട് മോടിപിടിപ്പിക്കുക പുതിയവ നിർമ്മിക്കുക തുടങ്ങിയ പ്രത്യുല്പാദനപരമല്ലാത്ത ആഡംബര രംഗത്താണ് ഇക്കൂട്ടരിൽ ഭൂരിപക്ഷവും മുതൽ മുടക്കു നടത്തുന്നത്. ഗൾഫിൽ നിന്നും തിരികെ വരുന്ന സമയങ്ങളിൽ മാത്രം രാഷ്ട്രീയ, സാമുദായിക, സാമൂഹിക സംഘടനകൾക്ക് കൈയയച്ചു സംഭാവന ചെയ്യുന്നതായി കണ്ടുവരുന്നുണ്ട്.വിദേശ ഇന്ത്യാക്കാരുടെ പണം അയച്ചു തരുന്നത് സ്വരൂപിച്ച് പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളത് പൊതുവേ അപ്രായോഗികമായ കാര്യമാണെന്ന് കാണുന്നു. ആദ്യം സൂചിപ്പിച്ചതുപോലെ ഇത്തരക്കാരുടെ എണ്ണം പരിമിതമായതാണ് കാര്യം.

പ്രാദേശിക അടിസ്ഥാനത്തിൽ നമുക്ക് സ്കീമുകൾ ഉണ്ടാക്കുന്നതിന് സാധിക്കാതെ വരുന്നത് നമ്മുടെ പോരായ്മയാണ് എന്നു വിശ്വസിക്കുക വയ്യ. അതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ് എന്നുള്ളതാണ്ഇത്തരം പ്രശ്നങ്ങൾക്ക് കാരണം. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനതുറകളിൽ മുതൽ മുടക്കുന്നതിന് പ്രത്യേകം ഫണ്ടുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതും പഞ്ചായത്തിന്റെ വകയായി ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കി പ്രവർത്തനത്തിലൂടെ ധന വിനിമയത്തിൽ നഷ്ടം വരാതെ നോക്കാവുന്നതുമാണ്.

ഇപ്പോൾ പഞ്ചായത്തുകളുടെ അഡ്മിനിസ്ട്രറ്റീവ് സാങ്ഷൻ ലഭിക്കുന്നതിലൂടെ മാത്രം സ്കൂളുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകിവരുന്ന പണം പഞ്ചായത്തിനെ ഗവൺമെൻറ് നേരിട്ടേല്പിക്കുകയും അവ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂളുകൾക്ക് നൽകുന്നതിനുള്ള നിയമ നിർമ്മാണം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

മൊത്തത്തിൽ പരിശോധിക്കുമ്പോൾ മനുഷ്യന്റെ സന്നദ്ധത മാത്രമാണ് ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു വിഭവമായി ഈ പഞ്ചായത്തിലുള്ളത്. വിഭവങ്ങൾ കുറഞ്ഞ ഈ അവസ്ഥയിൽ നിന്നു കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഇവിടെ യുള്ള പഞ്ചായത്ത് പ്രശംസനീയമായ പ്രകടനമാണ് നടത്തിവരുന്നത്. പുതിയ വിഭവമേഖലകളെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

വിഭവസമാഹരണം എസ്റ്റാബ്ലീഷ്മെന്റ് ചെലവ്



GRANT
96–96



ഗ്രാന്റ് വിവരങ്ങൾ 95–96 ൽലഭിച്ചവ

വർഷം	VRM (Rs)	M1 (Rs)	VTC (Rs)	അടിസ്ഥാന നികുതി		Spl. Grant	JRY	Untied Fund	Total
				25%	75%				
95–96	29090	16750	2,39,949			34615		2,80,000	

എസ്റ്റാബ്ലീഷ്മെന്റ് ചിലവ് (ഗ്രാന്റ് ഉൾപ്പെടെ)



രാമങ്കരി ഗ്രാമപഞ്ചായത്ത്

95–96 ലെ വരവ്

1	കെട്ടിട നികുതി	120964.00
2	സർവ്വീസ് നികുതി	16793.05
3	തൊഴിൽ നികുതി	11945.00
4	വിനോദ നികുതി	4013.00
5	വിനോദനികുതിയിലുളള അധിക നികുതി	2650.00
6	കാഴ്ച നികുതി	456.00
7	കാഴ്ച നികുതിയിന്മേലുളള സർചാർജ്ജ്	00.00
8	ഷോപ്പിംഗ് സെന്റർ	49310
9	ലൈസൻസ് ഫീസ്	2828.00
10	വസ്തു കൈമാറ്റ നികുതി	28240.00
11.	E.M.D.	2250.00
12	S.D.	3615.00
13	കടത്ത്	8800.00
14	മറ്റു വരവ്	6904.55
15	ലൈബ്രറിസെസ്	6019.00
16	പലിശ	3269.70
	പഞ്ചായത്ത് ടാക്സ് & ഫീസ്	328058.25
	ഗവ. ഗ്രാന്റ്സ്	679767.00
	ആകെ വരവ്	1007825.25

രാമങ്കരി ഗ്രാമപഞ്ചായത്ത്

95–96 ലെ ചിലവ്

1	പ്രസിഡണ്ടിനും അംഗങ്ങൾക്കുമുള്ള സിറ്റിംഗ്ഫീസ്	43360.00
2	സെക്രട്ടറി–ശമ്പളം	43400.00
3	സെക്രട്ടറി – പെൻഷൻ	3557.00
4	സെക്രട്ടിറി –യാത്രാപ്പടി	2676.00
5	Staff ശമ്പളം	150447.00
6	Staff പെൻഷൻ	12971.00
7	Staff യാത്രാപ്പടി	1363.00
8	Office Contingencies	600.00
9	.....	43078.00
10	തപാൽ, ഫോൺ	8050.00
11	അച്ചടി	11083.00
12	തെരഞ്ഞെടുപ്പ് ചെലവ്	4513.00
13	നിയമസംബന്ധമായ ചെലവ്	5439.00
14	പലവകചെലവുകൾ (P.T.S)	12151.00
	”	1035.00
15	Collection Esta.	95184.00
16	റോഡു സംരക്ഷണം	16127.00
17	പാലങ്ങളും കലുങ്കുകളും	24749.00
18	ചെറുകിട ജലസേചനം	23156.00
19	സാക്ഷരത	2128.00
20	സ്കൂൾ ഉച്ചകഞ്ഞി	4377.00
21	പഞ്ചായത്തു ദിന ആഘോഷം	5714.00
22	ആശുപത്രി ചെലവ് (കണ്ടിജൻസി)	2624.00
23	കൊതുകു നിവാരണം	5000.00
24	എലി നശീകരണം	4970.00
25	സാമൂഹ്യക്ഷേമം	1760.00
26	അസാധാരണ ചെലവ് (ഷോപ്പിംഗ് ക്ലോംപ്ലക്സ് പണി)	62320.00
27	പൊതുമരാമത്ത്	19948.00
28	Untied Fund	164569.00
29	പാലങ്ങളും കലുങ്കുകളും	129487.00
30	U.T.F. വീട്, കോളനി.....	105200.00
31	Deposit	1295.00
32	വിനോദ നികുതി	11.00
33	കാഴ്ച നികുതി	7.00
		986881.00

വികസന മാർഗ്ഗരേഖ നിർമ്മാണത്തിനു പിന്നിൽ പ്രവർത്തിച്ചവർ

ആർ. രാജേന്ദ്രകുമാർ, റ്റി.ആർ. രാജ്മോഹൻ
ജോസഫ് ചേക്കോടൻ, പി.ജി. അശോക് കുമാർ
എൻ. ശ്രീകുമാർ, വാസപ്പൻ
എൻ.റ്റി .കുഞ്ഞുമോൻ, കുമാരി രേഖാ ഗോവിന്ദ്
കുമാരി സുമ, കുമാരി ബിനു
കിഷോർകുമാർ

കവർ

ഫോട്ടോ: വിഷ്വൽ കമ്മ്യൂണിക്കേഷൻസ്, രാമങ്കരി
മോഡൽ: അനന്തു വേഴപ്രാ

ലേഔട്ട് ഇലസ്ട്രേഷൻ & കവർ ഡിസൈൻ
സുധീർമോഹൻ, രാമങ്കരി

കംപ്യൂട്ടർ ടൈപ്പ് സെറ്റിംഗ്
രോഹിണി ഗ്രാഫിക്സ് ചങ്ങനാശ്ശേരി

പ്രിന്റിംഗ്
നാഷണൽ ഓഫ്സെറ്റ് പ്രിന്റേഴ്സ് തിരുവല്ല

National Offset Printers, Perumthuruthy, Thiruvalla